VII. നിയമനിർമ്മാണകാര്യം

2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ

(29-6-2004-ൽ ചർച്ചയാരംഭിച്ച ബില്ലിന്റെ തുടർ ചർച്ച)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ഇന്നലെ മൂന്ന് മണിക്കൂർ ചർച്ച നടത്തിയതിൽ നാല് അംഗങ്ങളാണ് സംസാരിച്ചത്. അത് വളരെ ലളിതമായ ഭാഷയിൽ പറഞ്ഞാൽ വളരെ ക്രൂവലാണ്. കാരണം പരമാവധി 4.00 p.m.] ആളുകളെ സംസാരിപ്പിക്കണം എന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് രണ്ട് ദിവസം ആറ് മണിക്കൂർ ചർച്ചയ്ക്ക് വച്ചത്. ആദ്യദിവസം മൂന്ന് മണിക്കൂറിൽ നാല് അംഗങ്ങൾ മാത്രം സംസാരിക്കുകയോ? അതിൽ ശ്രീ. എം. വി. ജയരാജൻ ഒരു മണിക്കൂർ, ഏഴ് മിനിറ്റ്, പത്ത് സെക്കന്റ് സംസാരിക്കാൻ എടുത്തു. ഇത് എത്ര ക്രൂവലാണ്. ഇങ്ങനെയൊക്കെ ചതിക്കാമോ? അതുകൊണ്ട് ഇന്ന് പത്ത് മിനിറ്റിനോ പതിനഞ്ചു മിനിറ്റിനോ അകത്ത് എല്ലാവരും പ്രസംഗം നിർത്തണം. ഒരു മണിക്കൂർ ഹൗസ് നടക്കുമ്പോൾ എത്ര രൂപയാണ് ചെലവാകുന്നതെന്നറിയാമോ? എന്തൊക്കെയാണ് പറഞ്ഞതെന്ന് ഞാൻ മുറിയിലിരുന്നു കേട്ടുകൊണ്ടിരിക്കുകയായിരുന്നു. സ്പീക്കർ ചെയറിൽ വന്നാൽ മാത്രമേ അനുസരിക്കുകയുള്ളു എന്ന ധാരണ ശരിയല്ല. അംഗങ്ങൾ അവരുടെ അന്തസ്സ് പാലിക്കണം. ചെയർ പറയുന്നത് അംഗീകരിക്കണം. പത്ത് പതിനഞ്ച് മിനിറ്റിൽ കൂടുതൽ ആരും എടുക്കരുത്. ഒരുപാട് ആളുകൾ സംസാരിക്കാനുണ്ട്. പ്രതിപക്ഷനേതാവ് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് എല്ലാവരും സഹകരിക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ നിയമം അനിവാര്യമായി വന്നതിന്റെ സാഹചര്യം എല്ലാവർക്കും അറിയാം. നിയമത്തെപ്പറ്റി ചർച്ച നടക്കുന്ന സമയത്ത് ഗവൺമെന്റിനെ ആക്ഷേപിച്ച് നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞു. ഇതിൽ എല്ലാവർക്കും അറിയാവുന്ന ഒരു സംഗതി, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിൽ യഥാർത്ഥത്തിൽ മറ്റൊന്നും ചെയ്യാൻ കഴിയില്ല എന്നുള്ളതാണ്. ഇതുമാത്രമെ ഇന്നത്തെ സാഹചര്യത്തിൽ ചെയ്യാൻ പറ്റൂ എന്ന് നമുക്ക് എല്ലാവർക്കും അറിയാവുന്ന യാഥാർത്ഥ്യമാണ്. ഇത് ആരും ഉണ്ടാക്കിയ പ്രശ്നമല്ല. ശ്രീ. മത്തായി ചാക്കോ ഇന്നലെ പ്രസംഗിക്കുന്ന സമയത്ത് പറഞ്ഞത് ഞാൻ കേട്ടു. മാറി മാറി വന്ന ജഡ്ജുമെന്റുകൾ ഉണ്ടാക്കിയ കൺഫ്യൂഷനാണ് ഇത്. അത് ആരും നിഷേധിച്ചിട്ട് കാര്യമില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രൊഫഷണൽ കോളേജുകളിലെ നിയമനങ്ങളെ സംബന്ധിച്ച് ഒരുകാലത്ത് നമ്മൾ ധരിച്ചിരുന്ന നിയമം എന്ന് പറയുന്നത് ഉണ്ണികൃഷ്ണൻ വേഴ്സസ് ഗവൺമെന്റ് ഓഫ് ആന്ധ്രാപ്രദേശ് എന്ന കേസായിരുന്നു. എനിക്ക് ഓർമ്മയുണ്ട്. ഉണ്ണികൃഷ്ണൻ കേസിന്റെ അടിസ്ഥാനത്തിൽ കോളേജ് നടത്താൻ പാടില്ല എന്നൊരു ആർഗ്യുമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ വളരെ ശക്തിയായി കൊണ്ടുവന്നു. ചില കാര്യങ്ങളിൽ വ്യത്യസ്തമായ അഭിപ്രായം ഞങ്ങൾ പുലർത്തി. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. ഒക്കെ വേണ്ടായെന്നു പറഞ്ഞു. സുപ്രീംകോടതി അത് ശരിവച്ചു, മാത്രമല്ല നല്ല അഭിപ്രായമാണ് കേസിൽ സുപ്രീംകോടതി പറഞ്ഞത്. പക്ഷേ ഉണ്ണികൃഷ്ണൻ കേസിന്റെ ജഡ്ജ്മെന്റ് കേട്ട് കുറേക്കാലം നടന്നപ്പോൾ എല്ലാവർക്കും ബോധ്യമായി ഇത് നടപ്പിലാക്കുന്നത് ശരിയല്ല എന്ന്. എല്ലാവരും ഒരു കാലത്ത് പറഞ്ഞു; ഉണ്ണികൃഷ്ണൻ കേസ് പ്രകാരമേ നടത്താൻ പറ്റൂ എന്ന്. 50 ശതമാനം മെറിറ്റ് എന്ന് പറഞ്ഞു. അവസാനം എന്തു സംഭവിച്ചു? ആ കേസിന്റെ വിധിതന്നെ ഉന്നത വിദ്യാഭ്യാസരംഗത്തെ കുഴപ്പത്തിലാക്കി കാരണം 50 ശതമാനം മെറിറ്റ് സീറ്റിൽ admission കിട്ടുന്ന കുട്ടികൾക്ക് ഫീസ് വേണ്ട. ബാക്കിയുള്ള കുട്ടികളെ സംബന്ധിച്ചിടത്തോളം One should bear the cost of two എന്നാണ്. അതിന്റെ ലോജിക്ക് എന്നു പറഞ്ഞാൽ സാധു കുട്ടികളാണ് സാധാരണ ബാക്കിയുള്ള 50 ശതമാനത്തിൽ വരിക. അവർ മറ്റവരുടെ പണംകൂടി വഹിക്കേണ്ടിവരും. അതു കൊണ്ട് എന്ത് സംഭവിച്ചു? ഉണ്ണികൃഷ്ണൻ കേസ് നടക്കുകയില്ല; പ്രാക്ടിക്കലല്ല എന്ന ചിന്ത വന്നു. അതിനുശേഷം കുറേക്കാലം കഴിഞ്ഞിട്ടാണ് കേസ് വേറെ വന്നത്. T.M.A. Pai Case-ന്റെ കാര്യത്തിൽ എന്താണ് സംഭവിച്ചത്? T.M.A. Pai Case-ൽ മാനേജുമെന്റിന് വളരെ സ്വാതന്ത്ര്യം കൊടുക്കുന്ന വിധത്തിൽ കുറേ പ്രശ്നങ്ങൾ വന്നു. യഥാർത്ഥത്തിൽ പ്രശ്നം മാനേജുമെന്റുകൾക്കും നമുക്കും ഉണ്ടായി. എനിക്ക് അതുപ്രകാരം ചെയ്യാൻ പറ്റുമായിരുന്നില്ല. അങ്ങനെ നിരവധി പെറ്റീഷൻ കോടതിയിൽ പോയി. T.M.A. Pai Case-ന്റെ ഇംപ്ലിക്കേഷന്റെ അടിസ്ഥാനത്തിൽ ഒരുപാട് കൂട്ടം പെറ്റിഷൻ വന്നു. ആ പെറ്റീഷന്റെ കൂട്ടത്തിൽ അവസാനം വന്ന ഒരു കേസാണ് ഇസ്ലാമിക് അക്കാദമി ഓഫ് എഡ്യൂക്കേഷൻ കേസ്. ഇസ്ലാമിക് അക്കാദമിയുടെ കേസ് വന്ന സമയത്ത് കോടതി അത് ഒന്നു കൂടി ക്ലാരിഫൈ ചെയ്തു. ആദ്യത്തെ T.M.A. Pai Case-ന്റെ കാര്യങ്ങൾ ഒന്നു കൂടി ഫയൽ ചെയ്തു. ഇസ്ലാമിക് ഫൗണ്ടേഷന്റെ കേസിന്റെ ജഡ്ജ്മെന്റിൽ സ്വകാര്യ കോളേജുകളുടെ അഡ്മിഷനെ സംബന്ധിച്ചുള്ള കാര്യത്തിൽ ഒരു കമ്മീഷനെ നിയമിക്കുമെന്നു പറഞ്ഞിരുന്നു. അതുപ്രകാരമുള്ള കെ. ടി. തോമസിന്റെ കമ്മീഷൻ റിപ്പോർട്ട് വന്നു. അതുവന്നപ്പോൾ ആകെ കുഴഞ്ഞു. ആ കമ്മീഷൻ റിപ്പോർട്ട് വന്നത് സത്യത്തിൽ അടിസ്ഥാനപരമായ ആ ജഡ്ജുമെന്റിന്റെ ഉള്ളിൽ നിന്നുകൊണ്ടല്ല, നമ്മൾ എല്ലാവരും ചർച്ച ചെയ്തു. കെ. ടി. തോമസ് റിപ്പോർട്ട് ആ ജഡ്ജുമെന്റിന്റെ സ്പിരിറ്റിൽ നിന്നുകൊണ്ടല്ല ഉണ്ടാക്കിയത്. ഒരു നിലയിലും കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ട് വച്ച് ഒരു സംസ്ഥാനത്തിന് വിദ്യാഭ്യാസം നടത്താൻ പറ്റുകയില്ല. കാര്യം എല്ലാവർക്കുമറിയാം. സർക്കാരിനും മെറിറ്റിൽ കിട്ടുന്നവനും ഒരേമാതിരി കാര്യങ്ങൾ, മാനേജുമെന്റിന് സ്വാതന്ത്ര്യമില്ല. മാനേജുമെന്റിനും നടത്താൻ കഴിയില്ല. സർക്കാരിനും നടത്താൻ കഴിയില്ല. ആകെ ബുദ്ധിമുട്ടായി. പിന്നെ എന്താണ് മാർഗ്ഗം? അതിൽ നിന്ന് തലയെടുക്കാൻ പറ്റുന്ന വിധത്തിൽ, രക്ഷപ്പെടാൻ പറ്റുന്നവിധത്തിൽ നമ്മൾ കൂടിയാലോചിച്ചിട്ട് ഒരു ഫോർമുല അന്ന് കണ്ടെത്തുക എന്നുള്ളതല്ലാതെ മറ്റ് പോംവഴിയില്ലായിരുന്നു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആദ്യംതന്നെ പറഞ്ഞ സംഗതിയാണ് രണ്ട് സ്വാശ്രയ കോളേജ് എന്നു പറഞ്ഞാൽ ഒരു ഗവൺമെന്റ് കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ എയ്ഡഡ് കോളേജ് എന്ന പ്രിൻസിപ്പിൾ. അതനുസരിച്ചുതന്നെയാണ് ഈ ബിൽ prepare ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ വലിയ വിവാദ മൊന്നുമില്ലാതെ അഭിപ്രായ സമന്വയത്തോടുകൂടി പാസ്സാക്കാൻ ശ്രമിക്കണം. അല്ലെങ്കിൽ ഇതുകൊണ്ടുണ്ടാകുന്ന പ്രശ്നം, ഇവിടെ നിങ്ങൾ കുറേ വാചകങ്ങൾ ഗവൺമെന്റിനെതിരെ പറഞ്ഞു. കേരളത്തിൽ സ്വകാര്യമേഖലയിൽ അൺ എയ്ഡഡ് College-കളിൽ 50 ശതമാനം മെറിറ്റ് സീറ്റ് എന്നു പറഞ്ഞുകൊണ്ട് കുറേ സ്ഥാപനങ്ങൾ വന്നിട്ടുണ്ടല്ലോ. അതുവഴി ഈ രാജ്യം രക്ഷപ്പെട്ടു പോകും. കാരണം ഈ നാടിന്റെ ഒരു പ്രത്യേകത നമുക്കെല്ലാവർക്കും അറിയാം. കഴിഞ്ഞ നൂറ്റാണ്ട് പോലെയല്ല ഈ നൂറ്റാണ്ട്. കഴിഞ്ഞ നൂറ്റാണ്ടിലെ എക്കോണമിയെ നിശ്ചയിച്ചിരുന്ന ഘടകം എന്ന് പറയുന്നത് ഒന്നുകിൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ, അല്ലെങ്കിൽ ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ അല്ലെങ്കിൽ നാച്ചുറൽ റിസോഴ്സസ് ആണ്. ഈ നൂറ്റാണ്ട് എന്നു പറയുന്നത് Knowledge based Economy ആണ്. ഈ നൂറ്റാണ്ടിനെ നയിക്കുന്നതുതന്നെ വിജ്ഞാനമാണ്. വിജ്ഞാനം നയിക്കപ്പെടുന്ന ഒരു നൂറ്റാണ്ടിൽ മറ്റ് ആരെക്കാളും മുമ്പിൽ ഓടിയെത്താനുള്ള കഴിവ് കേരളത്തിനുണ്ട്. കാരണം അത്രയ്ക്ക് നല്ല ചെറുപ്പക്കാർ കേരളത്തിലുണ്ട്. Knowledge നിയന്ത്രിക്കപ്പെടുന്ന ഒരു കാലഘട്ടം വന്ന സമയത്ത് ലോകത്ത് മറ്റേതൊരു രാജ്യങ്ങളുടെയും മുമ്പിൽ എത്താൻ പറ്റുന്ന സ്ഥിതിവിശേഷം കേരളത്തിന് വന്നിട്ടുണ്ട്. നമ്മുടെ കൈയിൽ പണമില്ലാത്തതുകൊണ്ട് അത് ഉപയോഗിക്കാതിരിക്കാൻ പറ്റില്ല. അത് ഉപയോഗിക്കാൻ പറ്റുന്നവിധത്തിൽ നമ്മൾ എന്തു ചെയ്യണം? നമ്മുടെ കൈയിലുള്ള ഈ മാൻപവർ, ട്രെയിൻഡ് സ്കിൽഡ് മാൻപവർ ഉപയോഗപ്പെടുത്തിയാൽ നമുക്ക് മുന്നോട്ട്പോകാൻ സാധിക്കും. ബാക്കി ഒന്നും ഇല്ലല്ലോ? അഗ്രിക്കൾച്ചറില്ല, ഇൻഡസ്ട്രിയൽ പ്രൊഡക്ഷനില്ല, മറ്റ് റിസോഴ്സസ്സും ഇല്ല. നമുക്ക് ചെയ്യാൻ പറ്റുന്ന ഏക കാര്യം ലോകത്ത് പല മാതൃകകളിൽ നമുക്ക് പറ്റിയ മാതൃക അംഗീകരിക്കുക എന്നുള്ളതാണ്. ചൈന എങ്ങനെയാണ് ലോകത്തിലെ മാർക്കറ്റിലേയ്ക്ക് പിടിച്ചുകയറിയത്? ജപ്പാൻകാരൻ ഓടിയില്ലേ? അമേരിക്കക്കാരൻ ഓടിയില്ലേ? കൊറിയക്കാരൻ പോയില്ലേ? തിരുവനന്തപുരം മാർക്കറ്റിൽ ചൈനക്കാരൻ എങ്ങനെ കയറിവന്നു? നിങ്ങളുടെ അലങ്കാര മുറിയിൽ എങ്ങനെ ചൈനക്കാരന്റെ പ്രൊഡക്ഷൻ വന്നു? ചൈനക്കാരൻ ചെയ്തത് എന്താണെന്നറിയുമോ? Scientific and Optimum Utilisation of Man power. അവരുടെ കൈയിൽ അതെയുള്ളു. മനുഷ്യനെ അവൻ ശരിക്കു ഉപയോഗിച്ചു. ആ മനുഷ്യനെ ഉപയോഗിച്ചിട്ട് അവർ ലോക മാർക്കറ്റിലേയ്ക്ക് കയറി. അവർക്ക് ലോക മാർക്കറ്റിൽ ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞെങ്കിൽ, trained man power, skilled man power ഇഷ്ടംപോലെയുള്ള നമ്മുടെ രാജ്യത്തെ ചെറുപ്പക്കാർക്ക് ലോകത്ത് എംപ്ലോയ്മെന്റ് മാർക്കറ്റിൽ ആധിപത്യം സ്ഥാപിക്കാൻ കഴിയണം. അതിനനുസരിച്ചുള്ള വിദ്യാഭ്യാസം കൊടുക്കാനുള്ള അവസരം ഉണ്ടെങ്കിൽ നമ്മുടെ കുട്ടികൾക്ക് ഓടി മുന്നോട്ട് എത്താൻ സാധിക്കും. ഈ ലോജിക്ക് മനസ്സിലാക്കാതെ നമ്മൾ പ്രശ്നം ചർച്ച ചെയ്തിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക തടസ്സമൊക്കെ ഉണ്ടാകും. ആ സാങ്കേതിക തടസ്സങ്ങൾ നമ്മൾ കൂട്ടായി നീക്കം ചെയ്യേണ്ട കാര്യമാണ്. എന്താണ് ഒരു controversy? ഇതിൽ controversy-യുടെ കാര്യമില്ല. ഇന്നത്തെ ചർച്ച കഴിഞ്ഞിട്ട് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുന്നതിനുമുമ്പ് പല പ്രശ്നങ്ങളും ഇവിടെ തന്നെ ചർച്ച ചെയ്തു തീർക്കാൻ കഴിയുമെന്നാണ് എന്റെ ധാരണ. 50 ശതമാനം സർക്കാർ സീറ്റിന്റെ കാര്യത്തിൽ ആർക്കും തർക്കം ഇല്ലല്ലോ? മാനേജുമെന്റ് സീറ്റിൽ admission നൽകുന്നതിനെ സംബന്ധിച്ച് ഇവിടെ ആർക്കും അഭിപ്രായ വ്യത്യാസത്തിന്റെ കാര്യമില്ലല്ലോ? മാനേജുമെന്റിന് സ്വന്തമായി ഇഷ്ടംപോലെ തീരുമാനിക്കാൻ പറ്റുമോ? മാനേജുമെന്റിന് College നടത്തിക്കൊണ്ടുപോകണം. കോളേജ് നടത്തിക്കൊണ്ടുപോകണമെങ്കിൽ അതിനുള്ള flexibility കൊടുക്കണ്ടേ? കുട്ടികളുടെ അഡ്മിഷന്റെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലും ഒരു flexibility കൊടുത്തില്ലെങ്കിൽ അവർ എങ്ങനെയാണ് നടത്തുക? ഇവിടെ പറയുന്നതു കേട്ടു ബാസൽ മിഷൻ വന്നതുമാതിരി, ആർണോസ് പാതിരി വന്നതുമാതിരി, ഗുണ്ടർട്ട് സായിപ്പ് വന്നതുമാതിരി എന്നൊക്കെ. അതൊക്കെ ഏത് കാലം? അവരൊക്കെ മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി വന്നതാണ്. എന്നാൽ ഇപ്പോൾ ഇത് നടത്താൻ ആരാണുള്ളത്. അവർക്ക് നടത്താൻ സാധിക്കണമെങ്കിൽ അവർക്ക് flexibility ഉണ്ടാകണം. ഇതിനെ സംബന്ധിച്ച് നോക്കുമ്പോൾ മാനേജ്മെന്റിന് ചില സ്വാതന്ത്ര്യങ്ങൾ നമ്മൾ കൊടുത്തേ പറ്റൂ. ചിലർ ചോദിക്കുന്ന ചോദ്യം, മാനേജ്മെന്റ് ഇഷ്ടംപോലെയൊക്കെ ഫീസ് ചുമത്തിയാൽ ഇവിടെ ലേലംവിളി ആകുകയില്ലേ എന്നാണ്. ഇല്ല. ആ സ്വാതന്ത്ര്യമാണ് കൊടുക്കേണ്ടത്. കാരണം കോളേജിന്റെ നിലനില്പെന്നുപറയുന്നത് അതിന്റെ ക്വാളിറ്റിയിൽ അധിഷ്ഠിതമാണ്. Infrastructure നല്ലതായാലും Academic Excellence തെളിയിക്കപ്പെടാത്ത കോളേജിൽ നൂറ് രൂപയ്ക്കുപകരം ആയിരം രൂപ ഫീസ് കൊടുക്കുന്നു. കുട്ടികളെ കിട്ടുമോ? കിട്ടില്ല. നല്ല സ്റ്റാന്റേർഡുള്ള കോളേജിൽ Academic Excellence ഉണ്ടെന്നു തെളിയിച്ചാൽ ഭൗതിക സൗകര്യം ഉണ്ടെങ്കിൽ പറയുന്നതിനേക്കാളേറെ ഫീസ് കൊടുത്ത് കുട്ടികൾ പോകും. അങ്ങനെ ഇഷ്ടംപോലെ മാനേജ്മെന്റ് ഫീസ് വാങ്ങിക്കുന്നു എന്നൊക്കെയല്ലേ പറയുന്നത്? College-ന്റെ നിലനിൽപ്പെന്നുപറയുന്നത് ക്വാളിറ്റിയാണ്. അതുകൊണ്ട് ശരിക്ക് വേണ്ടത് healthy competition വികസിപ്പിക്കുകയാണ്. വികസിപ്പിക്കണമെങ്കിൽ എന്ത് വേണം? നല്ല സ്റ്റാന്റേർഡുള്ള കോളേജ് ആയിരിക്കണം. ഉയർന്ന fees structure ആയിരിക്കണം. തോമസ് കമ്മീഷൻ പറഞ്ഞമാതിരി ഓരോ കോളേജിനും വ്യത്യസ്തമായ fees structure വേണം. എങ്കിൽ മാത്രമേ ആരോഗ്യപരമായിട്ടുള്ള ഒരു വളർച്ച ഉണ്ടാകുകയുള്ളൂ. അതാണ് ഇതിൽ അനിവാര്യമായി വേണ്ടത്. അത് എതിർക്കേണ്ട കാര്യമില്ല. അതിനനുസരിച്ച് ഫീസ് കൂട്ടിക്കൊള്ളട്ടെ. നല്ല സ്ഥാപനങ്ങളിൽ കുട്ടികൾ പോകുമല്ലോ. അല്ലാത്തിടത്ത് കുട്ടികൾ പോകുകയില്ല. ഇതാണ് ഇതിന്റെ സാരം അഥവാ logic എന്നു പറയുന്നത്. ചിലർ പറയുന്നത് കേട്ടിട്ടുണ്ട്. ഇങ്ങനെ അവരെ വിട്ടുകൂടാ. നമ്മൾ അവരെ പിടിക്കണം. ശരിയാണ്. അതൊക്കെ പറയാൻ എളുപ്പമാണ്. അതൊക്കെ സ്വാതന്ത്ര്യമായി അവർ നോക്കും. നിങ്ങൾ പോയി പണിനോക്ക് എന്നു പറയാനൊക്കുമോ? അങ്ങനെ ചെയ്താലുള്ള കുഴപ്പമെന്താണ്? ഈ പകുതി സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കിട്ടുമോ? നമുക്ക് ഇപ്പോൾ മാനേജ്മെന്റിനോട് ധൈര്യമായി ഒരു സമീപനമെടുക്കാം. ഇപ്പോൾ ഒന്നും ചെയ്യണ്ട. നിങ്ങൾ പറഞ്ഞാൽ ഞങ്ങൾ കേൾക്കും. ഞങ്ങൾ പറഞ്ഞ ഫീസിൽ അങ്ങ് പോകട്ടെ എന്ന് പറയുക. പക്ഷേ അങ്ങനെ പോകട്ടെന്നു പറഞ്ഞാൽ അവർ കേൾക്കുകയില്ല. സ്ഥാപനങ്ങൾ നടത്തിയെങ്കിൽ മാത്രമേ നമുക്ക് 50 ശതമാനം സീറ്റ് കിട്ടുകയുള്ളൂ. ഇപ്പോൾ സംഭവം നിങ്ങൾക്കൊക്കെ അറിയാമല്ലോ? ഇവിടെ എന്തായിരുന്നു സ്ഥിതി? കോടിക്കണക്കിന് രൂപ ഇവിടെനിന്ന് തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കും ഒഴുകുകയായിരുന്നില്ലേ? അവിടെയുള്ള കോളേജുകൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്? നിങ്ങൾ പത്രം നോക്കൂ. മലയാള പത്രത്തിൽ പരസ്യമുണ്ട്. കർണ്ണാടകക്കാരന്റെയും തമിഴ്നാട്ടുകാരന്റെയും പരസ്യം. No Capitation fee, no donation. നിങ്ങൾ ഇങ്ങോട്ട് വന്നാൽ മതി എന്നാണ്. പറയിച്ചില്ലേ? ഇനി ഇപ്പോൾ എന്താണ് സംഭവിക്കുക എന്ന് അറിയാമോ? അതിന് ഒരു പ്രായോഗിക സമീപനം നമ്മൾ എടുത്തിട്ടില്ലായെങ്കിൽ ഇവരൊക്കെ അങ്ങോട്ടുതന്നെ പോകും. ഇവിടെ വളർച്ച ഉണ്ടാകുകയില്ല. അവിടെ പഠിച്ച് ഡോക്ടറായിട്ട് ഇവിടെ വന്ന് പ്രാക്ടീസ് ചെയ്യും. അവിടെ പഠിച്ച എഞ്ചിനീയർമാർ ഇവിടെ വരുകയും ചെയ്യും. അതുകൊണ്ട് ഞാൻ പറയുന്ന ഒരു സംഗതി, ഈ നിയമത്തിനെ തലനാരിഴ കീറി പരിശോധിക്കുകയാണെങ്കിൽ നന്മ കണ്ടെത്താൻ സാധിക്കും. തിന്മയുണ്ടെങ്കിൽ നമുക്ക് തിരുത്താം. ഒന്നാമത്തെ സംഗതി എന്നു പറയുന്നത്, രണ്ട് എയിഡഡ് കോളേജ് ഒരു ഗവൺമെന്റ് കോളേജിന്റെ ഫലം ഉണ്ടാക്കുമെന്നത് തത്വത്തിൽ അംഗീകരിക്കുന്നു. രണ്ടാമത്തെ സംഗതി നിങ്ങൾ ആരും ശ്രദ്ധിച്ചിട്ടില്ല. Definition Clause 2-ഉം Clause 3-ഉം കൂട്ടിവായിച്ചാൽ നിങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയും. കാര്യമെന്താണെന്ന് അറിയാമോ? ഇതിൽ ഗവൺമെന്റ് ക്വാട്ടയിൽ ഒരാൾക്കും മായം ചേർക്കാൻ കഴിയുകയില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ് ഇന്നലെ ഇവിടെ ആരോ സൂചിപ്പിച്ചു; എഞ്ചിനീയറിംഗിനും മെഡിസിനും പോരാ എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും ബാധകമാക്കണം. എന്ന്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്, എല്ലാ കോളേജിലും എന്ത് വേണമെന്ന് അറിയാമോ? ഗവൺമെന്റ് ക്വാട്ടയിൽ ഒരു മാനേജർക്കും മായം ചേർക്കാൻ അവസരം ഇല്ലാത്ത വിധത്തിൽ അതിന്റെ loopholes മുഴുവൻ അടയ്ക്കണം. ഈ clause മതി. "Government Quota" means those seats against which the Commissioner for Entrance Examinations makes allotment for admission. അന്ന് തീരുമാനിച്ചു, അന്ന് കൊടുത്തു. ഇപ്പോൾ അവർ അത് എടുത്താൽ മതി. അതല്ലാതെ അവരോട് അത് തീരുമാനിക്കാൻ പറഞ്ഞാൽ അവർ മായം ചേർക്കും. നല്ല ക്ലോസ് ആണിത്. അതുപോലെ തന്നെ ഇതിൽ മറ്റൊരു സംഗതി വരുന്നത് Seats in the Government quota shall be filled up based on counselling by the Commissioner for Entrance Examinations on the basis of the ranks in the Common Entrance Examination conducted by him, following the principles of reservation as ordered by the Government from time to time. മതി. പക്ഷേ ഒരു കാര്യമുണ്ട്. അവർക്ക് വിട്ടുകൊടുക്കരുത്. നിങ്ങൾ ലിസ്റ്റ് ഉണ്ടാക്കിയിട്ട് ആളെ വിളിച്ചെടുത്തോ? അവരോട് അങ്ങനെ എടുക്കുവാൻ പറയണം. ബി.എഡ്. കോളേജിന്റെ കാര്യത്തിലും അങ്ങനെ വേണം. ഞാൻ ആരെയും കുറ്റം പറയുകയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവർക്ക് കിട്ടുന്ന കാട്ടയിൽ പിന്നെയും ഓരോ തിരിമറി അവിടെയുണ്ട്. അവിടെയാണ് അവർ കള്ളത്തരം ചെയ്യുന്നത്. സർക്കാരിന്റെ 50 ശതമാനം കാട്ട ഉണ്ടല്ലോ. അതിൽ ഒരു മാറ്റവും വരുത്താൻ സമ്മതിക്കരുത്. അതിൽ അവർക്ക് ശരിയായവിധത്തിൽ, മെറിറ്റിലെ കുട്ടികൾക്ക് മെറിറ്റിൽത്തന്നെ admission കിട്ടാൻ പറ്റുന്ന വിധത്തിലുള്ളതായിരിക്കണം. ഈ പറഞ്ഞ clause എം.ബി.എ., എം.സി.എ., എഞ്ചിനീയറിംഗ്, മെഡിസിൻ, പാരാ മെഡിക്കൽ തുടങ്ങി എല്ലാ Professional വിദ്യാഭ്യാസ രംഗത്തും ബാധകമാക്കുന്ന വിധത്തിൽ ഈ നിയമം പ്രാബല്യത്തിൽ വരണം. പിന്നെ മാനേജുമെന്റ് കാട്ടയെ സംബന്ധിച്ച് ഇവിടെ പറയുന്ന മറ്റൊരു സംഗതി, മാനേജ്മെന്റ് കാട്ടയിലാണെങ്കിൽ അവർ admission നടത്തുന്ന സമയത്തെ ഫീസ്.....

<u>ശ്രീ. മത്തായി ചാക്കോ:</u> അങ്ങ് പറഞ്ഞതുപോലെ (കെ)-യിൽ മൂന്നാമത് പറയുന്നത് any other discipline as may be declared by the Government എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ പ്രൊഫഷണൽ കോളേജെന്ന് കൃത്യമായി പറയാമല്ലോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> വേണമെന്നാണ് ഞാൻ പറയുന്നത്. ഞാൻ ശ്രീ. മത്തായി ചാക്കോ പറയുന്ന പോയിന്റിനോട് യോജിക്കുന്നു. ഇന്നലെ നിങ്ങൾ സംസാരിച്ചതിൽ നിന്നും ഞാൻ മനസ്സിലാക്കി. അത് വേണം. അത് നമുക്ക് എവിടെ fit ചെയ്യാമെന്നുള്ളതാണ് ആലോചിക്കേണ്ടത്. സബ്ജക്ട് കമ്മിറ്റി ചർച്ചാ വേളയിൽ നോക്കാം. അല്ലെങ്കിൽ അത് കഴിഞ്ഞുവരുന്ന സമയത്ത് നോക്കാം. മാനേജുമെന്റ് കാട്ട എങ്ങനെയാണ് fill up ചെയ്യേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ പറയുന്ന ഒരു സംഗതി, ഒന്നുകിൽ സഭ ഒരു സംവിധാനം നോക്കട്ടെ, നടത്തുന്ന പരീക്ഷ വേണമോ വേണ്ടയോ എന്ന് നോക്കാം. പക്ഷേ ഒന്നുണ്ട്, ഇന്ത്യയിൽ MAT എന്നുള്ള ഒരു പരീക്ഷയുണ്ട്. മാനേജുമെന്റ് നടത്തുന്ന പരീക്ഷയാണ്. അത് പറയാം. ഇനി അതല്ല മറ്റേതു വിധത്തിലാണെങ്കിലും ചെയ്യാം. പക്ഷേ ഒന്നുണ്ട്. കുട്ടികളുടെ അഡ്മിഷന്റെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലും നമ്മൾ rigid ആയി ഒരു സംഗതി പറഞ്ഞാൽ നടക്കും. തത്വം പറയാൻ നമുക്ക് എളുപ്പമാണ്. പക്ഷേ അതൊന്നും നടക്കുന്ന കാര്യമല്ല അക്കാര്യത്തിൽ അവർക്ക് ഫ്രീഡം ഉണ്ടാകണം. ആ ഫ്രീഡം കൊടുക്കുന്നത് നന്നായിരിക്കും. അല്ലെങ്കിൽ നടക്കുകയില്ല. ഇപ്പോൾത്തന്നെ അവർ ആവശ്യമില്ലാത്ത കുഴപ്പം കാണിക്കുകയാണ്. അതിനെപ്പറ്റി ഞാനൊരു കാര്യം പറയട്ടെ. ഈ കുഴപ്പം ഉണ്ടാക്കുന്നതിന് മാനേജ്മെന്റ് ഒരു പ്രധാന പങ്കു വഹിച്ചു. കാര്യം എന്താണ്? ദുരാഗ്രഹം. സർക്കാർ അന്ന് പറഞ്ഞമാതിരി മര്യാദയ്ക്ക് നടത്തിയിരുന്നുവെങ്കിൽ അവരും രക്ഷപ്പെടുമായിരുന്നു. സർക്കാരും രക്ഷപ്പെടുമായിരുന്നു, കുട്ടികളും രക്ഷപ്പെടുമായിരുന്നു, നാടും രക്ഷപ്പെടും. അവർ അതിന്റെ ഇടയിൽ എന്തു ചെയ്തു എന്ന് അറിയാമോ? ഇരട്ടി വിരുത് കാണിച്ചു. മാനേജുമെന്റ് വിരുത് കാണിച്ചതിന്റെ പ്രത്യാഘാതമാണ് ഇന്ന് നമ്മൾ അനുഭവിക്കുന്നത്. നമ്മൾ മാത്രമല്ല ഇന്ത്യയിലെ പല മാനേജുമെന്റുകളും അനുഭവിക്കുന്നത്. ഇനി ഇപ്പോൾ അവർ എന്തു പറയാൻ? ക്യാപിറ്റേഷൻ ഫീസ് നിറുത്തുന്നതിനെപ്പറ്റി പറഞ്ഞു. എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അതു പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ബോഡി ഉണ്ടാക്കിയിട്ടുണ്ട്. ക്രമക്കേടുണ്ടെങ്കിൽ ആ ക്രമക്കേട് കണ്ടെത്തുന്നതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഇവിടെ ചില മെമ്പർമാർ പരീക്ഷയെപ്പറ്റിയും നിയമനത്തിന്റെ കാളിഫിക്കേഷന്റെ കാര്യവും പറഞ്ഞു. അതൊന്നും പറയണ്ട. ആ നിയമമെന്നു പറയുന്നത് admission regularise ചെയ്യാൻ മാത്രമാണ്. ഒരു സമഗ്ര നിയമം വേണം. പ്രത്യേകിച്ചും അൺ എയിഡഡ് കോളേജിന്റെ കാര്യത്തിൽ ഒരു നല്ല നിയമം വേണം. ധാരാളമായി അൺ എയിഡഡ് കോളേജുകൾ വരുന്ന സമയത്ത് അതിനെ കൺട്രോൾ ചെയ്യുന്ന സംവിധാനങ്ങൾ ഇല്ല. അങ്ങനെ സംവിധാനമില്ല എങ്കിൽ അത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. കുണ്ടിറ്റിയും കുളിറ്റിയുമായി ഒത്തുപോകുന്ന വിധത്തിലുള്ള സംവിധാനമാണ് സ്വീകരിക്കേണ്ടത്. അദ്ധ്യാപകന്റെ കാളിഫിക്കേഷൻ എങ്ങനെ; വിദ്യാർത്ഥികളുടെ മറ്റ് സംഗതി എങ്ങനെ തുടങ്ങി എല്ലാ കാര്യങ്ങളെപ്പറ്റിയും വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകണം. പ്രത്യേകിച്ച് അൺ എയിഡഡ് കോളേജുകൾക്ക് ഈ കാര്യത്തിൽ ഒരു നിയമനിർമ്മാണംതന്നെ സമഗ്രമായി വേണം. യൂണിഫൈഡ് ആക്ടിൽ ചില പ്രൊവിഷനുണ്ട്. അതിന്റെ കാര്യം എന്താണെന്ന് അറിയില്ല. ഏതായാലും അൺ എയിഡഡ് കോളേജുകളുടെ കാര്യത്തിൽ വേറെയൊരു നിയമം വേണം. ആ സമയത്ത് ഇതെല്ലാം meet ചെയ്താൽ മതി. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഇതിൽ ഒറ്റ പോയിന്റിൽ തീരുമാനം വന്നാൽ മതി എന്നാണ് എന്റെ ഒരു കാഴ്ചപ്പാട്. അതായത് ചില മാനേജുമെന്റ് ഫീസ് തീരുമാനിക്കുന്നുണ്ടല്ലോ? ആ തീരുമാനിക്കുന്നതിൽ മാനേജ്മെന്റ് ഓരോ സ്ഥാപനത്തിലും ഓരോ സീറ്റുതന്നെ തീരുമാനിക്കട്ടെ. അങ്ങനെ തീരുമാനിക്കുന്നതിനെപ്പറ്റി പരിശോധിക്കുവാൻ ഒരു third body, ഒരു സഭ ഉണ്ടായിരിക്കുന്നത് നല്ലതാണ്. എന്താണെന്നുവച്ചാൽ, ഇവിടെ എല്ലാവരും ഭയപ്പെടുന്നത് ഇത് സുപ്രീം കോടതിയുടെ വിധിക്ക് എതിരാകുമോ എന്നാണ്. സുപ്രീം കോടതിയുടെ വിധിക്ക് എതിരായ ഒരു നിയമമാണെങ്കിൽ നമുക്ക് ഒരു വകുപ്പുണ്ട്. ഞാൻ പറയുന്നത് ആ പോയിന്റുകൂടി മീറ്റ് ചെയ്താൽ സുപ്രീം കോടതിയുടെ വിധിക്കെതിരായി, കാരണം സുപ്രീം കോടതിയുടെ വിധിയെ നമ്മൾ നോക്കിയാൽ.....Islamic Academic case-ൽ

(1) Whether the educational institutions are entitled to fix their own fee structure; ഇതാണ് ഈ കേസിൽ കോടതി ആദ്യം ഡിസ്കസ് ചെയ്ത പോയിന്റ്. ആ പോയിന്റ് ഡിസ്കസ് ചെയ്ത സമയത്ത് കോടതി പറഞ്ഞ വാക്ക് നമ്മൾ ശ്രദ്ധിച്ചാൽ.....So far as the first question is concerned, in our view the majority judgement is very clear. There can be no fixing of a rigid fee structure by the Government. Each institute must have the freedom to fix its own fee structure taking into consideration the need to generate funds to run the institution and to provide facilities necessary for the benefit of the students. They must also be able to generate surplus which must be used for the betterment and growth of that educational institution. In paragraph 56 of the judgement it has been categorically laid down that the decision on the fees to be charged must necessarily be left to the private educational institutions that do not seek and which are not dependent upon any funds from the Government. Each institute will

LIBRARY ARCHIVES Kerala Legislative Assembly

be entitled to have its own fee structure. The fee structure for each institute must be fixed keeping in mind the infrastructure and facilities available, the investments made, salaries paid to the teachers and staff, future plans for expansion and/or betterment of the institution etc...നമുക്ക് ചെയ്യാം. അവർക്ക് ആ സ്വാതന്ത്ര്യം കൊടുത്തു. This is inconfirmity with the Supreme Court Judgement. അതിൽ തർക്കം വേണ്ട കാര്യമില്ല. രണ്ടാമത് ഇവിടെ സംശയം പറഞ്ഞ സംഗതി എന്താണ്? 50 ശതമാനം സീറ്റ് ഗവൺമെന്റ് സെക്ടറിൽ വച്ചാൽ അത് സുപ്രീം കോടതി ജഡ്ജ്മെന്റിന് എതിരായിരിക്കും. അതിൽ വലിയ പേടിയുടെ കാര്യമില്ല. കാരണം എന്താണെന്ന് അറിയാമോ? സുപ്രീംകോടതി ജഡ്ജ്മെന്റിൽ നിങ്ങൾക്ക് സ്വന്തമായി ഇങ്ങനെ 50 ശതമാനം എന്ന് പറഞ്ഞിട്ടില്ല എങ്കിലും ഒരു സൂചനയുണ്ട്. പോയിന്റ് നമ്പർ 3 എന്താണ്? Whether private unaided professional colleges are entitled to fill in their seats, to the extent of 100%, and if not to what extent? എന്ന പോയിന്റാണ് കോടതി രണ്ടാമത് ഡിസ്കസ് ചെയ്തത്. ഇത് ഡിസ്കസ് ചെയ്തപ്പോൾ കോടതി പറഞ്ഞത് എന്താണെന്ന് ശ്രീ. രാജ്മോഹനനൊക്കെ അറിയാം. .....പാരഗ്രാഫ് നമ്പർ 68 ആയിട്ട് വച്ചിട്ടുണ്ട്. It must be borne in mind that unaided professional institutions are entitled to autonomy in their administration while, at the same time, they do not forgo or discard the principle of merit. It would, therefore, be permissible for the university or the Government, at the time of granting recognition, to require a private unaided institution to provide for merit-based selection while, at the same time, giving the Management sufficient discretion in admitting students. This can be done through various methods. For instance, a certain percentage of the seats can be reserved for admission by the Management out of those students who have passed the common entrance test held by itself or by the State/University and have applied to the college concerned for admission, while the rest of the seats may be filled up on the basis of counselling by the state agency. This will incidentally take care of poorer and backward sections of the society. The prescription of percentage for this purpose has to be done by the Government according to the local needs and different percentages can be fixed for minority unaided and non-minority unaided and professional colleges. The same principles may be applied to other non-professional but unaided educational institutions viz., graduation and post graduation non-professional colleges or institutes.

മി. സ്പീക്കർ: ചോദ്യത്തിന് വഴങ്ങിയതാണോ പ്രസംഗിച്ച് തീർന്നതാണോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇല്ല, ചോദ്യത്തിന് വഴങ്ങിയതാണ്.

മി. സ്പീക്കർ: ശ്രീ. ബഷീറായതുകൊണ്ടാണ് ഞാൻ മിണ്ടാതിരുന്നത്. നിങ്ങൾ എക്സ് എഡ്യൂക്കേഷൻ മിനിസ്റ്റർ ആയതുകൊണ്ടും നിങ്ങൾ പറയുന്നത് കുറെ relevant ആയതുകൊണ്ടും മിണ്ടാതിരുന്നതാണ്. ഇരുപത് മിനിട്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: Sorry Sir, I am concluding.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇപ്പോൾ ഇവിടെ പറഞ്ഞ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കാര്യം എന്നു വച്ചിരിക്കുന്നതിനുമാത്രം റിസർവേഷൻ ഏർപ്പെടുത്താതെ മൊത്തത്തിൽ റിസർവേഷൻ ഏർപ്പെടുത്താനുള്ള സംവിധാനത്തിന് സാധ്യതയുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നമ്മൾ പറയുന്ന ജഡ്ജ്മെന്റ് വച്ച് തോമസ് കമ്മീഷൻ പറഞ്ഞ പ്രകാരമായിരുന്നു പ്രവർത്തിക്കേണ്ടിയിരുന്നത്. പക്ഷേ അതൊന്നും ചെയ്തില്ല. ഈ പറഞ്ഞ സ്വാതന്ത്ര്യം മാനേജ്മെന്റിന് കൊടുത്തില്ല. ഇനി ഒറ്റ പോയിന്റ് കൂടി മീറ്റ് ചെയ്താൽ മതി. അത് മാനേജ്മെന്റ് തീരുമാനിക്കുന്ന സമയത്ത് അവർക്ക് വ്യത്യസ്ത സ്വഭാവത്തിലുള്ള ഫീസ് സ്ട്രക്ചർ നിലനിർത്തേണ്ടിവരും. അതേസമയം അതിനുമുകളിൽ ഒരു ചെക്കിംഗിനുള്ള സംവിധാനംകൂടി ഏർപ്പെടുത്തിയാൽ നല്ല ഫ്ളെക്സിബിലിറ്റി ഉണ്ടാകും. അവരുടെ കാര്യത്തിൽ അവർക്ക് സ്വാതന്ത്ര്യം കൊടുക്കണം. അല്ലെങ്കിൽ നടക്കില്ല. പക്ഷേ ആ സ്വാതന്ത്ര്യം അവർക്ക് കൊടുത്താൽ ഞാൻ പറഞ്ഞ ഈ കാര്യത്തിൽ സ്വാഭാവികമായും സുപ്രീം കോടതിയിൽ ചോദ്യം ചെയ്യും. ഇപ്പോൾ സഭയിൽ ഇത് പാസ്സാക്കുന്ന സമയത്ത് നമ്മൾ തമ്മിൽ ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല എന്ന നിലയിൽ വന്നിട്ടില്ലെങ്കിൽ പിടിച്ചു നിൽക്കാൻ വലിയ ബുദ്ധിമുട്ടാണ്. മന്ത്രിയോടോ ഗവൺമെന്റിനോടോ പറഞ്ഞിട്ട് കാര്യമില്ല. അഞ്ച്, പത്ത് ദിവസംകൊണ്ട് ഈ കാര്യങ്ങൾ ശരിക്ക് നടക്കണമെങ്കിൽ സാധാരണ പറയുന്ന പൊളിറ്റിക്കൽ കോൺട്രോവേഴ്സി ഒഴിവാക്കി നമ്മൾ ഒത്തൊരുമിച്ച് നിൽക്കണം. നല്ല നിയമമാണ്. നമ്മൾ ഒരു പ്രശ്നത്തിൽ വന്നുപെട്ടിരിക്കുന്നു. രക്ഷപ്പെടാൻ ഇതല്ലാതെ വേറൊരു മാർഗ്ഗവുമില്ല. ഈ മാർഗ്ഗത്തിൽ ചില പോരായ്മകൾ ഉണ്ട്. അതു നികത്തി മുന്നോട്ടുപോകണമെന്നാണ് എനിക്ക് സഭയുടെ മുമ്പാകെ വയ്ക്കാനുള്ള അഭ്യർത്ഥന.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഈ നിയമനിർമ്മാണത്തിന് ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള ഈ ഗവൺമെന്റിന്റെ തീരുമാനം വളരെ വലുതാണ്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് വലിയ അവസരങ്ങൾ തുറന്നുകിട്ടി എന്ന വലിയ സത്യം വിസ്മരിക്കാൻ കഴിയില്ല. ഇവിടെ ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ സൂചിപ്പിച്ചതുപോലെ അന്യസംസ്ഥാനങ്ങളെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ആശ്രയിച്ചിരുന്ന ഈ സംസ്ഥാനത്ത് അതിൽ നിന്ന് ഒരു വ്യത്യാസം വരുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടായി. ഇപ്പോൾ കൃാപ്പിറ്റേഷൻ വാങ്ങാതെതന്നെ അഡ്മിഷൻ എന്നുള്ള ഓഫർ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഉണ്ടാകുന്ന തരത്തിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു എന്നുള്ളത് ഈ രംഗത്തുണ്ടായ ഗവൺമെന്റ് സ്വീകരിച്ച നയം മാറ്റത്തിന്റെ ഗുണകരമായ ഫലമാണ് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തരത്തിൽ വലിയൊരു മാറ്റം ഈ രംഗത്ത് ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്നിപ്പോൾ ഈ നിയമനിർമ്മാണത്തിന് ഇടയായ സാഹചര്യം ഉണ്ടാക്കിയത്. തുടക്കംമുതൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എടുത്ത സമീപനം രണ്ട് സ്വാശ്രയ കോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്നുള്ളതാണ്. ആ സമീപനത്തിൽ നിന്ന് അണുവിടപോലും മാറാതെയാണ് ഇപ്പോൾ ഈ നിയമനിർമ്മാണവുമായി രംഗത്ത് വന്നിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. അതുകാരണം കേരളത്തിന്റെ അന്തരീക്ഷത്തിൽ ആയിരക്കണക്കിന് സീറ്റുകളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്കിൽ പഠിക്കാൻ കുട്ടികൾക്ക് സാധിക്കുന്നു എന്നുള്ളതാണ് ഇതിന്റെ ഏറ്റവും ഗുണകരമായ കാര്യം. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് വന്നതോടുകൂടി 7,665 സീറ്റുകളിൽക്കൂടി ഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്കിൽ, ഗവൺമെന്റ് കോളേജുകളിൽ പഠിക്കുന്നതുപോലെ കുട്ടികൾക്ക് പഠിക്കാൻ അവസരം ലഭിക്കുകയാണ്. അതുപോലെ എം.ബി.ബി.എസ്.-ന് 700 സീറ്റുകൾകൂടി ലഭിക്കുകയാണ്. ഗവൺമെന്റ് സീറ്റുകൾക്ക് പുറമേ ഗവൺമെന്റ് സീറ്റുകളുടെ നിരക്കിൽ പഠിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടായി. ബി.ഡി.എസ്.-ന് 140 സീറ്റുകൾ ലഭിക്കുകയാണ്. 280 സീറ്റുകൾ പുതുതായി ഉണ്ടാകുമ്പോൾ അതിന്റെ പകുതി, 140 സീറ്റുകൾ ലഭിക്കുകയാണ്. നഴ്സിംഗിന് 180 ആണ് ഉണ്ടായിരുന്നത്. 32 സെൽഫ് ഫിനാൻസ് സ്ഥാപനങ്ങളിലായി 1600 സീറ്റുകളാണ് പുതുതായി നഴ്സിംഗിന് ഉണ്ടാകുന്നത്. അതിന്റെ പകുതി, 800 സീറ്റുകൾ സർക്കാർ തലത്തിൽ, ആനുകൂല്യത്തിൽ ലഭിക്കുകയാണ്. നിലവിലുണ്ടായിരുന്നതിന്റെ നാലിരട്ടിയാണ് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പഠിക്കാനുള്ള അവസരം കുട്ടികൾക്ക് ഉണ്ടാകുന്നത്. അത്തരത്തിൽ കേരളത്തിലെ സാധാരണക്കാരായ ആളുകളുടെ കുട്ടികൾക്ക് പഠിക്കാൻ വലിയൊരു സാധ്യത തുറന്നുകിട്ടുന്ന വിപ്ലവകരമായ നീക്കമാണ് ഈ ഗവൺമെന്റ് നടത്തിയിരിക്കുന്നത്. അത്തരം ഒരു നീക്കം നടത്തുമ്പോൾ ബഹുമാന്യനായ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ സ്ഥാപനം നടത്തുന്ന ആളുകൾക്ക് അവ നടത്തിക്കൊണ്ടുപോകാനുള്ള സൗകര്യം ഉണ്ടാകേണ്ടേ? ഇന്നലെ ശ്രീ. മത്തായി ചാക്കോയും ശ്രീ. ജയരാജനും ഒക്കെ സൂചിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെകാലത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലുമാണ് കൊടുത്തത് എന്നാണ്. അങ്ങനെ കൊടുക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടായ സ്ഥിതിവിശേഷം എന്താണെന്ന് നമുക്കറിയാം. എ.ഐ.സി.ടി.ഇ.-യുടേയും ഓൾ ഇൻഡ്യാ മെഡിക്കൽ കൗൺസിലിന്റേയുമൊക്കെ വളരെ കർശനമായ നിബന്ധനകൾ പാലിച്ചെങ്കിൽ മാത്രമേ പ്രസ്തുത സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് തുടങ്ങിയ പല എഞ്ചിനീയറിംഗ് കോളേജുകൾക്കും, ഞാൻ പ്രതിനിധാനം ചെയ്യുന്ന കല്ലൂപ്പാറ അടക്കമുള്ള എഞ്ചിനീയറിംഗ് കോളേജിന്, അംഗീകാരം ഇല്ലായിരുന്നു. അടിസ്ഥാന സൗകര്യമൊരുക്കി എ.ഐ.സി.ടി.ഇ. നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങളൊരുക്കാൻ കഴിഞ്ഞില്ല എന്നുള്ളതുകൊണ്ടാണ് കോളേജിന് അംഗീകാരം ഇല്ലാത്തത്. കരുനാഗപ്പള്ളി, പൂഞ്ഞാർ എന്നിവയടക്കമുള്ള നിരവധി കോളേജുകളുടെ കാര്യം ഈ നിയമസഭയിൽ ചർച്ച ചെയ്തതാണ്. എറണാകുളത്ത് സഹകരണ മേഖലയിൽ ആരംഭിച്ച മെഡിക്കൽ കോളേജിന്റെ കാര്യവും നമുക്കറിയാം. അതിനെതിരെ

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾ തിരുവനന്തപുരത്ത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന സമരം നടത്തി. ഓൾ ഇൻഡ്യാ മെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചുള്ള അടിസ്ഥാന സൗകര്യമില്ലാത്തതുകൊണ്ട് കോളേജിന് അംഗീകാരമില്ല. കുട്ടികളെ അത്തരത്തിൽ വഴിയാധാരമാക്കുന്ന നടപടികളാണ് ഉണ്ടായത്. അടിസ്ഥാന സൗകര്യം ഒരുക്കണമെങ്കിൽ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഉണ്ടാകണം. ഒരു മെഡിക്കൽ കോളേജോ, എഞ്ചിനീയറിംഗ് കോളേജോ തുടങ്ങുമ്പോൾ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഉണ്ടാകണം. നിക്ഷേപം ഉണ്ടാകണമെങ്കിൽ കഴിവുള്ളവരിൽ നിന്ന് അത് ലഭ്യമാക്കുന്ന കാര്യങ്ങൾകൂടി സ്വീകരിക്കണ്ടേ? അതാണ് ഇവിടെ സൂചിപ്പിച്ചത്. മാനേജ്മെന്റിന്റെ 50 ശതമാനം സീറ്റ് സംബന്ധിച്ച് ആർക്കും യാതൊരു തർക്കവുമില്ല. പ്രതിപക്ഷവും അതേക്കുറിച്ച് പറയുന്നില്ല. പക്ഷേ 50 ശതമാനം സീറ്റ് ലഭിക്കുമ്പോൾ കോളേജ് നടത്തിക്കൊണ്ടുപോകാനുള്ള സംവിധാനം ഉണ്ടാക്കണം. അതിന് മാനേജ്മെന്റിന് അവസരം കൊടുക്കണം, അതിനുള്ള സ്വാതന്ത്ര്യം കൊടുക്കണം. അതിന് ഇത്രമാത്രം എതിർപ്പ് ഉണ്ടാകേണ്ട കാര്യമുണ്ടോ? അങ്ങനെ എതിർത്താൽ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ ആരും ഉണ്ടാവില്ല. ഇവിടെ വിദ്യാഭ്യാസരംഗത്ത് മിഷനറിമാർ വന്നു നടത്തിയ സേവനങ്ങളെക്കുറിച്ച് ശ്രീ. ജയരാജൻ വളരെ വാചാലമായി സൂചിപ്പിച്ചു. അതിന്റെ പാരമ്പര്യം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഇപ്പോഴുള്ളതിൽ പലതും. ഈ രംഗത്ത് കടന്നാക്രമണം നടക്കുകയാണ്. ഇവിടെ മാനേജ്മെന്റുകളേയും അതുപോലെയുള്ള സ്ഥാപനങ്ങളേയും അടച്ചാക്ഷേപിക്കുകയാണ്. അങ്ങനെയൊരു സമീപനം സ്വീകരിക്കാൻ സർക്കാരിന് കഴിയുമോ? നിയമത്തിൽ വളരെ വ്യക്തമായി ഇക്കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ലാഭേച്ച കൂടാതെ പ്രവർത്തിക്കത്തക്കവണ്ണമുള്ള ക്രമീകരണങ്ങളാണ് ഉണ്ടാകേണ്ടത് എന്ന് നിയമത്തിൽ വളരെ വ്യക്തമാക്കുന്നു. അതിനുവിരുദ്ധമായി പ്രവർത്തിച്ചാൽ നടപടി എടുക്കാനുള്ള കാര്യങ്ങൾ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. അത്തരം വ്യവസ്ഥകളൊക്കെ ഉള്ളപ്പോൾ മാനേജ്മെന്റുകളെയാകെ അടച്ചാക്ഷേപിച്ചുകൊണ്ട് ഒരു വലിയ അവസരം നിഷേധിക്കുന്നത് ശരിയാണോ? സാമ്പത്തിക ശാസ്ത്രമനുസരിച്ചും ഇത് നീതിപൂർവ്വമായ കാര്യമാണ്. പാവപ്പെട്ട ആളുകൾക്ക്, സാമ്പത്തികശേഷിയില്ലാത്തവർക്ക് പഠിക്കാൻ കഴിയുന്ന തരത്തിൽ സാമ്പത്തികശേഷിയുള്ളവരിൽ നിന്നും ധനസമാഹരണം നടത്തുന്നതുകൊണ്ട് പാവപ്പെട്ടവർക്ക് പഠിക്കാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ്. അതിൽ എന്താണ് തെറ്റ്? ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണകാലത്തും ഇതുപോലെയുള്ള കാര്യങ്ങൾ നടന്നിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽ കോൺട്രിബ്യൂഷൻ എന്നുള്ള ഒരു സിസ്റ്റം ഉണ്ടാക്കി. കണക്ഷനുവേണ്ടിയുള്ള പണം ഉപഭോക്താക്കൾ അടയ്ക്കണമെന്നു പറയുന്നത് ശരിയല്ലെന്നു പറഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിലെ സി.പി.ഐ.(എം.)-ഉം സി.ഐ.ടി.യു.-ഉം വളരെ ശക്തമായി അതിനെ എതിർത്തു. പാവപ്പെട്ട ആളുകൾക്ക് കണക്ഷൻ കിട്ടില്ല എന്നു പറഞ്ഞാണ് എതിർത്തത്. കോൺട്രിബ്യൂഷനടയ്ക്കുന്ന ആളുകൾ ക്യൂവിൽ നിന്ന്, പ്രയോറിറ്റി ലിസ്റ്റിൽ നിന്ന് പുറത്തുപോകുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് ആണ്ടിൽ 100 കണക്ഷൻ കൊടുക്കുന്നുവെങ്കിൽ കാശ് അടച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ ലിസ്റ്റിൽ നിന്ന് പുറത്തുപോയാൽ ആ 100 കണക്ഷനും കാശടയ്ക്കാൻ സാമ്പത്തികശേഷിയില്ലാത്ത ആളുകൾക്ക് ലഭിക്കുന്ന ഒരു സംവിധാനമാണ് അന്ന് ഉണ്ടാക്കിയത്. അന്ന് അതിനേയും എതിർത്തു. പിന്നീട് ഒ.വൈ.ഇ.സി. എന്നു പറഞ്ഞുകൊണ്ടുള്ള ഒരു നയം നിങ്ങൾ അംഗീകരിച്ചു. അതുപോലെ എതിർക്കാൻ വേണ്ടിയാണ് ഈ കാര്യത്തിലും എതിർക്കുന്നത്. ഇത്തരം കോളേജുകൾ തുടങ്ങുന്നതോടുകൂടി സാമ്പത്തികശേഷിയില്ലാത്തവർക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ടാകുമ്പോൾ സാമ്പത്തികശേഷിയുള്ളവരിൽ നിന്ന് അതിനുള്ള ധനസമാഹരണം നടത്താനുള്ള സ്വാതന്ത്ര്യവും അവകാശവും മാനേജ്മെന്റുകൾക്ക് കൊടുക്കുന്നതിൽ എന്താണ് ഇത്ര വലിയ പാതകമെന്ന് വിനയപൂർവ്വം പ്രതിപക്ഷസുഹൃത്തുക്കളോട് ചോദിക്കുകയാണ്. മാനേജ്മെന്റുകൾ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതു സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന, അഭിമാനകരമായി പ്രവർത്തിക്കുന്ന മാനേജ്മെന്റുകളാണ് ഈ രംഗത്തുവന്നിട്ടുള്ളത്. പുഷ്പഗിരി മാനേജ്മെന്റും കോലഞ്ചേരി മാനേജ്മെന്റും മെഡിക്കൽ കോളേജുകൾ തുടങ്ങാൻവേണ്ടി മുന്നോട്ടുവന്നിട്ടുണ്ട്. അവർ വളരെ അഭിമാനകരമായ പ്രവർത്തനം കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ളവരാണ്. സേവന സന്നദ്ധതയോടുകൂടി കടന്നുവന്നിട്ടുള്ള ആളുകളാണ്. വിദ്യാഭ്യാസരംഗത്ത് ആ നിലയിൽ പ്രവർത്തിച്ചിട്ടുള്ള ആളുകളാണ്. സാമ്പത്തികശേഷി കുറഞ്ഞ ആളുകൾക്ക്, ചികിൽസയ്ക്കുശേഷം പണം അടയ്ക്കാൻ നിവൃത്തിയില്ലാതെ വരുന്ന രോഗികൾക്ക് ബില്ലിൽ ഇളവുചെയ്തു കൊടുക്കുന്ന നിരന്തരമായ പതിവ് പുഷ്പഗിരി ഹോസ്പ്പിറ്റലിന് ഉണ്ട്. അവർ കൊള്ളക്കാരാണെന്നും ഇത്തരത്തിൽ സ്വാതന്ത്ര്യം കൊടുത്താൽ വലിയ കുഴപ്പമുണ്ടാക്കുമെന്നുമുള്ള പ്രചരണം നടത്തുന്നത് ശരിയല്ല. അതുകൊണ്ട് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവണ്ണം മാനേജ്മെന്റുകളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ രംഗത്ത് നൽകിയിട്ടുള്ള വലിയ സേവനങ്ങളെ കാണാതെ മുന്നോട്ടുപോകാൻ കഴിയുകയില്ല. ആ സമുദായത്തിൽപ്പെട്ട ആളുകളുടെ കാര്യത്തിൽ മാത്രമല്ല, പിന്നോക്കക്കാരായവർക്കും പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും അത്തരം മേഖലയിൽ കടന്നുചെന്ന് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്ന കാര്യത്തിൽ നിസ്തുലമായ സേവനം നിർവഹിച്ചിട്ടുള്ളവരാണ് ഇത്തരം മെഡിക്കൽ കോളേജുകളുടെ മാനേജ്മെന്റുകൾ. അത്തരം മാനേജ്മെന്റുകൾ ഈ രംഗത്ത് ഇനിയും കടന്നുവരാനും അഭിമാനകരമായ പ്രവർത്തനവുമായി മുന്നോട്ടുപോകാനും കഴിയത്തക്കവണ്ണം അവർക്ക് നിലനിൽക്കാനുള്ള സ്വാതന്ത്ര്യംകൂടി നൽകിക്കൊണ്ടുള്ള ക്രമീകരണമാകണം ഈ ബില്ലിൽ ഉണ്ടാകേണ്ടത്. അങ്ങനെ നോക്കുമ്പോൾ ഈ ഗവൺമെന്റ് കൊണ്ടു വന്നിരിക്കുന്നത് വളരെയേറെ പ്രസക്തമായ നിയമമാണ്. കുഴപ്പങ്ങൾ പല രംഗങ്ങളിലുമുണ്ടാകും. കുഴപ്പമുണ്ടാക്കുന്നവരെ നിയന്ത്രിക്കാനുള്ള അവസരങ്ങളുണ്ട്. ഇപ്പോൾ മനോരമയിൽ ഒരു പരമ്പരതന്നെ വന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ ടി.സി.യുടെ കാര്യം വന്നു. ഫോണിലൂടെ നിയമനത്തെ സംബന്ധിച്ച് ഡി.ഇ.ഒ. നടത്തുന്ന തിരിമറിയെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് വന്നു. ഗവൺമെന്റിന്റെ ഉടമയിലായാലും സ്വകാര്യ മേഖലയിലായാലും കുഴപ്പം കാണിക്കുന്നവർ അതിന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കും. പക്ഷേ, അവരെ നിയന്ത്രിക്കാൻ കഴിയണം. ബഹുമാനപ്പെട്ട മന്ത്രിയോട് സാന്ദർഭികമായി ഞാൻ അഭ്യർത്ഥിക്കുകയാണ്, ഡി.ഇ.ഒ.-യെ സംബന്ധിച്ച് ഗുരുതരമായ ആക്ഷേപമാണ് വന്നിരിക്കുന്നത്. ഞാൻ അന്വേഷിച്ചിടത്തോളം കാഞ്ഞങ്ങാട് ഡി.ഇ.ഒ.-യെക്കുറിച്ചാണ് ആ പരാമർശം വന്നിരിക്കുന്നത്. ആ ഡി.ഇ.ഒ.-യുടെ പേരിൽ കർശനമായ നടപടിയെടുക്കണം. അതുകൊണ്ട് ഈ നിയമത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് എല്ലാപേരുംകൂടി യോജിച്ചു കൊണ്ട് പാസ്സാക്കി ഈ രംഗത്തെ അനിശ്ചിതാവസ്ഥ അവസാനിപ്പിക്കാൻ മുന്നോട്ടുവരണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി)

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വളരെയധികം ആത്മനിർവൃതിയോടു കൂടിയാണ് നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടി ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ ബില്ലിനുവേണ്ടി സംസാരിക്കുന്നത്. കഴിഞ്ഞ രണ്ട് വർഷക്കാലമായി ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തണമെന്ന് നിരന്തരമായി ഈ സഭയിൽ ആവശ്യപ്പെടുന്ന ഒരാളാണ് ഞാൻ. കഴിഞ്ഞ വർഷം സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച സ്വാശ്രയ മാനേജ്മെന്റുമായുള്ള കേസിൽ കേരള സർക്കാരിന് പരാജയം സംഭവിച്ചപ്പോൾ അന്ന് പരസ്യമായി ഞാനും ശ്രീ. ടി. എൻ. പ്രതാപനും ശ്രീ. വി. ഡി. സതീശനും ശ്രീ. എ. പി. അനിൽകുമാറും ഉൾപ്പെടെ 8 എം.എൽ.എ.-മാർ ഒപ്പിട്ട് ഒരു നിവേദനത്തിലൂടെ ഇതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തണമെന്ന് മുഖ്യമന്ത്രിയോട് നേരിട്ട് ആവശ്യപ്പെട്ടിരുന്നു. സഭയിലെ പ്രസ്സ് റൂമിൽ പരസ്യമായി ഞങ്ങൾ പത്ര സമ്മേളനം നടത്തി ഇക്കാര്യം ആവശ്യപ്പെടുകയും ചെയ്തു. ഇന്ന് അത് ഒരു നിയമനിർമ്മാണമായി ഇവിടെ ബിൽ മൂവ് ചെയ്ത് പാസ്സാക്കിയെടുക്കുമ്പോൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് ഞങ്ങളാണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ ഇതിന്റെ പേരിൽ വളരെയധികം പുകമറകൾ സൃഷ്ടിക്കുവാനും രാഷ്ട്രീയ മുതലെടുപ്പ് നടത്തുവാനും വളരെ ആത്മവഞ്ചനാപരമായ നിലപാട് സ്വീകരിക്കുവാനുമൊക്കെ പ്രതിപക്ഷത്തുള്ള ചില മെമ്പർമാർ ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം അധികാരം ഏറ്റെടുത്ത കാലംമുതലുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനത്തിന്റെ സാക്ഷാത്ക്കാരം കൂടിയാണ് ഈ ബിൽ. അദ്ദേഹം എപ്പോഴും പറഞ്ഞുകൊണ്ടിരുന്ന ഒരു സെന്റൻസുണ്ടായിരുന്നു. രണ്ട് സ്വാശ്രയ കോളേജുകൾ = ഒരു ഗവൺമെന്റ് കോളേജ്. അങ്ങനെയുള്ള സങ്കൽപ്പത്തെ കീഴ്മേൽ മറിക്കുന്ന തരത്തിൽ ഇവിടെ പല പ്രതിഭാസങ്ങളും ഉരുണ്ടുകൂടി. പല സംഭവവികാസങ്ങളും ഉണ്ടായി. സ്ഥിരമായി ഇടതുപക്ഷവും പ്രതിപക്ഷവും ചെയ്യുന്ന പണി അവർ ആ സമയത്ത് നടത്തുകയും ചെയ്തു. ഈ കലക്കവെള്ളത്തിൽ മീൻ പിടിക്കുവാൻവേണ്ടി, രാഷ്ട്രീയ മുതലെടുപ്പ് നടത്തുവാൻവേണ്ടി, ഇതിന്റെ പേരിൽ പുകമറ സൃഷ്ടിക്കുവാൻവേണ്ടി വളരെയേറെ ശ്രമങ്ങൾ അവർ ഇവിടെ നടത്തുകയുണ്ടായി. ഇപ്പോഴും അത് അവർ തുടരുന്നുവെന്നുള്ളതാണ് വാസ്തവം. കുട്ടിക്കുരങ്ങനെക്കൊണ്ട് തള്ളക്കുരങ്ങ് ചുട്ചോർ വാരിക്കുന്ന ഇടപാട് നിർത്തി, ഈ ആത്മവഞ്ചനയുടെ, ഹിപ്പോക്രസിയുടെ മുഖംമൂടി മാറ്റണമെന്നാണ് എനിക്ക് പ്രതിപക്ഷത്തിരിക്കുന്ന നേതാക്കളോട്

LIBRARY ARCHIVES Kerala Legislative Assembly

പറയുവാനുള്ളത്. ശ്രീ. പിണറായി വിജയൻ കേരളത്തിലെ പ്രധാനപ്പെട്ട നേതാവാണ്. അദ്ദേഹത്തിന്റെ മക്കൾക്ക് സ്വാശ്രയ കോളേജായ അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കാമെങ്കിൽ മറ്റുള്ളവർക്കും അവിടെ പഠിക്കാൻ സാധിക്കില്ലേ? റ്റാറ്റാസിലാണ് ആ കുട്ടിക്ക് ജോലി. മറ്റൊരു കുട്ടിക്ക് ഒറെക്കിൾ എന്നു പറയുന്ന അമേരിക്കൻ മൾട്ടി നാഷണൽ ഫേമിലാണ് ജോലി. അവർക്കൊക്കെ ആകാമെങ്കിൽ ഈ നാട്ടിലെ സാധാരണക്കാരുടെ മക്കൾക്ക് ആയിക്കൂടാ എന്ന് വാദിക്കുന്ന നിങ്ങളുടെ വാദമുഖത്തോടാണ് ഞങ്ങൾക്ക് എതിർപ്പ്. കേരളത്തിലെ എയ്ഡഡ് ഗവൺമെന്റ് കോളേജുകളിൽ പഠിക്കുവാൻ കഴിയുന്ന കുട്ടികളുടെ എണ്ണം 5,839 ആണ്. എഞ്ചിനീയറിംഗിന് 4013, എം.ബി.ബി.എസ്സിന് 800. എന്നാൽ ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് സെക്ടറിലെ 68 എഞ്ചിനീയറിംഗ് കോളേജുകളിലായുള്ള 15,330 സീറ്റിൽ 7665 എണ്ണം മെറിറ്റ് സീറ്റാണ്. അതുപോലെ 7 മെഡിക്കൽ കോളേജുകളിൽ 700 സീറ്റുള്ളതിൽ 350 സീറ്റ് മെറിറ്റ്. ഡന്റൽ കോളേജ് 5 എണ്ണമുള്ളതിൽ 140 മെറിറ്റ് സീറ്റ്. 32 നഴ്സിംഗ് കോളേജുകളിലായി 1600 സീറ്റ് ഉള്ളതിൽ 800 എണ്ണം മെറിറ്റ്. 6 ബി.എ.എം.എസ്. കോളേജുകളിലായി 340 സീറ്റ് ഉള്ളതിൽ 170 എണ്ണം മെറിറ്റ് സീറ്റ്. 9 ഡി.ഫാം. കോളേജുകളിലായി 500 സീറ്റ് ഉള്ളതിൽ 250 എണ്ണം മെറിറ്റ്. ഒരു സിദ്ധ കോളേജിൽ 50 സീറ്റ് ഉള്ളതിൽ 25 എണ്ണം മെറിറ്റ്. മൊത്തത്തിൽ 18,784 സീറ്റുകളുള്ളതിൽ നേർ പകുതി മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച് വരുന്ന കുട്ടികൾക്ക് ഗവൺമെന്റിന്റെ സ്ഥാപനത്തിലുള്ള അതേ ഫീസ് കൊടുത്ത് പഠിക്കാൻ കഴിയുന്നുവെന്നാണ് അതിന്റെ അർത്ഥം. നമുക്കറിയാം 1970-കളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ സ്വാശ്രയ പ്രൊഫണൽ കോളേജുകൾ ആരംഭിക്കുമ്പോൾ നമ്മൾ പുറകോട്ടുമാറി. ഞാൻ ആ കുറ്റബോധത്തോടുകൂടി പറയുകയാണ്, 1970-കളിലെ ആരംഭത്തിൽ കേരളത്തിൽ പ്രൈവറ്റ് മാനേജ്മെന്റ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഡയറക്ട് പേമെന്റിനു വേണ്ടി നടത്തിയ സമരം വളരെ തെറ്റായിപ്പോയി. അത് കേരളത്തിന്റെ ക്യാപ്പിറ്റൽ മൊബിലൈസേഷനെ ഏറ്റവും കൂടുതൽ ബാധിച്ചു. അതുവരെ വിദ്യാഭ്യാസ മേഖലയ്ക്ക് 40 ശതമാനം നീക്കിവച്ചിരുന്നത് 50 ശതമാനം, 60 ശതമാനമായി വർദ്ധിച്ചു. സകല വികസന പ്രവർത്തനങ്ങളും മുരടിച്ചു നിൽക്കുകയാണ്. ഒരു പുകക്കുഴൽ വ്യവസായംപോലും ഇവിടെ ഉണ്ടാകുന്നില്ല. ഇവിടെ വ്യവസായത്തിന് നിക്ഷേപമില്ല. ശ്രീ. കുഞ്ഞാലിക്കുട്ടി ഇന്ന് രാവിലെ പണം വേണമെന്ന് പറയുകയുണ്ടായി. നമ്മുടെ വ്യവസായ സ്ഥാപനങ്ങളിലെ പുകക്കുഴലിൽ പുക ഉയരണമെങ്കിൽ പണം വേണം. കൃഷി വകുപ്പിന്റെ കാര്യവും അതുപോലെ തന്നെ. എന്തു കാര്യം ചെയ്യാനാണ് നമുക്ക് പണം വേണ്ടത്? ഇവിടെ പൊതുമരാമത്ത് വകുപ്പിൽ 33 കോടി രൂപ മാത്രമാണ് കഴിഞ്ഞവർഷം നീക്കിവച്ചിട്ടുള്ളത്. എങ്ങനെ റോഡുകൾ പണിയും? മുഴുവൻ പണവും വിദ്യാഭ്യാസ രംഗത്ത് മാത്രം ഒഴുക്കിക്കൊണ്ടിരുന്ന കാലഘട്ടത്തിന് ഒരു തിരിച്ചറിവ് ഉണ്ടായി. ആ തിരിച്ചറിവാണ് സർക്കാരിന് ഇനി ഈ രംഗത്ത് മുടക്കുവാൻ കൂടുതൽ പണമില്ല എന്നു പറയുന്നത്. നിലവിലുള്ള സ്ഥാപനങ്ങളെ നിലനിർത്തുന്നതിനു വേണ്ടി വളരെയധികം പെടാപ്പാട് പെടുമ്പോൾ പുതുതായി മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തി അതിനുവേണ്ടി മൊബിലൈസ് ചെയ്യാൻ റിസോഴ്സസ് ഇല്ലാത്ത അവസ്ഥയിൽ എങ്ങനെ നമ്മൾ കേരളത്തെ ഈ ലോകത്തിന്റെ പ്രകാശ ഗതിവേഗത്തിനൊപ്പം മുന്നോട്ടു നയിക്കും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: പണമില്ല പണമില്ല എന്നു പറയുന്നു. ഒരു ഗവൺമെന്റിന് പണമുണ്ടാക്കാൻ, നമ്മുടെ നാട്ടിൽ നികുതി പിരിക്കാൻ മറ്റ് പല തരത്തിലുള്ള സംവിധാനങ്ങളില്ലേ? രാജ്യത്ത് സാധാരണക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ പണമില്ല എന്നു പറയുന്ന അവസ്ഥ വന്നു കഴിഞ്ഞാൽ നാളെ ഒന്നിനും പണമുണ്ടാകുകയില്ലല്ലോ. സാമ്പത്തികമായി കഴിവുള്ള വരിൽ നിന്ന് നികുതി പിരിച്ച് പാവപ്പെട്ടവന്റെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷമുള്ള ജനാധിപത്യത്തിന്റെ മാർഗ്ഗമല്ലേ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അങ്ങ് കേരളത്തിലെ ഒരു മന്ത്രിയായിരുന്ന ആളാണ്. അങ്ങയുടെ മന്ത്രിസഭ അധികാരം വിട്ടൊഴിയുമ്പോൾ കേരളം 24,000 കോടി രൂപയുടെ കടത്തിൽ എത്തി നിൽക്കുകയായിരുന്നു. സാമ്പത്തികമായി ഒരു മാന്ദ്യത്തിന്റെ അന്തരീക്ഷമാണ് ഉണ്ടായിരുന്നത്. ഇനി മുടക്കാൻ പണമില്ല.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ഇനി മൂന്നുമിനിട്ടേയുള്ളൂ. സമയം കൂടുതൽ അനുവദിക്കുവാൻ പറ്റില്ല.

ശ്രീ. തമ്പാനൂർ രവി: ശ്രീ. സി. കെ. നാണു അധിക നികുതി പിരിക്കണമെന്ന നിർദ്ദേശം വച്ചു. ഈ അധിക നികുതി ഏതെങ്കിലും ഗവൺമെന്റ് കൊണ്ടുവന്നാൽ അത് ആദ്യം എതിർക്കുന്നത് അങ്ങയുടെ പാർട്ടി ആയിരിക്കുമല്ലോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തീർച്ചയായും അവർ എല്ലാത്തിനേയും എതിർക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇവിടെ കംപ്യൂട്ടർവൽക്കരണത്തിനു വേണ്ടിയുള്ള ശ്രമം നടന്നപ്പോൾ 'പട്ടിണിമാറ്റാൻ തൊഴിലു തരൂ എന്നിട്ടാകാം കമ്പ്യൂട്ടർ' എന്ന മുദ്രാവാക്യം മുഴക്കി. ഇന്ന് കമ്പ്യൂട്ടർകൊണ്ട് ലക്ഷക്കണക്കിന് പുതിയ തൊഴിലിന്റെ അനന്തമായ സങ്കേതമാണ് നമുക്ക് തുറന്നുകിട്ടിയത്. എന്റെ നാട്ടിൽ പരവൂരിൽ തൊണ്ടുതല്ലുന്ന മെഷീൻ വന്നപ്പോൾ നിങ്ങൾ എല്ലാം അടിച്ചു പൊട്ടിച്ചു. ട്രാക്ടർ കൊണ്ടുവന്നപ്പോൾ അതൊക്കെ അടിച്ചുപൊട്ടിച്ച് നശിപ്പിച്ചു. അതുപോലെ വിദ്യാഭ്യാസ രംഗത്ത് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായ പരിഷ്ക്കാരങ്ങൾക്ക് എതിരായി തികച്ചും നിഷേധാത്മകമായ ഒരു നിലപാട് സ്വീകരിച്ചു. നിങ്ങളുടെയൊക്കെ മക്കളെ സ്വകാര്യ മാനേജുമെന്റ് കോളേജുകളിലാണ് പഠിപ്പിക്കുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ മകൻ പഠിക്കുന്നത് എന്റെ നാട്ടിലെ കരിക്കോട് എഞ്ചിനീയറിംഗ് കോളേജിലാണ്. ഒരു ബന്ദ് ദിവസം ഞാൻ ജംഗ്ഷനിൽ പോയപ്പോൾ അവിടെ മാത്രം ബന്ദില്ല. എന്റെ പാർട്ടിക്കാർ എന്നോട് പറഞ്ഞു പ്രകടനമുണ്ടാക്കണമെന്ന്. അവിടെ മാത്രം ബന്ദില്ല. കാരണം ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ പരീക്ഷയായതുകൊണ്ടാണ്. എന്റെ പാർട്ടിക്കാർ എന്നോട് പറഞ്ഞു ബഹളമുണ്ടാക്കണമെന്ന്. ഞാൻ മലയാള മനോരമ പത്രം ഓഫീസിൽ വിളിച്ചുപറഞ്ഞ് ആ വാർത്ത പത്രത്തിന്റെ ഫ്രണ്ട് പേജിൽ പ്രസിദ്ധീകരിപ്പിച്ചു. ശ്രീ. അച്ചുതാനന്ദന്റെ മകൻ പരീക്ഷയായതുകൊണ്ട് അവിടെ മാത്രം ബന്ദില്ല. അങ്ങനെയുള്ള നിലപാട് ശരിയല്ല. ഈ നാട്ടിലെ എല്ലാ പട്ടിണി പാവങ്ങളുടെ മക്കളെയും ഒരുപോലെ കാണാൻ നിങ്ങൾക്ക് കഴിയില്ല. തീർന്നില്ല. ഡോ. തോമസ് ഐസക്കിന്റെ മക്കൾ അമേരിക്കയിലാണ് പഠിക്കുന്നത്. രണ്ട് മക്കളും അമേരിക്കയിലാണ് പഠിക്കുന്നത്. അല്ലെങ്കിൽ നിഷേധിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഇനി ഒരു മിനിട്ടുകൂടിയേയുള്ളൂ.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അവർക്കൊക്കെ സ്വകാര്യമേഖലയിൽ പഠിക്കാം. അമേരിക്കയിൽ പഠിക്കാം. നാട്ടിലെ പാവപ്പെട്ടവർക്ക് ഒരു സ്ഥാപനത്തിലും പഠിച്ച് ഒരു ഗതിയും പിടിച്ചുകൂടാ. നിങ്ങളുടെ ആനന്ദം എന്നുപറയുന്നത്, ഈ രാജ്യത്തെ തൊഴിലില്ലായ്മയും പട്ടിണിയും ദാരിദ്ര്യവും ഒക്കെയാണ്. അതല്ലാതെ ഈ നാട് നന്നാക്കലല്ല. ഈ നാടിനെ ശരിയായ ദിശയിലേയ്ക്ക് നയിക്കുവാനുള്ള ദിശാബോധവും ഇച്ഛാശക്തിയുമുള്ള ഒരു ഗവൺമെന്റിന്റെ തീരുമാനമാണ് ഇത്. We are competent to make this law. നമ്മൾ competent ആണ്. ചില സ്ഥലങ്ങളിൽ hue and cry ഉണ്ടാകുന്നുണ്ട്. അത് ശരിയല്ല. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. വിദ്യാഭ്യാസ രംഗത്തേയ്ക്ക് നമ്മൾ ഉണ്ടാക്കുന്ന നിയമം പര്യാപ്തമാണ്. പാർലമെന്റ് ഇതിനുമുകളിൽ മറ്റൊരു നിയമം നിർമ്മിക്കുന്ന സാഹചര്യമുണ്ടാകാത്തിടത്തോളംകാലം നമ്മുടെ നിയമനിർമ്മാണം സമ്പൂർണ്ണമായ അധികാരത്തോടുകൂടി ഉള്ളതാണ്. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിനുവേണ്ടി നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും നിയന്ത്രണം നടപ്പാക്കാനും സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ടെന്നുള്ള 31-10-2002-ലെ സുപ്രീംകോടതിയുടെ വിധിന്യായമുണ്ട്. TMA Pai Foundation v. State of Karnataka എന്ന കേസ്സിലെ വിധിയുടേയും അതുപോലെതന്നെ 2003-ൽ Islamic Academy of Education v. State of Karnataka കേസ്സിലെ അഞ്ചംഗ ബഞ്ചിന്റെ വിധിയുടേയും അടിസ്ഥാനത്തിൽ we are starting. റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി കെ. ടി. തോമസ്സ് അദ്ധ്യക്ഷനായുള്ള കമ്മീഷനെ നമ്മളാണ് ആദ്യം ഇംപ്ലിമെന്റ് ചെയ്തത്. ആ കമ്മീഷൻ ഇത് സംബന്ധിച്ച് പ്രവർത്തനം ആരംഭിച്ചു. ബില്ലിൽ മതിയായ പ്രാതിനിധ്യമാണ് കൊടുത്തിട്ടുള്ളത്. അത് സംബന്ധിച്ച് വളരെ വിശദമായി ഏഴാം ഖണ്ഡത്തിൽ പറയുന്നുണ്ട്. ആ കമ്മിറ്റിയെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനുവേണ്ടി ഒരു വർഷം ആദ്യം തുടക്കത്തിൽ പന്ത്രണ്ട് ലക്ഷം രൂപയും തുടർന്നുള്ള വർഷങ്ങളിൽ 16,00,000 രൂപയും മാത്രമാണ് ഖജനാവിന് ചെലവ് വരുന്നത്. അടുത്ത ദിവസം ഒരു വാർത്തവന്നു. അമേരിക്കയിൽ നഴ്സുമാരുടെ ഒഴിവിന്റെ എണ്ണം ഒന്നര ലക്ഷമാണ്. കേരളത്തിൽ പഠിക്കുവാൻ കഴിയുന്ന നഴ്സുമാരുടെ എണ്ണം അയ്യായിരമാണ്. 2020 ആകുമ്പോൾ നാലു ലക്ഷം നഴ്സുമാരെ അവിടെ ആവശ്യമുണ്ട്. അനന്ത വിശാലമായ ഈ ഭൂമണ്ഡലത്തിൽ ഒട്ടാകെ സഞ്ചരിക്കുവാനും വളരാനും വികസിക്കുവാനും മലയാളിക്കുള്ള ഏറ്റവും വലിയ അവസരം. ലോകത്തെ മുഴുവൻ നമുക്ക് കീഴടക്കുവാൻ കഴിയുന്നവിധം നമ്മുടെ കുട്ടികളെ ആ കോണുകളിലേയ്ക്ക് അയയ്ക്കണം. നമ്മുടെ നാട്ടിലെ ഏറ്റവും വലിയ മാൻ പവർ ഡെവലപ്മെന്റിനുവേണ്ടി നമുക്ക് അടുത്ത തലമുറയ്ക്കുവേണ്ടി കൂടുതൽ ചെയ്യാൻ കഴിയുന്ന ഒരു നല്ല കാര്യമാണ് എന്നതുകൊണ്ട് ഈ ബില്ലിനെ കണ്ണടച്ച് എതിർത്ത് ഇതിൻമേൽ കാറ്റുവിതച്ച് കൊടുങ്കാറ്റാക്കാതെ, ഇതിൽ പുറംതിരിഞ്ഞുനിൽക്കാതെ, ഇതിനെതിരായി കുട്ടിക്കുരങ്ങിനെക്കൊണ്ട് ചുടുചോറ് വാരിക്കാതെ, കുട്ടികളെ സമര രംഗത്തിറക്കി ബസ്സുകളെ കല്ലെറിഞ്ഞ് പൊട്ടിക്കാതെ ഇതിനെ അനുകൂലിക്കണം. മുൻ വൈസ് ചാൻസലർ വിളനിലം

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധ സമരം നമുക്കറിയാം. കോടിക്കണക്കിന് രൂപയുടെ മുതൽ നശിപ്പിച്ച ആ രീതിയിലുള്ള സമരാഭാസങ്ങൾ നടത്താതെ ഈ വക കാര്യങ്ങളിൽ സഹകരിക്കുമെന്ന നിലപാടെടുക്കണം. ഇതിനെ പിന്താങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രതിനിധികൾക്കും കാന്റീനിൽ ചായയ്ക്കുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അംഗങ്ങൾ ഓരോരുത്തരായി അത് കഴിക്കുവാൻ പോകണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ നേരത്തെ ഇവിടെ ഒരു കാര്യം പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു, വിജ്ഞാനലോകത്തെ നയിക്കുന്ന ഒരു നൂറ്റാണ്ടാണ് ഇതെന്ന്. അത് വളരെ സത്യമാണ്. വൈജ്ഞാനിക രംഗത്ത് ലോകം നേടിയ നേട്ടം സമൂഹത്തിലെ ഒരു പിടി സമ്പന്നവർഗ്ഗം കൈകളിലാക്കി ലോകത്തെ നിയന്ത്രിക്കുവാൻ ശ്രമിക്കുകയാണ്. ഈ സന്ദർഭത്തിൽ സമൂഹത്തിലെ പാവങ്ങൾക്കുകൂടി ആ നേട്ടങ്ങൾ എങ്ങനെ അനുഭവവേദ്യമാക്കാമെന്ന തർക്കമാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ളത്. ഈ തർക്കത്തിൽ സാധാരണക്കാർക്കുവേണ്ടിയാണ് ഞങ്ങൾ വാദിക്കുന്നതെങ്കിൽ സമ്പന്നവർഗ്ഗത്തിനുവേണ്ടിയാണ് അപ്പുറത്തുള്ളവർ നിൽക്കുന്നത്. അതുകൊണ്ടാണ് 50 ശതമാനം മെറിറ്റ് സീറ്റായിട്ടുവേണമെന്നും ബാക്കി 50 ശതമാനം മാനേജുമെന്റ് കാറ്റഗറിയിലെ പ്രവേശനത്തിന് മാനദണ്ഡം വേണമെന്നും വിദ്യാർത്ഥികളുടെ ഫീസ് ഘടന ഗവൺമെന്റ് നിശ്ചയിക്കണമെന്നും ഞങ്ങൾ പറയുന്നത്. പണം ഉള്ളവർ മാത്രം Professional College-കളിലെ സീറ്റുകൾ കൈക്കലാക്കുക എന്നു പറയുന്ന സമീപനത്തിൽ മാറ്റം വരുത്തണമെന്നതാണ് ഞങ്ങളുടെ ഭാഗത്തെ എതിർപ്പിന്റെ കാതലായ വശം. ഈ ബില്ലിലെ ന്യൂനതകൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതൊരു സമഗ്രമായ നിയമമല്ല, ഒരു ബിൽ അല്ല. ഇതിൽ ഉദ്ദേശിക്കുന്ന കാര്യങ്ങൾ പ്രൊഫഷണൽ സ്വാശ്രയ കോളേജുകൾക്ക് ബാധകമല്ല. ഈ ബില്ലിൽ പറയുന്നത്, ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾക്കുവേണ്ടിയാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്നാണ്. അങ്ങനെ വന്നാൽ പരിയാരം മെഡിക്കൽ കോളേജ് ഇതിന്റെ പരിധിക്ക് പുറത്താകും. അത് ഏത് നിയമപ്രകാരം നിയന്ത്രിക്കും? ഈ ബിൽ പാസ്സാക്കപ്പെട്ടാൽ ഗവൺമെന്റ് നേരിട്ടുനടത്തുന്ന ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., കെ.എസ്.ആർ.ടി.സി. ഇതൊക്കെ ഈ ബില്ലിന് പുറത്താകും. അവർക്കുതന്നെ അനുവദിച്ചുകൊടുക്കുന്നുണ്ടെങ്കിൽ മാനേജുമെന്റ് കാറ്റഗറി എന്നനിലയിൽ എൽ.ബി.എസ്.-ലെ മാനേജർ ആരായിരിക്കും? അവിടെ മാനേജുമെന്റ് കാറ്റഗറിയിൽ ഉള്ള 50 ശതമാനം സീറ്റിൽ ശ്രീ. നാലകത്ത് സൂപ്പിക്ക് ഇഷ്ടമുള്ളവരെ നിയമിക്കാം. കെ.എസ്.ആർ.ടി.സി.-യിലെ മാനേജർ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയായിരിക്കും. 50 ശതമാനം മാനേജ്മെന്റ് കാറ്റഗറിയിൽ കെ.എസ്.ആർ.ടി.സി. എഞ്ചിനീയറിംഗ് കോളേജിൽ അദ്ദേഹം ഉദ്ദേശിക്കുന്നവരെ നിയമിക്കാം. ഇത് ഇവർക്ക് ബാധകമാണോ? ഈ ബില്ലിൽ അതിന് വ്യവസ്ഥയുണ്ട്. ഇത് സംബന്ധിച്ച് വ്യക്തമായ കാര്യം എഴുതിവച്ചില്ലെങ്കിൽ ഇത്തരം മാനേജുമെന്റ് ഈ ബില്ലിന്റെ പരിധിക്കപ്പുറത്തായിരിക്കും. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രധാനപ്പെട്ട ന്യൂനതയാണിത്. 50 ശതമാനം മാനേജ്മെന്റ് കാട്ടയിൽ ഫീസ് ഘടന നിശ്ചയിക്കുന്നുവെന്ന വാദഗതി പ്രതിപക്ഷം ശക്തമായി ഉയർത്തുന്നുവെന്ന് മനസ്സിലായപ്പോൾ ഇതിനെ തടയിടാൻവേണ്ടിയാണ് എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റ് ഇവിടെ സമരപ്രഖ്യാപനം നടത്തിയത്. എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റും ഗവൺമെന്റുംകൂടി ചേർന്നുനടത്തിയ ഒത്തുകളിയാണ് ഈ സമരം. ഈ മാനേജുമെന്റ് സമരത്തിന് നേതൃത്വം കൊടുക്കുന്നത് ശ്രീ. കെ. എം. മാണിയാണ്. അദ്ദേഹത്തിന്റെ ഓഫീസിൽനിന്നാണ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് സമരത്തെ സംബന്ധിച്ച് ആലോചിക്കുന്നത്. കപ്പലിൽത്തന്നെയാണ് കളളനുളളത്. ഇങ്ങനെയുളള ഗവൺമെന്റിന് എങ്ങനെ ഈ നിയമം നടപ്പാക്കാൻ സാധിക്കും? ഈ ബിൽ നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ മാറണമെങ്കിൽ ഗവൺമെന്റിന്റെ സമീപനം മാറണം. വളരെ ക്രിയാത്മകമായിട്ടാണ് ഞങ്ങൾ ഈ ബില്ലിനോട് സഹകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ, ഉന്നതവിദ്യാഭ്യാസ രംഗത്തെ പുതിയ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തണം. എഞ്ചിനീയറിംഗ്, സാങ്കേതിക വിദ്യ, വൈദ്യശാസ്ത്രം, ദന്തവൈദ്യം, ഫാർമസി, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധവൈദ്യം, നഴ്സിംഗ് എന്നീ മേഖല മാത്രമാണ് ഇതിൽപ്പെട്ടിട്ടുളളത്. ബി.എഡ്. കോഴ്സ് ഇതിൽപ്പെട്ടിട്ടില്ല. ബി.എഡ്. കോഴ്സിനായി പുതുതായി 75 കോളേജുകളാണ് ഇപ്പോൾ കൊടുക്കാൻ പോകുന്നത്. ബി.എഡ്. കോഴ്സുകളിലേയ്ക്കുളള വിദ്യാർത്ഥി പ്രവേശനവും അവരുടെ ഫീസും ഈ നിയമംവഴി നിയന്ത്രിക്കാൻ സാധിക്കുകയില്ല. ഈ നിയമപ്രകാരം നിയമവിദ്യാഭ്യാസവും വരില്ല. അൺ എയ്ഡഡ് കോളേജ് എന്നുളള പേര് പറഞ്ഞുകൊണ്ട് ധാരാളം ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേറ്റ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. അവിടെ വാങ്ങുന്ന വിദ്യാർത്ഥി ഫീസ് എത്രയാണെന്നതിനെക്കുറിച്ച് ഈ ബില്ലിൽ വ്യവസ്ഥയില്ല. അവിടെയുളള വിദ്യാർത്ഥി പ്രവേശനം എങ്ങനെയാണെന്ന് ഇതിനകത്ത് പറയുന്നില്ല. കേരളത്തിലെ അൺ എയ്ഡഡ് കോളേജുകൾക്ക് സമഗ്രമായ നിയമം വേണമെന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു. അതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. അത്തരത്തിലുളള ഒരു നിയമമാക്കി ഇപ്പോൾത്തന്നെ ഇതിനെ മാറ്റണം. അതിനുവേണ്ടി പിന്നീട് മറ്റൊരു നിയമം കൊണ്ടുവരാമെന്നു പറഞ്ഞാൽ ഈ ഗവൺമെന്റ് പോകുന്നതുവരെ നിയമം വരുകയില്ല. കൊണ്ടുവന്ന നിയമത്തിൽത്തന്നെ ആപ്പ് കെണിഞ്ഞുകിടക്കുകയാണ്. മാത്രമല്ല, ഇപ്പോൾ ഞങ്ങൾ പറയുന്നത് അംഗീകരിക്കാൻ തയ്യാറായതിൽ സന്തോഷമുണ്ട്. 50 ശതമാനം സീറ്റിലേയ്ക്കുളള വിദ്യാർത്ഥി പ്രവേശനം മെറിറ്റ് കാട്ടയിൽ എടുക്കാൻ തയ്യാറായി എന്നുളളതിനെ ഞങ്ങൾ പൂർണ്ണമായി പിൻതാങ്ങുന്നു. അതിനോട് ഞങ്ങൾക്ക് യോജിപ്പാണ്. ബാക്കി 50 ശതമാനം മാനേജ്മെന്റ് കാട്ടയാണ്. അതിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം എങ്ങനെയെന്നുളളതിലാണ് ഞങ്ങൾക്ക് തർക്കമുളളത്. പരീക്ഷാ കമ്മിഷണർ നടത്തിയിട്ടുളള റാങ്ക്ലിസ്റ്റിൽ നിന്നായിരിക്കണം ആ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടത്. അതുപോലെ എൻ.ആർ.ഐ. സീറ്റിന്റെ കാര്യം. മെഡിക്കൽകോളേജുകളിലെ എൻ.ആർ.ഐ. സീറ്റിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ ആ എൻ.ആർ.ഐ. സീറ്റിലേയ്ക്കുളള പ്രവേശനം എങ്ങനെയെന്നതിനെകുറിച്ച് ബില്ലിൽ വ്യക്തതയില്ല. എൻ.ആർ.ഐ. സീറ്റിൽ ആരെ വേണമെങ്കിലും നിയമിക്കാം. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെകാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.ഐ.-ക്കാരുടെ മക്കൾക്ക് മാത്രമേ പ്രവേശനം ഉണ്ടായിരുന്നുള്ളൂ. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് അവരുടെ മക്കൾക്കു മാത്രമല്ല, അവരുടെ ബന്ധുക്കളേയും പ്രവേശിപ്പിക്കാം, അല്ലെങ്കിൽ ഒരു എൻ.ആർ.ഐ.-ക്കാരന് സ്പോൺസർ ചെയ്യാം എന്നൊക്കെയുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായി. അങ്ങനെ പണമുള്ള ആർക്കും കരസ്ഥമാക്കാൻ സാധിക്കുന്ന വിധത്തിൽ എൻ.ആർ.ഐ. ക്വാട്ട വന്നു. അതാണോ ഇതിൽ വ്യവസ്ഥപ്പെടുത്തുന്നതെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ഇവിടെ പ്രവർത്തിക്കുന്ന കോളേജുകളിൽ 50 ശതമാനം സീറ്റിലേയ്ക്കുള്ള ഫീസിന്റെ കാര്യത്തിലാണ് പ്രധാനമായി തർക്കമുള്ളത്. ആ ഫീസ് തോന്നുന്നതുപോലെ വാങ്ങാമെന്ന സ്ഥിതി വന്നാൽ എത്ര രൂപയും വാങ്ങുന്ന സ്ഥിതി വരും. അതുകൊണ്ട് 50 ശതമാനം സീറ്റിൽ എത്ര ഫീസ് വാങ്ങാം എന്നത് കാലാകാലങ്ങളിൽ ഗവൺമെന്റ് തീരുമാനിക്കണം. ഉയർന്ന ഫീസ് എത്രയാണെന്ന് ഗവൺമെന്റ് നിശ്ചയിച്ചുകൊടുക്കണം. കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും ഇപ്പോൾ അത്തരത്തിലൊരു തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. ഉയർന്ന ഫീസ് എത്രയാണെന്ന് ഗവൺമെന്റ് തീരുമാനിക്കുന്നതിനുവേണ്ടി റിട്ടയേർഡ് ഹൈക്കോടതി ചീഫ് ജസ്റ്റീസോ മറ്റാരെങ്കിലുമോ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി കാര്യങ്ങൾ പരിശോധിച്ച് ഒരു വർഷം കോളേജ് നടത്താൻ എത്ര തുക വേണം എന്ന് നിശ്ചയിച്ച് പ്രായോഗികമായ ഒരു ഫീസ് നിശ്ചയിച്ച് കൊടുക്കണം. ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു പുതിയ കോളേജും വേണ്ട എന്ന അഭിപ്രായം ഞങ്ങൾക്കില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഞങ്ങൾ പൊതുവേ എതിരാണ്. ഇപ്പോൾ ഇതൊരു യാഥാർത്ഥ്യമായി മാറിയ സാഹചര്യത്തിൽ ഇത് നിയന്ത്രിക്കാനാവശ്യമായ നിയമം കൊണ്ടുവരുമ്പോഴാണ് ഞങ്ങൾ ഈ നിർദ്ദേശം മുന്നോട്ടുകൊണ്ടുവരുന്നത്. ട്യൂഷൻ ഫീസ് സംബന്ധിച്ച് പറഞ്ഞതിൽ ചില അപാകതകളുണ്ട്. മെറിറ്റ് സീറ്റിലേയ്ക്കുള്ള ഫീസ് സംബന്ധിച്ച് പറഞ്ഞതിൽ ട്യൂഷൻ ഫീസ് മാത്രമാണ് ഗവൺമെന്റ് കോളേജിലെ ഫീസിന് തുല്യമാക്കിയിരിക്കുന്നത്. മറ്റ് ഫീസുകൾ എന്ന് പറഞ്ഞുകൊണ്ട് മെറിറ്റ് വിദ്യാർത്ഥികളിൽ നിന്ന് മാനേജർമാർക്ക് എത്ര ഫീസ് വേണമെങ്കിലും വാങ്ങാം. അത്തരത്തിൽ വാങ്ങാൻ കഴിയാത്ത വിധത്തിലുള്ള വ്യവസ്ഥകൾ ഉണ്ടാകണം. ബില്ലിൽ ഇപ്പോൾ കടന്നുകൂടിയിരിക്കുന്ന അപാകത നീക്കം ചെയ്യണം. വർഷകാലാടിസ്ഥാനത്തിലുള്ള ഫീസിനു പുറമേ ലൈബ്രറി ഫീസ്, ലബോറട്ടറി ഫീസ്, കൂടുതൽ നിക്ഷേപം, വികസന ഫീസ്, തിരികെ നൽകുന്ന നിക്ഷേപം ഇങ്ങനെയൊക്കെ പറഞ്ഞുകൊണ്ട് ഫീസ് വാങ്ങാമെന്നു പറഞ്ഞാൽ, എത്ര തുകയും മാനേജർക്ക് വാങ്ങാൻ സാധിക്കുന്ന വിധത്തിൽ അനിയന്ത്രിതമായ അവകാശം മാനേജ്മെന്റിന് കൊടുക്കുന്ന വകുപ്പ് ഈ ബില്ലിൽ നിന്ന് എടുത്തു മാറ്റുക തന്നെ വേണം. 50 ശതമാനം മെറിറ്റ് സീറ്റിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിലാണ് ഏറ്റവും വലിയ തട്ടിപ്പു നടക്കുന്നത്. ആദ്യം മുതൽ നമ്മൾ പറഞ്ഞത് 50 ശതമാനം മെറിറ്റ് സീറ്റ് വേണമെന്നാണ്. പക്ഷേ പുഷ്പഗിരി കോളേജ് ആദ്യം തന്നെ 100 ശതമാനം സീറ്റും മാനേജ്മെന്റ് ക്വാട്ടയിലാണ് എടുത്തത്. കോഴഞ്ചേരി കോളേജ് 75 ശതമാനം സീറ്റ് മാനേജ്മെന്റ് ക്വാട്ടയിലാണ് എടുത്തത്. കാരക്കോണം മെഡിക്കൽ കോളേജുകാർ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ തവണ രണ്ട് സീറ്റ് മാനേജ്മെന്റ് ക്വാട്ടയിൽ എടുത്തു. മെറിറ്റ് സീറ്റിൽ 48 പേർക്ക് കൊടുത്തു. രണ്ടെണ്ണം അധികം മാനേജ്മെന്റ് ക്വാട്ടയിൽ എടുത്തു. യഥാസമയം ഇതു സംബന്ധിച്ച് ലിസ്റ്റ് നൽകുന്നില്ല എന്നതിന്റെ ഫലമായിട്ടാണ് ഇത്തരത്തിലുള്ള സൗകര്യം അവർക്ക് ലഭിക്കുന്നത്. അതുകൊണ്ട് ആൾ ഇൻഡ്യാ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചതുപോലെ കൃത്യസമയത്ത് പരീക്ഷ നടത്തുകയും അതിനനുസരിച്ച് തീരുമാനമെടുക്കാൻ, യഥാസമയം തന്നെ വിദ്യാർത്ഥികളുടെ ലിസ്റ്റ് കൊടുക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായാൽ മാത്രമേ തട്ടിപ്പ് അവസാനിപ്പിക്കാൻ കഴിയൂ. അല്ലെങ്കിൽ വരാൻ പോകുന്ന അപകടമെന്നു പറയുന്നത് 50 ശതമാനം മെറിറ്റ് സീറ്റും നഷ്ടപ്പെടും എന്നുള്ളതാണ്. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പറഞ്ഞത് ജൂൺ മാസം 15-ാം തീയതിക്കു മുമ്പ് കൗൺസിലിംഗ് തുടങ്ങണമെന്നാണ്. പക്ഷേ ഇത് പൂർത്തീകരിക്കാറില്ല. ആഗസ്റ്റ് 1-നു മുമ്പ് ക്ളാസ് തുടങ്ങണമെന്നാണ് അവർ നിർദ്ദേശിക്കുന്നത്. സെപ്റ്റംബർ 30-നുള്ളിൽ പൂർണ്ണമായി പൂർത്തീകരിക്കണം. സെപ്റ്റംബർ 30 കഴിഞ്ഞാൽ ഒറ്റ വിദ്യാർത്ഥിയെപ്പോലും പ്രവേശിപ്പിക്കാൻ സാധിക്കുകയില്ല. പക്ഷേ ഇപ്പോൾ പല മാനേജ്മെന്റുകൾക്കും, എൻട്രൻസ് പരീക്ഷാ കമ്മിഷണർ ഓഫീസുമായി ഒത്തുകളിയുണ്ട്. സെപ്റ്റംബർ മാസം 30-ാം തീയതി അവസാനദിവസമായിരിക്കും ഇതു സംബന്ധിച്ച് ലിസ്റ്റ് കൊടുക്കുന്നത്. അപ്പോൾ യഥാർത്ഥത്തിൽ മെറിറ്റ് ക്വാട്ടയിൽ വരുന്ന വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാത്ത സ്ഥിതി വരികയും എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിൽ നിന്ന് allotment നേടിയ കുട്ടി തക്കസമയത്ത് വരാത്തതുകൊണ്ട് മാനേജ്മെന്റിന് ഇഷ്ടമുള്ളവരെ മെറിറ്റ് സീറ്റിലേക്ക് കയറ്റുകയും ചെയ്യുന്ന സ്ഥിതിവിശേഷം വരും. ഇത് ഒഴിവാക്കത്തക്കവിധത്തിൽ പരീക്ഷ നടത്തിക്കൊടുക്കുന്നതിനുള്ള ഇന്നത്തെ സ്ഥിതിയിൽ മാറ്റം വരണം. ഇത്തരം കോളേജുകളിൽ എത്ര ഫീസ് വാങ്ങിയാലും ചോദ്യം ചെയ്യാൻ വിദ്യാർത്ഥിക്ക് സാധിക്കുകയില്ല. ഒരു ദന്തൽകോളേജിൽ കഴിഞ്ഞ വർഷത്തെ ഫീസ് തന്നെ ഈ വർഷം കൊടുക്കാത്തതിന്റെ പേരിൽ വിദ്യാർത്ഥികളെ പുറത്തുനിർത്തിയ കാര്യം പറയുകയുണ്ടായി. ഇതിനുള്ള കാരണം, ഈ കോളേജിലുള്ള ഇന്റേണൽ അസസ്സ്മെന്റ് സമ്പ്രദായമാണ്. ഇതുകാരണം, വിദ്യാർത്ഥി എത്ര ഫീസ് ചോദിച്ചാലും കൊടുക്കാൻ നിർബന്ധിപ്പിക്കപ്പെടുകയാണ്. ഇന്റേണൽ അസ്സസ്മെന്റ് സമ്പ്രദായം ഒരു ഇന്റേണൽ അസ്സോസിയേഷനായി മാറിയിരിക്കുകയാണ്. ഇതുപയോഗിച്ച് വിദ്യാർത്ഥികളെ എത്ര വേണമെങ്കിലും ചൂഷണം ചെയ്യാനുള്ള സാഹചര്യം ഇന്ന് മാനേജ്മെന്റിനുണ്ട്. അതു കൊണ്ട് അതിന് ഇട കൊടുക്കാത്തവിധത്തിൽ ഈ ബില്ലിൽ സമൂലമായ മാറ്റം വേണം. അതിന് ഗവൺമെന്റ് തുറന്ന സമീപനം സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഈ കാര്യത്തിൽ ഞങ്ങളുടെ ഭാഗത്തുനിന്ന് ക്രിയാത്മകമായ ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ ചർച്ചയുമായി ഇപ്പോഴും സഹകരിക്കുന്നതുതന്നെ ഞങ്ങൾ നടത്തിയിട്ടുള്ള ദീർഘമായ പോരാട്ടത്തിന്റെ ഫലമാണ്. 50 ശതമാനം മെറിറ്റ് സീറ്റിൽ ഗവൺമെന്റ് കോളേജിലെ ഫീസ് എന്നുള്ളത് അംഗീകരിച്ചിരിക്കുന്നു. ഇതു നടപ്പാക്കാൻ വേണ്ടി തുടങ്ങുമ്പോൾ മാനേജ്മെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന സമ്മർദ്ദത്തിന് ഗവൺമെന്റ് കീഴടങ്ങരുത്. അതിന് ഗവൺമെന്റിന്റെ കൂടെ കേരളത്തിലെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ പ്രസ്ഥാനങ്ങളും ഒന്നിച്ചുണ്ടാകും. അതേ സന്ദർഭത്തിൽ മാനേജ്മെന്റ് ശ്രമിക്കുന്നത് വില പേശി 50 ശതമാനം സീറ്റിലേയ്ക്ക് മാനേജ്മെന്റിന് ഇഷ്ടമുള്ള ഫീസ് വാങ്ങാനും അവർക്ക് ഇഷ്ടമുള്ളവരെ പ്രവേശിപ്പിക്കാനും വേണ്ടിയുള്ള അധികാരം നേടിയെടുക്കാനാണ്. അതിന് ഗവൺമെന്റ് കീഴടങ്ങാതെ ഞങ്ങൾ നിർദ്ദേശിക്കുന്ന ഭേദഗതിയോടുകൂടി ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നല്ല അന്തരീക്ഷമുണ്ടാകും. അതല്ല, മാനേജ്മെന്റിനെ സഹായിക്കുന്ന വകുപ്പുകളോടുകൂടിയാണ് പാസ്സാക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് കലുഷിതമായ ഒരു സാഹചര്യം ഉണ്ടാകും. അതുകൊണ്ട് ആ സമീപനം മാറ്റി ബിൽ കുറ്റമറ്റതാക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

5.00 p.m.]

ശ്രീ. വി. ഡി. സതീശൻ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ചെയ്ത ഏറ്റവും ഫലപ്രദവും ഗുണപരവുമായ ഒരു കാര്യമാണ് ഇത്. യാതൊരു നിവൃത്തിയുമില്ലാത്ത പതിനായിരക്കണക്കിന് കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം കിട്ടാനുള്ള ഒരു സൗകര്യം ഉണ്ടാക്കിയിരിക്കുന്നത് കേരളത്തിൽ ദോഷൈകദൃക്കുകളായ ആളുകൾക്ക് അംഗീകരിക്കാനാവില്ല. പലപ്പോഴും വിദ്യാഭ്യാസ രംഗം ഉൾപ്പെടെയുള്ള പല മേഖലകളിലും പരിഷ്ക്കാരങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അതിശക്തമായ എതിർപ്പുകളാണ് ഉണ്ടാകാറുള്ളത്. അത്തരം എല്ലാ നീക്കങ്ങളും ആ എതിർപ്പുകളിൽ മുങ്ങിപ്പോകാറാണ് പതിവ്. പക്ഷേ ഈ പ്രാവശ്യം വളരെയധികം ആക്ഷേപങ്ങൾ കേട്ടുവെങ്കിലും വളരെയധികം ആരോപണങ്ങൾക്ക് ശരവ്യമായെങ്കിലും ഗവൺമെന്റ് വളരെ ധീരമായ കാൽവെയ്പുകളോടെ സ്വാശ്രയ കോളേജ് തുടങ്ങാനുള്ള ഒരു തീരുമാനമെടുത്ത് മുന്നോട്ടുപോവുകയായിരുന്നു. ഇതിനകത്തുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം അധികബാധ്യതകളില്ലാതെ ഗവൺമെന്റിന് കാര്യമായ യാതൊരു ഇൻവെസ്റ്റുമെന്റുമില്ലാതെ, സംസ്ഥാനത്ത് കോടിക്കണക്കിന് രൂപയുടെ ഇൻവെസ്റ്റുമെന്റുണ്ടായിരിക്കുന്നു എന്നുള്ളതാണ്. ഇന്നുരാവിലെ എല്ലാവരും സംസാരിച്ചത് നിക്ഷേപത്തെക്കുറിച്ചാണ്. പല രീതിയിലുള്ള നിക്ഷേപം നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരിക്കുന്നു. ആ നിക്ഷേപം പുതിയ വിദ്യാസമ്പന്നരായ തലമുറയെ വാർത്തെടുക്കാൻ പ്രയോജനപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. 50 ശതമാനം മെറിറ്റ് സീറ്റുകളിൽ കേരളത്തിലെ സാധാരണക്കാരായ നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കിട്ടുകയും അവർക്ക് സർക്കാർ കോളേജുകളിലെ ഫീസ് മാത്രം കൊടുത്താൽ മതിയെന്നു പറയുകയും ചെയ്തിരിക്കുകയാണ്. അതുതന്നെ സ്വാശ്രയ കോളേജുകളുടെ ഏറ്റവും വലിയ attraction ആണ്. പൊതുമേഖലയിലെ ഒരു വിദ്യാഭ്യാസ സ്ഥാപനവും അടച്ചുപൂട്ടിക്കൊണ്ടല്ല ഗവൺമെന്റ് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി കൊടുത്തിരിക്കുന്നത്. ഇവിടെ എല്ലാവരും സംശയം പ്രകടിപ്പിച്ചത് ബില്ലിലെ രണ്ടാമത്തെ പാർട്ടിലാണ്. 50 ശതമാനം മാനേജുമെന്റുകൾക്ക് കൊടുക്കുമ്പോൾ അവർക്ക് എന്തിനാണ് ഫീസ് നിശ്ചയിക്കാനുള്ള അവകാശം കൊടുത്തത് എന്നുള്ളതിനെക്കുറിച്ചു മാത്രമാണ് പ്രധാനപ്പെട്ട തർക്കം ഇവിടെയുണ്ടായത്. സത്യത്തിൽ ഇങ്ങനെയൊരു അന്തരീക്ഷം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഉണ്ടാകാൻ കാരണം സുപ്രീംകോടതിയുടെ ഇക്കാര്യത്തിലുള്ള ഇടപെടലാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ആദ്യകാലത്തുണ്ടായിരുന്ന ഉണ്ണിക്കൃഷ്ണൻ കേസിലെ പ്രധാനപ്പെട്ട വിധി വിദ്യാഭ്യാസം nationalise ചെയ്യുന്നതിന് തുല്യമായ വിധിയാണ്. ആ വിധിപ്രഖ്യാപനത്തെയാണ് കേരളത്തിലേയും ഇന്ത്യയിലേയും മാനേജുമെന്റുകൾ ചോദ്യം ചെയ്തത്. ഉണ്ണിക്കൃഷ്ണൻ കേസിലെ വിധി ചോദ്യം ചെയ്യപ്പെട്ടത് ടി.എം.എ. പൈ കേസിലാണ്. ഭരണഘടനയിലെ സുപ്രധാന വകുപ്പുകൾ 19 (1)(g) Fundamental Right, Article 26, Article 30 എന്നിവയുൾപ്പെടെയുള്ള കാര്യങ്ങളാണ് ടി.എം.എ. പൈ കേസിൽ വിശദമായി ചർച്ച ചെയ്യപ്പെട്ടത്. 11 അംഗ Constitution Bench-ൽ രണ്ടാമതുവന്ന ഇസ്ലാമിക് അക്കാഡമിക് കേസിലാണ് വളരെ സീറ്റെയിൽഡായി ഇതിന്റെ procedure-നെക്കുറിച്ച് എല്ലാം പറഞ്ഞിരിക്കുന്നത്. നമുക്ക് ഒരു ചോയിസ് മാത്രമേയുള്ളൂ. ഒന്നുകിൽ സുപ്രീംകോടതി വിധി നമ്മൾ അനുസരിക്കണം. സുപ്രീം കോടതി വിധി അനുസരിക്കണമെങ്കിൽ ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള ഫീസ് നപ്പിലാക്കണം. അങ്ങനെ വരുമ്പോൾ നമ്മളെല്ലാവരും സമന്വയത്തിലെത്തിയ 50 ശതമാനം സർക്കാർ മെറിറ്റിലെ കുട്ടികൾക്ക് സർക്കാർ കോളേജിലെ ഫീസ് കൊടുക്കാൻ പറ്റില്ല. കാരണം ഇസ്ലാമിക് അക്കാഡമിയുടെ കേസ് ഇവിടെ ആരും ചർച്ചചെയ്ത് കേട്ടില്ല. ഏറ്റവും വിശദമായി fees structure-നെ ക്കുറിച്ച് പറയുന്ന ഭാഗത്ത് സംസാരിക്കുന്നത് cross subsidy-യെക്കുറിച്ചാണ്. Cross subsidy-യിൽ പറയുന്നത് എല്ലാവർക്കും തുല്യ ഫീസ് വേണമെന്നാണ്. സമ്പന്നരിൽ നിന്നും ഫീസ് വാങ്ങി സാധാരണക്കാർക്ക് ഫീസ് ഇളവുചെയ്തു കൊടുക്കരുത് എന്നുതന്നെയാണ് സുപ്രീംകോടതി വിധിയിൽ പറയുന്നത്; 50 ശതമാനം ആളുകളിൽ നിന്നും കൂടുതൽ ഫീസ് വാങ്ങിയിട്ട് മെറിറ്റിൽ admission വാങ്ങുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ College-കളിലുള്ള ഫീസ് നിരക്കിൽ പഠിക്കാനുള്ള അവസരമുണ്ടാക്കി കൊടുക്കരുത് എന്നാണ്. Cross subsidy ഒരു കാരണവശാലും പാടില്ല എന്നാണ് ഇസ്ലാമിക് അക്കാഡമി കേസിൽ പറയുന്നത്. ഇന്നലെ ശ്രീ. ജയരാജൻ സംസാരിച്ചപ്പോൾ ടി.എം.എ. പൈ കേസിനേയും ഇസ്ലാമിക് അക്കാഡമി കേസിനേയും വ്യാഖ്യാനിച്ചാണ് സംസാരിച്ചത്. പക്ഷേ ഈ യാഥാർത്ഥ്യം നമ്മൾ ആദ്യം ഈ ബില്ലിനെ സമീക്കുമ്പോൾ തിരിച്ചറിയണം. സുപ്രീംകോടതി വിധിയനുസരിക്കാൻ പോയാൽ 50 ശതമാനം മെറിറ്റിലെ വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിലെ ഫീസ് കൊടുക്കാൻ കഴിയില്ല. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ തോന്നുന്നപോലെ ഫീസ് വാങ്ങിക്കുടേയെന്നാണ് സംശയം, കേരളത്തിൽ മാനേജുമെന്റ് കൊടുക്കുന്ന 50 ശതമാനം സീറ്റുകളിൽ തോന്നുന്നപോലെ അങ്ങനെ ലക്ഷക്കണക്കിന് ഫീസ് വാങ്ങാൻ പറ്റുമോ? കർണാടകയിലേയും തമിഴ്നാട്ടിലേയും പല എഞ്ചിനീയറിംഗ് കോളേജിലും മെഡിക്കൽ കോളേജിലും സീറ്റുൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇവിടെ അങ്ങനെ തോന്നുന്നപോലെ ഫീസ് വന്നാൽ പഴയതുപോലെ ആളുകൾ അങ്ങോട്ടുപോകും. ഈ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടേണ്ടിവരും. ഒരു competition ഈ മേഖലയിലുണ്ട് എന്നുള്ള കാര്യം ആരുവിസ്മരിക്കരുത്. ലക്ഷക്കണക്കിന് രൂപ ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാട്ടിലേയും കർണാടകയിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഏജന്റുമാർ കൊച്ചിയിലും തിരുവനന്തപുരത്തും കോഴിക്കോടും വന്ന് ക്യാമ്പുചെയ്ത് ഒരു രൂപപോലും ക്യാപ്പിറ്റേഷൻ ഫീ വേണ്ട, ഫീസ് മാത്രം തന്നാൽ മതിയെന്നു പറഞ്ഞ് കുട്ടികളെ ക്യാൻവാസ് ചെയ്യുന്ന സമയത്താണോ മാനേജുമെന്റുകൾക്ക് ഫീസ് നിശ്ചയിക്കാനുള്ള അധികാരം കൊടുക്കുന്നത്? അങ്ങനെ കൊടുത്താൽ തോന്നുന്നപോലെ ഫീസുണ്ടാകും, ഒരു കാരണവശാലും അതുണ്ടാകാൻ പാടില്ലെന്നു മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ബില്ലിലേയ്ക്ക് കടക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ചില കാര്യങ്ങളോട് ഞാനും യോജിക്കുകയാണ്. ബില്ലിൽ ഒരിക്കലും അവ്യക്തതയുണ്ടാകാൻ പാടില്ല എല്ലാകാര്യങ്ങളിലും ഇതിനകത്ത് തീരുമാനമുണ്ടാകണം, ഏതെങ്കിലും കാര്യങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റി സ്ക്രൂട്ടിണി സമയത്തോ clause by clause ആയിട്ട് amendment-കൾ അവതരിപ്പിക്കുന്ന സമയത്തോ ആവശ്യമായ കാര്യങ്ങൾകൂടി കൂട്ടിച്ചേർക്കണം. എനിക്ക് ഒരു നിർദ്ദേശം സമർപ്പിക്കാനുള്ളത് ക്ലാസ് 3(4)-ൽ പറയുന്നത് "മാനേജുമെന്റ് ക്വാട്ടയിലുള്ള സീറ്റുകൾ സർക്കാർ നടത്തിയ പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നോ അഥവാ സംസ്ഥാനത്തിലെ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട കൺസോർഷ്യം നടത്തിയ പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നോ നികത്തേണ്ടതാണ്" എന്നാണ്. കൺസോർഷ്യം തയ്യാറാക്കുന്ന ലിസ്റ്റിൽ 20,000 പേർ പരീക്ഷ എഴുതിയൽ ആ 20,000 പേരുടെ ലിസ്റ്റും പബ്ലിഷ് ചെയ്യുകയാണ്. ഈ ക്ലാസ് അനുസരിച്ച് 20,000-ാമത്തെ റാങ്കുകാരനും അതിനു തൊട്ടുമുമ്പുള്ള റാങ്കുകാരും അഡ്മിഷൻ കൊടുക്കാം. അവിടെയൊരു vagueness ഉണ്ട്. കൺസോർഷ്യം തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കണമെന്നാണ് ഇതിനകത്ത് എഴുതേണ്ടത്. അല്ലാതെ ലോകത്തുള്ള മുഴുവൻ കുട്ടികളേയുംകൊണ്ട് പരീക്ഷ എഴുതിച്ചിട്ട്, പരീക്ഷ എഴുതിയ എല്ലാവർക്കും റാങ്ക് കിട്ടും; ഏറ്റവും മോശമായ ആൾക്കും റാങ്ക് കിട്ടും.care of-ൽ പഠിത്തത്തിൽ മോശമായ ഒരു കുട്ടിക്കും ഇതിനകത്ത് കയറാനുള്ള സൗകര്യമുണ്ടാക്കി കൊടുക്കരുത്. മെറിറ്റ് അടിസ്ഥാനത്തിൽ തന്നെ മാനേജുമെന്റ് കൺസോർഷ്യം തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും എടുക്കണം. അതല്ലെങ്കിൽ നമ്മുടെ ചില ഉദ്ദേശ്യലക്ഷ്യങ്ങൾ പരാജയപ്പെടുമെന്നാണ് സൂചിപ്പിക്കാനുള്ളത്. ക്ലാസ് 3(6)-ൽ പറയുന്നത് "(1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നഷ്ടമായ സീറ്റുകൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവ (4)-ഉം (5-ഉം ഉപവകുപ്പുകൾക്ക് അനുസൃതമായി, മാനേജുമെന്റിന് നികത്താവുന്നതാണ്" എന്നാണ്. അപ്പോൾ നഷ്ടമായ സീറ്റുകൾ എന്നിവിടെ ഡെഫനിഷനിൽ കൊടുത്തിരിക്കുന്നത് പ്രവേശന പരീക്ഷാ കമ്മിഷണർ സർക്കാർ കോളേജിലുള്ള സീറ്റുകളിലേയ്ക്ക് കൂടുതലായി യാതൊരു അപേക്ഷകരേയും നിർദ്ദേശിക്കുന്നതല്ല എന്ന് അറിയുന്ന പക്ഷം, അപ്പോഴും മാനേജുമെന്റിന് നികത്താവുന്ന സർക്കാർ കോളേജുകളിലുള്ള സീറ്റുകൾ എന്നർത്ഥമാകുന്നു. അതായത് പ്രവേശന പരീക്ഷാ കമ്മിഷണർ മെഡിസിനും എഞ്ചിനീയറിംഗിനും ഉൾപ്പെടെയുള്ള സീറ്റുളിൽ ഇനിയിവിടെ ബാക്കിയൊന്നുമില്ല, ഇനി ഞങ്ങൾക്ക് നിർദ്ദേശിക്കാനുള്ളസീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെന്നു പറയുന്ന ഒരന്തരീക്ഷം ഉണ്ടാകുമോ? ഇവിടെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പരീക്ഷ എഴുതുമ്പോൾ മെറിറ്റ് ലിസ്റ്റിൽ എപ്പോഴും ബാക്കിയുണ്ടാകും. അങ്ങനെയൊരു ക്ലാസ് ചേർത്തു എന്നതിന്റെ പേരിൽ മെറിറ്റിൽ 50 ശതമാനം അർഹമായ സീറ്റുകൾ ഒരു വിദ്യാർത്ഥിക്കുപോലും നിഷേധിക്കപ്പെടാനുള്ള അവസരമുണ്ടാകരുത്. പ്രവേശന പരീക്ഷാ കമ്മിഷണർ നിശ്ചയമായും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ലിസ്റ്റിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മിഷണറുടെ common list-ൽ നിന്നും അതാതു സമയത്ത് കൃത്യമായി അറിയിച്ചുകൊടുക്കണം. അറിയിച്ചുകൊടുക്കാനുള്ള ലിസ്റ്റിൽ ഇഷ്ടംപോലെ കുട്ടികൾ കേരളത്തിൽ ഏതു സബ്ജക്ടിലുമുണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. ആ ക്ലാസ് ഇതിനകത്തുനിന്നും avoid ചെയ്യണം. നഷ്ടമായ സീറ്റുകളെന്നുപറയുന്ന ഒരു വിഷയം ഇവിടെയുണ്ടാകാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ ക്ലാസ് 9-ൽ പീനൽ പ്രൊവിഷനാണ് പറയുന്നത്, അതിനെക്കുറിച്ച് പലരും പറഞ്ഞു, 5 ലക്ഷം രൂപയെന്നു പറയുന്നത് അവർക്കുള്ള ഒരു പെനാൽറ്റിയല്ല. ഞാനവർക്ക് എതിരായിട്ടുള്ള ആളല്ല, അവർ കോടിക്കണക്കിന് രൂപ മുടക്കി ആ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോവുകയാണ്. പക്ഷേ ഈ ബില്ലിൽ പറയുന്ന കാര്യങ്ങൾക്ക് എവിടെയെങ്കിലും violation ഉണ്ടായാൽ 5 ലക്ഷം രൂപ പെനാൽറ്റി എന്നു പറയുന്നത് തീരെ കുറവാണെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ അഫിലിയേഷൻ പിൻവലിക്കാനുള്ള അവകാശത്തെക്കുറിച്ചൊക്കെ ഇതിൽ പറയുന്നുണ്ട്. ഞാൻ ഇന്നലെ സംസാരിച്ചപ്പോൾ പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം ക്വാളിറ്റി ഓഫ് ടീച്ചേഴ്സിനെക്കുറിച്ചാണ്. അപ്പോൾ ഇവിടെ ചോദിച്ചു എന്ത് ക്വാളിറ്റിയാണെന്ന്. നമ്മുടെ മെഡിക്കൽ കോളേജിലൊക്കെ നാട്ടു വൈദ്യൻമാരെക്കൊണ്ട് പഠിപ്പിക്കാൻ പറ്റുമോ? ഇന്നലെ ശ്രീ. എം. വി. ജയരാജൻ വളരെ വ്യക്തമായ ചില കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലുമൊക്കെ മെഡിക്കൽ കൗൺസിൽ കാലാകാലങ്ങളിലുള്ള ചെക്കിംഗ് നടത്തുന്നുണ്ട്. അതിനൊക്കെയുള്ള സ്ഥാപനങ്ങൾ വേറെയാണ്. ക്വാളിറ്റി ചെക്ക് ചെയ്യാനും ഫാക്കൽറ്റി പരിശോധിക്കാനുമൊക്കെയുള്ള അവകാശാധികാരങ്ങളുള്ള ഏജൻസികളുണ്ട്. സർവ്വകലാശാലകളിൽ അഫിലിയേഷനും ഉണ്ട്. സർവ്വകലാശാലകളിലെ അഫിലിയേഷൻ വച്ചുതന്നെ സർവ്വകലാശാലയ്ക്കും പരിശോധിക്കാനുള്ള അധികാരങ്ങളുണ്ട്. അപ്പോൾ ഇതൊക്കെ ആവശ്യമില്ലാത്ത സംശയങ്ങളാണ്. മറ്റൊന്ന് പൊതു വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സംശയങ്ങളാണ്. നിങ്ങൾക്ക് ഒരു സംശയവും വേണ്ട; പൊതു വിദ്യാഭ്യാസം സംസ്ഥാനത്ത് നിലനിർത്തണം. സ്വാശ്രയ കോളേജുകൾ സംസ്ഥാനത്ത് വന്നു എന്നതിന്റെ പേരിൽ ഒരു പൊതു വിദ്യാഭ്യാസ സ്ഥാപനംപോലും പൂട്ടാനുള്ള അവസ്ഥയുണ്ടാകരുത്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കാൻ സർക്കാരിന് കിട്ടുന്ന സമയമായി ഇതിനെ കാണണം. അപ്പുറത്തിരിക്കുന്നവർ പ്രസംഗിച്ചപ്പോൾ എ.ഡി.ബി.-യുടെ നിർദ്ദേശമനുസരിച്ചാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം തകർക്കാൻ പോകുന്നതെന്ന് പറയുകയുണ്ടായി. എ.ഡി.ബി.-യുടെ സെക്കന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റാൾമെന്റ് നമുക്ക് ഇതുവരെ കിട്ടിയില്ല. ബംഗാളിലും കൽക്കത്തയിലുമൊക്കെ സെക്കന്റ് ഇൻസ്റ്റാൾമെന്റ് വാങ്ങിക്കാനുള്ള എല്ലാ പ്രൊസീഡ്യൂവറും പൂർത്തിയാക്കി. നമ്മളേക്കാൾ സ്പീഡിലാണ് അവർ വാങ്ങിക്കുന്നത്. എനിക്കൊരു സംശയമുണ്ട്, സി.പി.ഐ. (എം) എന്നുപറയുന്നത് ഒരു പ്രാദേശിക പാർട്ടിയാണോ? സംസ്ഥാനത്തിനുപുറത്തുള്ള കാര്യം നോക്കുന്നില്ല, കേരളത്തിലെ കാര്യമാണ് ഞാൻ പറയുന്നത്. നമുക്ക് എ.ഡി.ബി.-യുടെ സെക്കന്റ് ഇൻസ്റ്റാൾമെന്റ് കിട്ടണമെങ്കിൽ ഇനിയും ഒരുപാട് പ്രൊസീഡ്യുവറുണ്ട്. ബംഗാളിൽ പറഞ്ഞിട്ടില്ലാത്ത എന്ത് കാര്യമാണ് എ.ഡി.ബി. കേരളത്തിൽ ഇംപോസ് ചെയ്തിരിക്കുന്നത്? ഒന്നും ഇംപോസ് ചെയ്തിട്ടില്ല. അങ്ങനെ ചെയ്യാൻ പറ്റുമോ? കേരളക്കാരോട് വിരോധം, ബംഗാൾകാരോട് സ്നേഹം. ഇതൊക്കെ തെറ്റായ കാര്യങ്ങളാണ്. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റി മുൻപാകെ വരുന്ന ഭേദഗതികൾ അംഗീകരിച്ച് ഈ ബില്ലിലുള്ള അവ്യക്തതകൂടി മാറ്റണം. കേരളത്തിലെ സ്വാശ്രയ മാനേജുമെന്റുകളെ നിയന്ത്രിക്കാനും വിദ്യാഭ്യാസത്തെ സംരക്ഷിക്കാനും, കേരളത്തിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനുമുള്ള അവകാശം സംരക്ഷിച്ചുകൊണ്ടുള്ള ഒരു ബില്ലായിരിക്കണം ഇത് എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഇവിടെ പ്രസംഗിച്ച കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ ഒരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ ക്ളാസ് 2 (കെ) അൺഎയിഡഡ് പ്രൊഫഷണൽ കോളേജിന്റെ ഡെഫനിഷനിൽ എന്താണ് പറഞ്ഞിരിക്കുന്നത്? "Unaided professional colleges" means a college maintained by a person or body of persons affiliated to or recognized by a University and not receiving any financial assistance from Government and includes a Deemed University or a college thereunder functioning in the State എന്നാണ്. എന്റെ അഭിപ്രായത്തിൽ ഇതിനെ സംബന്ധിച്ച് നിയമം പാസ്സാക്കാൻ നിയമസഭയ്ക്ക് legislative competency ഇല്ല. എഡ്യൂക്കേഷൻ എൻട്രി 42-ാം ഭരണഘടനാ ഭേദഗതി വരെ ലിസ്റ്റ് 2-ൽ എൻട്രി 11 ആയിരുന്നു. 42-ാം ഭേദഗതിയോടുകൂടി കൺകറന്റ് ലിസ്റ്റിൽ ഐറ്റം 25 ആയിട്ട് introduce ചെയ്തു. എന്നാൽ എഡ്യൂക്കേഷൻ മൊത്തമായി കൺകറന്റ് ലിസ്റ്റിൽ കൊടുത്തിരുന്നില്ല. ഞാൻ അതിന്റെ റിലവന്റ് എൻട്രി വായിക്കാം. കൺകറന്റ് ലിസ്റ്റിൽ കൊടുത്തിരുന്ന എൻട്രി 25 വിദ്യാഭ്യാസ ലിസ്റ്റ് (1)-ൽ 63, 64, 65, 66 എന്നീ ഉൾക്കുറിപ്പുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസം, വൈദ്യശാസ്ത്ര പഠനം, സർവ്വകലാശാലകൾ ഇവ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ തൊഴിൽഭാരവും സാങ്കേതികമായ പരിശീലനവുമെന്നു പറഞ്ഞാൽ എൻട്രി 25-ലെ കൺകറന്റ് ലിസ്റ്റിലെ എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം ലിസ്റ്റ് (1)-ലെ 63-ഉം 64-ഉം 65-ഉം 66-ഉം എൻട്രികൾ കാർവ് ചെയ്ത് മാറ്റിയിരിക്കുകയാണ്. അതൊഴിച്ചുള്ള എഡ്യൂക്കേഷൻ സബ്ജക്ട് മാത്രം കൺകറന്റ് ലിസ്റ്റിൽപ്പെടുത്തിയതുകൊണ്ട് നിയമസഭയ്ക്ക് നിയമനിർമ്മാണത്തിന് അധികാരം കിട്ടുന്നു. ഇനി യൂണിയൻ ലിസ്റ്റ് (1) നോക്കാം. 63, 64, 65, 66. റിലവെന്റ് എൻട്രി 66 ആണ്. ഉന്നത

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസത്തിനോ ഗവേഷണത്തിനോ വേണ്ടിയുള്ള സ്ഥാപനങ്ങളിലേയും സ്വാശ്രയവും സാങ്കേതികവുമായ സ്ഥാപനങ്ങളിലേയും മാനദണ്ഡങ്ങളുടെ ഏകോപനവും നിശ്ചയവും അവിടെ Deemed University-യെ സംബന്ധിച്ചിടത്തോളവും എൻട്രി 66-ൽ വരുന്നതാണ്. Deemed University, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. ഞാൻ ഇതു പറയാൻ കാരണം മഹാരാഷ്ട്രയിലെ ഭാരതി വിദ്യാപീഠം Deemed University-യെ ഇതുപോലെ കോമൺ എൻട്രൻസ് എക്സാമിനേഷൻ സ്കീമിൽ ഉൾപ്പെടുത്തി സീറ്റ് അലോട്ട് ചെയ്യുന്ന ഒരു ഗവൺമെന്റ് ഓർഡർ വന്നു. ഇതിനെ സുപ്രീം കോടതിയിൽ ചോദ്യം ചെയ്തു. ആ സുപ്രീം കോടതി വിധി Bharati Vidyapeeth [Deemed University] and others versus State of Maharashtra and another ആണ്. അതിൽ സുപ്രീംകോടതി പറഞ്ഞു സ്വാശ്രയ കോളേജുകളുടെ ലിസ്റ്റിൽ, സ്വാശ്രയ കോളേജുകൾക്കുവേണ്ടി ഉണ്ടാക്കുന്ന നിയമത്തിന്റെ പരിധിയിൽ Deemed University-യെ കൊണ്ടുവരാൻ പാടില്ല എന്ന്. കാരണം Deemed University-ലെ ഫീസ് സ്ട്രക്ച്ചറും അഡ്മിഷനുമൊക്കെ എൻട്രി 66-ൽ വരുന്നതാണ്. ഇത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ ആക്ടിന്റെ പരിധിയിലായതാണ്. അതിന്റെ റിലവന്റ് പാരഗ്രാഫ് ഞാൻ വായിക്കാം.

Paragraph 16: It is now settled position in law that within the concepts of co-ordination and determination of standards in institutions for higher education or research and scientific and technical institutions, the entire gamut of admission will fall. Therefore, if any aspect of admission of students in colleges would fall within Entry 66 and it necessarily stands excluded as has been held in the Gujarat University's case (supra). After examining the power of the State to prescribe medium of instruction in institutions for higher education it is stated in that decision as follows:

"Item 25 of the Concurrent List confers power upon the Union Parliament and the State Legislatures to enact legislation with respect to 'vocational and technical training of labour'. It is manifest that the extensive power vested in the Provincial Legislature to legislate with respect to higher, scientific and technical education and vocational and technical and technical training of labour, under the Government of India Act is under the Constitution controlled by the five items in List I and List III mentioned in item (ii) of List II. Items 63 to 66 of List I are carved out of the subject of education and in respect of these items the power to legislate is vested exclusively in the Parliament."

LIBRARY ARCHIVES Kerala Legislative Assembly

If the power to legislate in regard to those aspects are entirely carved out of the subject of education and vested in Parliament even at a time when 'Education' fell under List II, we find no reason now not to accept the arguments advanced on behalf of the appellant that once an institution comes within the scope of Entry 66 of List I it falls outside the control of the provisions of Entry 25 of List III.

Under Section 3 of the Act, Deemed University status will be given to those institutions that for historical reasons or for any other circumstances are not Universities and yet are doing work of a high standard in specialised academic field compared to a University and that granting of a University status would enable them to further contribute to the course of higher education which would mutually enrich the institution and the University system. Guidelines for considering proposals for declaring an institution as deemed to be University were also issued by the UGC. Under the said guidelines aspects relating to admission was specifically entrusted with the UGC and admission could be made only through a common entrance test on All India basis. Such an exercise was intended to maintain a uniform standard and level of excellence. As we have pointed out, admission plays a crucial role in maintaining of the high quality of education. And for the proper maintenance of academic excellence, as intended by the UGC Act, admissions to Deemed University has to be made under the control of UGC. This further goes to show that admission procedure to a Deemed University is fully occupied by Entry 66 of List I and the State cannot exercise any powers over admission procedure.

We, accordingly, allow this appeal, set aside the order made by the High Court and allow the writ petition filed by the appellants to the extant of restraining the respondents to enforce their instructions for bringing the institutions of the appellants within the stream of the Common Entrance Test Examination. ഇതിന്റെ അടിസ്ഥാനത്തിൽ Deemed University-യെ സംബന്ധിച്ചിടത്തോളം ഇത് ലിസ്റ്റ് 1-ന്റെ എൻട്രി 66-ൽ വരുന്നതായതുകൊണ്ടും അത് കൺകറന്റ് ലിസ്റ്റിന്റെ 25-ാം എൻട്രിയിൽ നിന്നും കാർവ് ചെയ്ത് മാറ്റിയെന്നുള്ളതുകൊണ്ടും അതിനെ സംബന്ധിച്ച് സുപ്രീം കോടതി വിധിയനുസരിച്ചും Legislature-ന് അതിനുള്ള legislative competency ഇല്ല.

ശ്രീ. മത്തായി ചാക്കോ: ഇവിടെ തന്നിട്ടുള്ള മലയാളം പരിഭാഷയും ഇംഗ്ലീഷും തമ്മിൽ വ്യത്യാസമുണ്ട്. ഡീംഡ് യൂണിവേഴ്സിറ്റിയെന്നു പറയുന്നത് യഥാർത്ഥത്തിൽ കൺകറന്റ് ലിസ്റ്റിൽ വരുമോ സെൻട്രൽ ആക്ടിന്റെ പരിധിയിൽ വരുമോയെന്നുള്ളതാണ് പ്രശ്നം. സ്റ്റേറ്റ് ഗവൺമെന്റിന് എൻ.ഒ.സി. കൊടുക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നിടത്തോളംകാലം ഇത് കൺകറന്റ് ലിസ്റ്റിൽ വരും.

LIBRARY ARCHIVES Kerala Legislative Assembly

Shri A. N. Rajan Babu: It was the contention before the Supreme Court.

ശ്രീ. മത്തായി ചാക്കോ: മാതാ അമൃതാനന്ദമയി കോളേജ് ഡീംഡ് യൂണിവേഴ്സിറ്റി എന്നുള്ള സ്റ്റാറ്റസിനു മുകളിൽ എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. അവർ എൻട്രൻസ് എക്സാമിനേഷൻ സ്വന്തമായി നടത്തുകയാണ്. അതിനുവേണ്ടി വാദിക്കുമ്പോൾ, സ്റ്റേറ്റ് ഗവൺമെന്റ് അംഗീകരിക്കുന്ന ഒരു ഡീംഡ് യൂണിവേഴ്സിറ്റി വന്നാൽ അത് കൺകറന്റ് ലിസ്റ്റിൽ വരും. ഇപ്പോൾ അങ്ങനെ ഇല്ല. ഇവിടെ നിയമം ഉണ്ടാക്കാനുള്ള അവകാശം നമുക്കുണ്ട്.

ശ്രീ. എ. എൻ. രാജൻ ബാബു: അത് ശരിയല്ല. That contention was also raised in this case. That is also dealt in this case. That is repelled and Supreme Court said that as far as Entry 66 is carved out of education; that is put in Entry List of 66. So that regarding Deemed University the State Legislature has no legislative competency. This is covered by University Grants Commission Act. That is specifically found by Supreme Court and that is also the Law of the Land under Article 141 of the Constitution as interpreted by Supreme Court. This entry is interpreted by Supreme Court. .....അതുകൊണ്ട് ഈ ഡെഫിനിഷൻ ക്ലോസ്സിലെ ഡീംഡ് യൂണിവേഴ്സിറ്റിയെ ഒഴിവാക്കണം. പതിനൊന്നംഗ ജഡ്ജ്മെന്റിലും പ്രത്യേകം പറഞ്ഞിരിക്കുന്നത്,.....the fixing of a rigid fee structure dictating the formation and composition of a Governing Body etc. is not correct. That is also upheld in the Muslim Educational Accademy case. That is also approved by the next judgement. ഗവൺമെന്റ് പറയുന്ന രീതിക്ക് ഫീസ് ഫിക്സ് ചെയ്യണമെന്ന് പറയുമ്പോൾ ഒരു കാര്യം ഓർമ്മിക്കുക. ഭരണഘടനയുടെ 19, 26, 29(2), 30 എന്നീ വകുപ്പുകൾ പ്രകാരം കൊടുക്കുന്ന മൗലികാവകാശങ്ങളുടെ റീസണബിൾ റെസ്ട്രിക്ഷൻ അല്ലാതെ കൊണ്ടുവരാൻ സാദ്ധ്യമല്ല. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത് റീസണബിൾ റെസ്ട്രിക്ഷൻ മാത്രമാണ്. അതല്ലാത്ത പക്ഷം ഇത് challenge ചെയ്യാൻ സാദ്ധ്യതയുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിൽ സ്വാശ്രയ കോളേജുകൾ എന്ന പുതിയ കൺസെപ്റ്റ് നടപ്പിലാക്കണമെങ്കിൽ ചില വിശാലമായ സമീപനം ഉണ്ടാകണം. സർവ്വകക്ഷി കോൺഫറൻസിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം, ഈ സമൂഹത്തിലുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രമുഖരായ നേതാക്കളുമെല്ലാം ഒരു കാര്യത്തിൽ കാര്യമായ ധാരണയിലെത്തി. രണ്ട് സ്വാശ്രയ കോളേജ് ഒരു ഗവൺമെന്റ് കോളേജിന് തുല്യമെന്ന് ഈ ബില്ലിന്റെ ഒന്നാം ഭാഗത്ത് പറയുന്നുണ്ട്. രണ്ട് സ്വാശ്രയ കോളേജ് ഒരു ഗവൺമെന്റ് കോളേജിനു തുല്യമെന്നു പറഞ്ഞാൽ അതിൽ അനുബന്ധമായി മറുവശംകൂടി വരികയാണ്. ആ രണ്ട് സ്വാശ്രയ കോളേജുകൾ ഒരു അൺഎയിഡഡ് കോളേജായി നിൽക്കുകയാണ്. അൺഎയിഡഡ് സ്വാശ്രയ കോളേജുകൾക്ക് വേണ്ടി എന്ത് നിബന്ധനയാണ് ഈ ബില്ലിൽ കൊണ്ടുവരാൻ സാധിക്കുന്നത്? അങ്ങനെ വരുമ്പോൾ ഈ സംസ്ഥാനത്തുള്ള പഴയ

LIBRARY ARCHIVES Kerala Legislative Assembly

കീഴ്വഴക്കങ്ങൾ നമ്മൾ നോക്കണം. കേരളത്തിൽ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധാരാളമായി പണ്ട് മുതൽ വന്നിട്ടുണ്ട്. 1960-കളുടെ അവസാനത്തിൽ തിരുവനന്തപുരം കേന്ദ്രീകരിച്ച് ലാ അക്കാഡമി ആരംഭിച്ചത് വളരെ പ്രഗത്ഭമതികളായിട്ടുള്ള ആളുകളാണ്. ഈ സമൂഹത്തിൽ ഏറ്റവുമധികം ആദരിക്കുന്ന ആളുകൾ എല്ലാവരുംകൂടിച്ചേർന്ന് ഉണ്ടാക്കിയതാണ്. അവരാണ് ഇന്നും അതിന്റെ അഡ്വൈസറി കമ്മിറ്റിയിൽ ഉള്ളത്. ഞാൻ രണ്ട് ദിവസം മുമ്പ് ആ സ്ഥാപനത്തിൽ പോയി. ആ സ്ഥാപനം വളരെ മനോഹരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ആ കൺസെപ്റ്റ് വളരെ കറക്ടാണെന്ന് വിശ്വസിക്കുകയാണ്. അതിനുശേഷം കേരളത്തിൽ വന്നിട്ടുള്ള മറ്റ് അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. 1967-നുശേഷം കേരളത്തിൽ പല ഗവൺമെന്റുകളും വരികയും പോകുകയും ചെയ്തിട്ടുണ്ട്. അപ്പുറത്തിരുന്നവർ ഇപ്പുറത്ത് വന്നിട്ടുണ്ട്, ഇപ്പുറത്തിരുന്നവർ അപ്പുറത്ത് വന്നിട്ടുണ്ട്. കേരളത്തിൽ വിവിധ മുന്നണികൾ ഭരണത്തിൽ വന്നിട്ടുണ്ട്. പക്ഷേ ഈ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൺട്രോൾ ചെയ്യാൻ ഒരു കക്ഷിയും ഇതുവരെ ശ്രമിച്ചിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ വളരെ ആദരപൂർവം കാണുകയാണ്. അന്ന് ഭരണകക്ഷിയായിരുന്നപ്പോൾ അദ്ദേഹം എടുത്ത ഒരു സമീപനം, അതിരുവിട്ട രൂപത്തിൽ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് അദ്ദേഹം ഒരു ആദർശപരമായ സമീപനം എടുത്തു എന്നുള്ളതാണ്. ഞാൻ അദ്ദേഹം എടുത്ത ആ തീരുമാനത്തെ വളരെ അഭിമാനത്തോടുകൂടി കാണുകയാണ്. അതേസമയം അങ്ങ് വ്യത്യസ്തമായ അഭിപ്രായം പറഞ്ഞുവെങ്കിൽപ്പോലും ആ മുന്നണി അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്കൂളുകളും അനുവദിച്ചിട്ടുണ്ട്. ആ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പല മേഖലകളിലേയ്ക്ക് കടന്നുപോയിട്ടുണ്ട്. അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഒറ്റ പ്രവേശനത്തെ സംബന്ധിച്ചോ ഫീസിനെ സംബന്ധിച്ചോ ഒരു നിയന്ത്രണവും ആരും ഉണ്ടാക്കിയിട്ടില്ല. ആ അൺഎയിഡഡ് സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ അക്കൗണ്ടബിലിറ്റിയോടുകൂടി മുന്നോട്ടുപോകാൻ കഴിയുന്നില്ല. അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുന്നോട്ടുകൊണ്ടുപോകുമ്പോൾ നമ്മൾ പണം കൊടുക്കുന്നില്ല. അധ്യാപകരുടെ ഡയറക്ട് പേമെന്റിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട തമ്പാൻ സൂചിപ്പിക്കുകയുണ്ടായി. അധ്യാപകരുടെ ശമ്പളത്തെക്കുറിച്ച് നമ്മൾ ഒന്നും അറിയുന്നില്ല. ഈ സ്ഥാപനം മുന്നോട്ടു കൊണ്ടുപോകാനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം ആ മാനേജുമെന്റിനു മാത്രമാണ്. അതിന്റെ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ ഈ സംസ്ഥാനത്തിന് സാധ്യമേയല്ല. അതേസമയം ആ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 50 ശതമാനം സീറ്റുകൾ സാധുക്കൾക്കും പാവപ്പെട്ടവർക്കും അർഹതപ്പെട്ടവർക്കുംവേണ്ടി മാറ്റിവയ്ക്കണം. അതാണ് അവരുടെ സോഷ്യൽ അക്കൗണ്ടബിലിറ്റിയെന്ന് ഞാൻ മനസ്സിലാക്കുകയാണ്. അതേസമയം അവശേഷിക്കുന്ന 50 ശതമാനം സീറ്റിലാണ് എന്ത് വേണമെന്നതിനെക്കുറിച്ച് ആലോചിക്കുന്നത്. എനിക്ക് ബിൽ പൈലറ്റ് ചെയ്ത ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. ഈ ഗവൺമെന്റ് വിദ്യാഭ്യാസരംഗത്ത് വളരെ വിപുലവും

LIBRARY ARCHIVES Kerala Legislative Assembly

ദൂരവ്യാപകവുമായ വിധത്തിലുള്ള ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതുകൊണ്ടാണ് മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ധാരാളം വന്നത്. മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ ചിലർ കോടതിയിൽ പോയി. എൻ.ഒ.സി. കൊടുക്കുന്ന സന്ദർഭത്തിൽ കേരള സംസ്ഥാന ഗവൺമെന്റ് നിയന്ത്രണങ്ങൾ വച്ചില്ല എന്നുള്ള പഴുത് ഉപയോഗിച്ച്, ചോദിക്കുന്നവർക്കെല്ലാം എൻ.ഒ.സി. കിട്ടിയില്ലേയെന്നുള്ള ധിക്കാരഭാവത്തോടുകൂടി കോടതിയിൽ ചോദ്യം ചെയ്ത മാനേജുമെന്റുകളുണ്ട്. ആ മാനേജുമെന്റുകളുടെ പേര് പറയുന്നില്ല. അവർ പറയുന്നത് നിയന്ത്രണമില്ലാത്തതു കൊണ്ടാണ് എന്നാണ്. ഇത് നമ്മുടെ മുമ്പിൽ ഒരു പ്രധാനപ്പെട്ട ഉദാഹരണമായി നിൽക്കണം, ഒരു പ്രധാനപ്പെട്ട അനുഭവമായി നിൽക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. 50 ശതമാനം സീറ്റ് കയ്യിൽ കിട്ടുന്ന അൺഎയിഡഡ് സ്ഥാപനം അസാധാരണമായ രൂപത്തിൽ അനീതിയിലേയ്ക്ക് പോയാൽ അവരെ ചോദ്യം ചെയ്യാൻ, നിയന്ത്രിക്കാൻ ഒരു ഗവൺമെന്റ് സംവിധാനം വേണം. അതാണ് ഇവിടെ പ്രധാനമായി നമുക്ക് ചെയ്യാൻ കഴിയുന്നത്. അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ചരിത്രത്തിൽ ഇത് വളരെ വിപ്ലവകരമാണ്. കാരണം കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഒരു അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനത്തേയും നിയന്ത്രിക്കാതിരിക്കുന്ന സാഹചര്യത്തിൽ ഈ നിയമത്തിന്റെ മറ ഉപയോഗിച്ചുകൊണ്ടെങ്കിലും അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന് ഒരു പരിധിയുമില്ലാതെ മുന്നോട്ടുപോകാൻ കഴിയുമെന്നുള്ള തോന്നൽ ഉണ്ടാകാതെ ആ സ്ഥാപനങ്ങൾക്ക് വയബിളായി പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഉണ്ടാക്കണം. ആ സ്ഥാപനങ്ങൾ ഒരു പരിധിക്കപ്പുറത്തേയ്ക്കു പോയാൽ ഒരു ലക്ഷ്മണരേഖ വരയ്ക്കുന്നതിനുവേണ്ടി ഒരു ചെക്ക് ഇൻ ബാലൻസ് ഉണ്ടാക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ചും ആലോചിക്കണം. ഈ ബില്ലിന്റെ ചർച്ച സസൂക്ഷ്മമായി ആദ്യാവസാനം നിരീക്ഷിച്ചപ്പോൾ എനിക്ക് മനസ്സിലായത് രണ്ട് രൂപത്തിലുള്ള ചർച്ചകൾ ഇവിടെ വന്നിട്ടുണ്ട് എന്നാണ്. ഒന്ന് അൺ എയ്ഡഡ് സ്ഥാപനങ്ങൾ തന്നെ പൂർണ്ണമായും തുടച്ചു നീക്കണമെന്ന് നേരിട്ട് പറയാൻ കഴിയാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നക്കിക്കൊല്ലുന്നതിനു വേണ്ടിയുള്ള സമീപനം ഉണ്ടാവുകയാണ്.

ശ്രീ. പി. ജയരാജൻ: അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണ്ണമായും തുടച്ചുനീക്കലല്ല. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ട എന്നുള്ള ചിന്താഗതിയിലാണ് എത്തി നിൽക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതാണ് ഇതിനകത്തെ രാഷ്ട്രീയം. ആ രാഷ്ട്രീയം ഉണ്ടാകരുത്. നമ്മൾ ഭരണ-പ്രതിപക്ഷ സഖ്യത്തിൽ കേരളത്തിൽ വരുന്ന ഒരു സംഭവവികാസത്തെ കാണരുത് എന്നാണ് എന്റെ അഭിപ്രായം. ഭരണ-പ്രതിപക്ഷ സഖ്യബലത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന സാദ്ധ്യത നമ്മൾ ചവുട്ടിമെതിച്ചു കളയരുത്. അത് കളയാതിരിക്കണമെങ്കിൽ വയബിളായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: യു.ഡി.എഫ്. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ സംബന്ധിച്ച് സംശയം ഉണ്ടാകുന്ന നിലയ്ക്ക് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇറക്കിയിട്ടുള്ള ഗവൺമെന്റ് ഓർഡറുകൾ എന്റെ കൈവശമുണ്ട്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് (കളമശ്ശേരി, എറണാകുളം) സ്വാശ്രയ കോളേജായി കൺവെർട്ട് ചെയ്തു. ക്യാബിനറ്റ് തീരുമാനം അനുസരിച്ചാണ് ഇതിന് ഉത്തരവ് ഇറക്കിയിട്ടുള്ളത്. സ്വാശ്രയ കോളേജായിട്ട് പരിവർത്തനം ചെയ്തിട്ടുള്ള കോളേജിലെ മുഴുവൻ സ്റ്റാഫിനേയും ഗവൺമെന്റ് ശമ്പളം കൊടുത്ത് പ്രൊട്ടക്ട് ചെയ്യും എന്നാണ് ഓർഡർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇന്നലേയും ഇത് ഇവിടെ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് മറുപടി പറഞ്ഞതാണ്. അദ്ദേഹം പറഞ്ഞത് അത് പുന:പരിശോധിക്കുമെന്ന് തന്നെയാണ്. പക്ഷേ എനിക്ക് ഒരു കാര്യം പറയാനുള്ളത് അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തെ എയ്ഡഡ് ആയി ആരെങ്കിലും മാറ്റിയാൽ നീതിന്യായ വ്യവസ്ഥ നിലനിൽക്കുന്ന കേരള സംസ്ഥാനത്ത് അത് കോടതിയുടെ തിണ്ണയിൽ ചെന്നാൽ ഉടനെ അതിന് സാധുത ഇല്ലാതാകില്ലേ? അത് ആർക്കും അറിയാൻ വയ്യാത്ത കാര്യമൊന്നുമല്ലല്ലോ. അത് ഏത് സാഹചര്യത്തിൽ വന്നു എന്നതിനെ സംബന്ധിച്ച് പരിശോധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട് അതിനപ്പുറത്തേയ്ക്ക് പോകാൻ ഞാൻ തയ്യാറാകുന്നില്ല. അൺഎയ്ഡഡ് സ്ഥാപനങ്ങൾ നിലനിർത്തണം. അത് നിലനിന്നില്ലെങ്കിൽ നേട്ടം ഉണ്ടാകുന്നത് ആർക്കാണ്? കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങൾക്കാണ്. ഞാൻ ചോദിക്കട്ടെ, കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പോകുന്ന കുട്ടികളുണ്ട്. 50 ശതമാനം ഗവൺമെന്റിന്റെ രൂപത്തിലും 50 ശതമാനം അൺഎയ്ഡഡ് വ്യവസ്ഥയിലും ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ സൗകര്യം ലഭിക്കാത്തവർ തമിഴ്നാട്ടിലോ ആന്ധ്രയിലോ പോകും. അങ്ങനെ പോയാൽ ഈ ഫീസിൽ അവർക്ക് അവിടെ പഠിക്കാൻ പറ്റുമോ? ഈ ചെലവിൽ അവർക്ക് അവിടെ ജീവിക്കാൻ കഴിയുമോ? ഈ ജീവിത സാഹചര്യമുള്ള ഏതെങ്കിലും ഒരു കുട്ടിക്ക് അവിടെ ഡിഗ്രി നേടാൻ കഴിയുമോ? അപ്പോൾ നമ്മൾ പറയുന്നു; സമൂഹത്തിലെ പ്രബലരായ വ്യക്തികൾക്ക് മാത്രമായിരുന്നു മറ്റുള്ള സംസ്ഥാനങ്ങളിൽ Proffessional വിദ്യാഭ്യാസം വച്ചിരുന്നത്. ആ വരേണ്യവർഗ്ഗത്തിൽ നിന്ന് മാറ്റി കുറേക്കൂടി പാവങ്ങളായ ആളുകൾക്ക് പഠിക്കത്തക്കവിധത്തിൽ ഈ സംവിധാനത്തെ ഒന്നുകൂടി ജനകീയവൽക്കരിച്ച് താഴെയ്ക്ക് കൊണ്ടുവന്നു. അതിലും താഴെയുള്ള ധാരാളം ആളുകൾ ഉണ്ട്. പക്ഷേ മറ്റൊരാൾ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനത്തിൽ, അവർ കെട്ടിടം കെട്ടിയ സ്ഥലത്ത്, അവർ ശമ്പളം കൊടുക്കുന്നിടത്ത് 50 ശതമാനം seat നമുക്ക് കിട്ടിയില്ലേ? ആ 50 ശതമാനം നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കുട്ടികൾക്ക് കിട്ടുകയില്ലേ? ഈ അൺഎയ്ഡഡ് സ്ഥാപനങ്ങൾ പൂട്ടിക്കെട്ടിയാൽ 50 ശതമാനം കുട്ടികൾക്ക് കിട്ടാനുള്ള എല്ലാ ആനുകൂല്യങ്ങളും തട്ടിപ്പോവില്ല? 1000 കുട്ടികളിൽ 500 പേർ മെറിറ്റിന്റെ അടിസ്ഥാനത്തിൽ വരുന്നവരല്ലേ? ആ കുട്ടികളിൽ പട്ടിണി പാവങ്ങളുടെ മക്കളും വരില്ലേ? ആ 500 കുട്ടികൾക്ക് പഠിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു വിഭാഗത്തിൽ വയബിൾ ആയി പോകത്തക്കവിധത്തിൽ ഒരു ഫ്ളെക്സിബിലിറ്റി കൊടുക്കണമെന്ന് പറഞ്ഞാൽ അതിൽ എന്താണുള്ളത്? അവിടെയാണ് ഞങ്ങൾ പാവങ്ങൾക്കുവേണ്ടി വാദിക്കുന്നു എന്നു പറയുന്നത്. ഞങ്ങൾ സമ്പന്ന വർഗ്ഗങ്ങൾക്കുവേണ്ടി വാദിക്കുന്നു എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ വാദഗതിയെ ഞാൻ ഖണ്ഡിക്കുകയാണ്. ഈ സിസ്റ്റം ഇവിടെ നിലനിർത്തണം. ഈ സിസ്റ്റം നിലനിൽക്കണമെന്ന് പറഞ്ഞത് സമൂഹത്തിലെ പട്ടിണി പാവങ്ങളായവർക്ക് ഇത് ആവശ്യമാണ് എന്ന് ഞാൻ കരുതുന്നതുകൊണ്ടാണ്. അതേസമയം മറ്റൊരു ഭാഗമുണ്ട്. ഇവിടെ അവർക്ക് അഡ്മിഷൻ കിട്ടിയില്ലെങ്കിൽ അവർ തമിഴ്നാട്ടിലോ മറ്റ് സംസ്ഥാനങ്ങളിലോ പോകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മാനേജുമെന്റ് ക്വാട്ടയിൽ എത്ര ഫീസും വാങ്ങാം എന്ന ഒരു സ്ഥിതി വരും. ഇടത്തരം വരുമാനമുള്ളവരും ധനികവർഗ്ഗവും തമ്മിലുള്ള ഈ പോരാട്ടത്തിൽ ധനികവർഗ്ഗത്തിൽപ്പെട്ടവർ മുഴുവനും ഈ സീറ്റ് കൈക്കലാക്കിപ്പോവില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇല്ല. ശ്രീ. കോടിയേരീ, അങ്ങ് പ്രായോഗികമായി നോക്കൂ. കേരള സംസ്ഥാനത്ത് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനുവേണ്ടി കുട്ടികളെല്ലാം തൃശൂരിലേയ്ക്ക് പോവുകയാണ് എന്ന് പറഞ്ഞുകൊണ്ട് ഇന്ന് ശ്രീ. രാജേന്ദ്രന്റെ ഒരു സബ്മിഷൻ ഉണ്ടായിരുന്നല്ലോ. എന്താണ് കാരണം? പി. സി. തോമസ് സാറിന് ഒരു സ്ഥാപനം ഉണ്ട് എന്നത് തന്നെയല്ലേ കാരണം? അവിടെ പോയി പഠിക്കാത്ത കുട്ടികൾക്ക് എൻട്രൻസിൽ നന്നായി വരാൻ പറ്റുമോ? കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക് തൃശൂരിൽ പോയി പഠിക്കാനുള്ള സാമ്പത്തിക സാഹചര്യം ഉണ്ടോ? അവിടെ പോകുന്നത് കുറച്ച് സമ്പന്നൻമാരായ ആളുകൾ തന്നെയായിരിക്കുമല്ലോ? ഞാൻ ചോദിക്കുന്നു, ഇവിടെ മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സീറ്റ് വർദ്ധനവുണ്ടായാൽ അതിന്റെ പ്രയോജനം താരതമ്യേന പാവപ്പെട്ട ആളുകൾക്കുകൂടി കൈമാറിപ്പോവില്ല? പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് റിസർവേഷൻ സൗകര്യം കിട്ടില്ലേ? 1996-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഒരു പരിഷ്കാരമാണ് ഈ രംഗം കുളമാക്കിയത് എന്ന് ഞാൻ വിശ്വസിക്കുകയാണ്. നാല് തരത്തിലുള്ള മാനേജുമെന്റുകൾ ഇല്ലേ? ഐ.എച്ച്.ആർ.ഡി. പോലുള്ള ഗവൺമെന്റ് മാനേജുമെന്റുകൾ, സർവ്വകലാശാല നേരിട്ടു നടത്തിക്കൊണ്ടിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സർവ്വകലാശാലാ മാനേജുമെന്റുകൾ, കോർപ്പറേറ്റ് മാനേജുമെന്റുകൾ, വ്യക്തികളും ട്രസ്റ്റുകളും നടത്തിക്കൊണ്ടിരിക്കുന്ന ഇൻഡിവിഡുവൽ മാനേജുമെന്റുകൾ അങ്ങനെ നാല് മാനേജുമെന്റുകൾ ഈ രംഗത്ത് ഇല്ലേ? ഞാൻ ചോദിക്കട്ടെ, സർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിങ്ങൾ എന്തുകൊണ്ടാണ് ഒരു ഫീസ് നിരക്ക് തീരുമാനിക്കാത്തത്? ഈ ചർച്ചയിലെ ഏറ്റവും പ്രസക്തമായ ഭാഗം ഇതാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. കേരളാ യൂണിവേഴ്സിറ്റിയിൽ ഡോ. ഇക്ബാൽ വൈസ് ചെയർമാനായിരുന്നു. ഡോ. ഇക്ബാലിന് മുമ്പുള്ള കാലഘട്ടത്തിൽ കേരള സർവ്വകലാശാല രാഷ്ട്രീയ അടിസ്ഥാനത്തിൽ നിങ്ങൾ ഭരിച്ചുകൊണ്ടിരുന്ന

സന്ദർഭത്തിൽ, ആ സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുള്ള യു.ഐ.ടി. എന്ന സ്വാശ്രയ സ്ഥാപനത്തിൽ ബി.എസ്.സി., ബി.ബി.എ., എം.ബി.എ. തുടങ്ങി എല്ലാറ്റിനും നിങ്ങൾ ഗവൺമെന്റ് കോളേജിലെ ഫീസാണോ വാങ്ങിയിരുന്നത്? ആ യൂണിവേഴ്സിറ്റിയുടെ പ്രസിദ്ധീകരണത്തിൽ പറയുന്നത് യൂണിവേഴ്സിറ്റി തുടങ്ങിയ course ആയതുകൊണ്ട് നഷ്ടം നികത്തുന്നതിനുവേണ്ടി സ്വാശ്രയ സ്ഥാപനം തുടങ്ങി എന്നാണ്. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുകയല്ല. ഇത് വളരെ പ്രസക്തമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൽനിന്നും ഇതിന് മറുപടി പ്രതീക്ഷിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ സാഹചര്യം മനസ്സിലാക്കി, ആ സാഹചര്യത്തിൽ ഒരു സോഷ്യൽ അക്കൗണ്ടബിലിറ്റിയോടുകൂടി നിങ്ങൾ എടുത്ത പ്രാക്ടിക്കലായ നടപടിയായി ഞാൻ അതിനെ കാണുകയാണ്. പക്ഷേ നിങ്ങൾ അപ്പുറത്ത് പോയപ്പോൾ എല്ലാം മാറി. അതിനാണ് എനിക്ക് വിമർശനം ഉള്ളത്.

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് പറഞ്ഞത് യഥാർത്ഥത്തിൽ ശരിയാണ്. യൂണിവേഴ്സിറ്റികൾ എടുത്ത ബി.ബി.എ., എം.ബി.എ. കോഴ്സുകളിൽ നിരവധി വിദ്യർത്ഥികൾക്ക് അഡ്മിഷൻ കിട്ടി. അത് തന്നെയാണ് സ്വാശ്രയ കോളേജിലും വരാൻ പോകുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്ക് ശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ പാർട്ടിയുടേയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന എൽ.ഡി.എഫിന്റേയും നയം ഇവിടെ പറയും എന്നുള്ളതുകൊണ്ടാണ് അതിനുവേണ്ടി ഞാൻ രണ്ട് മിനിട്ട് കൂടുതൽ എടുക്കുന്നത്. ഇത് ഒരു നിസാരമായ കാര്യമായി മാറ്റാൻ കഴിയില്ല. അതുകൊണ്ട് നിങ്ങൾ എടുത്തു വന്ന ഒരു നയം, നിങ്ങൾ തുടർന്നു വന്ന ഒരു സാഹചര്യം, ഞങ്ങൾ കൂടി അംഗീകരിക്കുന്നു. അംഗീകരിച്ചുകൊണ്ട് കേരളത്തിലെ ലക്ഷോപലക്ഷം കുട്ടികളെ രക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾക്ക് വഴി തുറക്കുന്ന ഈ നിയമത്തിൽ എന്തെങ്കിലും ചെറിയ മാറ്റങ്ങൾ വേണമെങ്കിൽ സബ്ജക്ട് കമ്മിറ്റി ചർച്ചാ വേളയിൽ നമുക്ക് അപ്പുറവും ഇപ്പുറവും ആലോചിച്ച് ചെയ്യാം. ഈ നിയമം കേരള സമൂഹത്തിന്റെ മനഃസാക്ഷിയാണ് എന്ന് വരുത്തുന്നതിന് ശ്രമിക്കണമെന്ന് മാത്രം അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇവിടെ ഇന്നലേയും ഇന്നുമായി വളരെ വിശദമായി നടന്ന ചർച്ചയിൽ പ്രധാനമായും ഉന്നയിക്കപ്പെട്ട പ്രശ്നം വിദ്യാർത്ഥികൾക്ക് 50 ശതമാനം മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് നിരക്കിൽ പഠനം നടത്താനുള്ള സൗകര്യം കൊടുത്തു കൊണ്ടിരിക്കുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജിന് മാനേജുമെന്റിനേക്കാൾ ഒരു ഫ്ളെക്സിബിലിറ്റി വേണ്ടേ എന്നതാണ്. ഫ്ളെക്സിബിലിറ്റി എന്ന പേരിൽ ആയാലും ശരി മറ്റ് പേരുകളിൽ ആയാലും ശരി വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് സർവ സാധാരണമായി നിലനിൽക്കുന്ന ഒരു ധാരണ അട്ടിമറിക്കുന്ന തരത്തിൽ ആയി പോകരുത് ആ ഫ്ളെക്സിബിലിറ്റിയും മറ്റും. വിജ്ഞാനവിതരണം എന്നുപറയുന്നത് സർക്കാർ വളരെ ചുമതലാബോധത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ചെയ്തുകൊണ്ടിരുന്ന ഒരു മേഖലയാണ്. ആ മേഖലയിലേയ്ക്ക് ചാരിറ്റബിൾ മനോഭാവത്തോടുകൂടി സർക്കാർ ചെയ്യുന്ന അതേ സേവനം തന്നെ നിസ്വാർത്ഥമായി, നിഷ്കളങ്കമായി ഞങ്ങളും ചെയ്യാൻ ഉദ്ദേശിക്കുകയാണ്. അതിന് ഞങ്ങൾക്ക് ഓപ്പർച്ച്യൂണിറ്റി നൽകണമെന്ന അഭിപ്രായത്തോടുകൂടി വരുന്നവരെ നമ്മൾ നല്ലപോലെ പ്രോൽസാഹിപ്പിക്കണം. മറിച്ച് ലാഭക്കച്ചവടത്തിനുവേണ്ടി വരുന്നവരെ അതേ സ്വഭാവത്തിലും കൈകാര്യം ചെയ്യണം. കേരളത്തിൽ സ്വാശ്രയ കോളേജുകൾ നിരവധി വന്നു, അതിന്റെ പരിണിത ഫലമെന്തായിരുന്നു? ഗവൺമെന്റ് എയിഡഡ് സ്കൂളുകളിൽ ആദ്യം ഡിവിഷൻ ഫാൾ ആയി. പിന്നീട് അൺ ഇക്കണോമിക് എന്നുപറഞ്ഞുകൊണ്ട് അത് അടച്ചുപൂട്ടുന്ന സ്ഥിതി വന്നു. കഴിഞ്ഞ കൊല്ലം വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ 2680 സ്കൂളുകൾ അൺ-ഇക്കണോമിക് ആണ്, അടച്ചു പൂട്ടണമെന്നു പറഞ്ഞു. കേരളത്തിലെ ബാക്ക്വേർഡ് പ്രദേശങ്ങളിലെ ജനങ്ങളാകെ പ്രക്ഷോഭത്തിന് ഇറങ്ങിയപ്പോൾ അതിൽ 40 സ്കൂളുകൾ മാത്രം അടച്ചുപൂട്ടി. ബാക്കി സ്കൂളുകൾ ഇപ്പോഴും മന്ത്രിയുടെ ഭീഷണിക്ക് വിധേയമായി നിൽക്കുകയാണ്. അങ്ങനെ നിൽക്കുന്ന അവസരത്തിലെങ്കിലും അൺ-ഇക്കണോമിക് സ്കൂളുകൾ അംഗീകരിച്ച് നടപ്പിലാക്കാതിരിക്കാൻ ശ്രമിക്കണ്ടേ? അതാണോ ചെയ്തത്? അതല്ല ചെയ്തത്. അഞ്ഞൂറിൽപ്പരം സ്കൂളുകൾ പുതിയതായി നിങ്ങൾ അനുവദിച്ചു എന്നുപറഞ്ഞാൽ 3500-ഓളം അൺഇക്കണോമിക് സ്കൂളുകളും എയിഡഡ് സ്കൂളുകളും ഗവൺമെന്റിന്റെ അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അൺ എയിഡഡ് സ്കൂളുകളോടുള്ള പ്രേമം ഗവൺമെന്റ് സ്കൂളുകളോടില്ല. ഗവൺമെന്റ് School-കൾ അനാഥമാക്കുകയും. അൺ എയിഡഡ് സ്കൂളുകളിലേയ്ക്ക് കുട്ടികളും രക്ഷിതാക്കളും പോകുന്ന സ്ഥിതിയുണ്ടാക്കാൻ നിങ്ങൾ അവസരം ഒരുക്കുകയും ചെയ്തു. അല്ലെങ്കിൽ ഗവൺമെന്റ് സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഒൻപതിനായിരത്തോളം വരുന്ന തസ്തികയിൽ ടീച്ചർമാരുടെ നിയമനം നടത്തുമായിരുന്നില്ലേ? ഗവൺമെന്റ് സ്കൂളുകളോടുള്ള നിങ്ങളുടെ മനോഭാവമാണ് അത് കാണിക്കുന്നത്. അത് അനാഥമായിത്തീരണമെന്ന് തന്നെയാണ് നിങ്ങളുടെ മനോഭാവം. ഈ സ്കൂളുകളിലേയ്ക്കുള്ള ഒൻപതിനായിരം ടീച്ചർമാരിൽ 4500 ടീച്ചർമാർ, ഹരിജൻ, ഗിരിജൻ, പിന്നോക്കക്കാർ, മതന്യൂനപക്ഷം എന്നീ വിഭാഗത്തിൽപ്പെടുന്നവരുമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ സമുദായത്തിൽപ്പെട്ടവരടക്കമുള്ള കുട്ടികളെ അദ്ധ്യാപകൻമാരായി നിയമിക്കാനുള്ള അവസരം നിഷേധിച്ചുകൊണ്ടാണോ നിങ്ങൾ ഈ ദിവസങ്ങൾ തള്ളിവിടുന്നത്. നിങ്ങൾ പിന്നോക്ക സമുദായ കമ്മീഷന്റെ ചെയർമാനായി നാലഞ്ചുകൊല്ലം കേരളത്തിൽ വിലസിയ ആളാണ്. മന്ത്രിയായപ്പോൾ അത് വിട്ടു. 4500-ഓളം പിന്നോക്കക്കാരും ഹരിജനങ്ങളും ആയിട്ടുള്ള അദ്ധ്യാപകരുടെ ഓപ്പർച്ച്യൂണിറ്റി നിങ്ങൾ നിഷേധിച്ചു. സ്വാശ്രയ കോളേജുകളെപ്പോലെ തന്നെ ഗവൺമെന്റ് കോളേജുകളോടുള്ള നിങ്ങളുടെ സമീപനം എന്താണ്? ഗവൺമെന്റ് കോളേജുകളും പ്രൈവറ്റ് കോളേജുകളുമായി ആയിരത്തോളം കോളേജുകളിൽ അദ്ധ്യാപകരുടെ നിയമനം നിങ്ങൾ നടത്തിയിട്ടില്ല. ഗവൺമെന്റ് കോളേജുകളിൽ തന്നെ ഏതാണ്ട് 450-ഓളം അദ്ധ്യാപകരെ ഇതുവരെ നിങ്ങൾ നിയമിച്ചിട്ടില്ല. ഞാൻ കഴിഞ്ഞ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

വയനാട്ടിൽ ഒരു പരിപാടിക്ക് പോയപ്പോൾ, വരൾച്ചയുടെ ദുരിതമയമായ ആ സ്ഥിതി നേരിട്ട് കാണാൻ പോയപ്പോൾ, പ്രതിപക്ഷനേതാവെന്നുള്ള നിലയിൽ അങ്ങ് ഞങ്ങളുടെ കോളേജ് ഒന്ന് സന്ദർശിക്കണമെന്ന് കൽപ്പറ്റയിലെ NMSM കോളേജിലെ കുട്ടികളും അദ്ധ്യാപകരും എന്നോട് വന്നുപറഞ്ഞു. ഞാൻ അവിടെ പോയി അവർ സ്ഥിതികളെല്ലാം എന്നോട് വിവരിച്ചു. കെട്ടിടങ്ങൾ നോക്കൂ. ഇത് സർക്കാരിന്റെ ഫണ്ട് അല്ല, എം.പി. ഫണ്ടായി കിട്ടിയതുകൊണ്ട് ഞങ്ങൾ ചെറിയ കെട്ടിടങ്ങൾ വച്ചതാണ് എന്നാണ് അവർ പറഞ്ഞത്. 26 അദ്ധ്യാപകരെ നിയമിക്കേണ്ട സ്ഥാനത്ത് വെറും ഏഴ് അദ്ധ്യാപകരാണ് ആ കുട്ടികളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത് എന്നോർക്കണം. അങ്ങനെ അവിടേയും ഗവൺമെന്റ് കോളേജുകളെ നിങ്ങൾ അവഗണിക്കുന്നു. സ്വാശ്രയ കോളേജുകളിലേയ്ക്ക് കുട്ടികൾ വൻതോതിൽ എത്തിപ്പെടാൻ നിങ്ങൾ സൗകര്യം ഒരുക്കുന്നു. അവിടേയും നേർ പകുതി ഹരിജനും, ഗിരിജനും, പിന്നോക്കക്കാരനും മത ന്യൂനപക്ഷത്തിൽപ്പെട്ടവർക്കും റിസർവ് ചെയ്യേണ്ടതാണ്. നിങ്ങൾ അതും നിഷേധിക്കുകയാണ്. ഇങ്ങനെ കുറേ ആനുകൂല്യങ്ങൾ ഈ കാലത്ത് കൊടുക്കുന്നതുകൊണ്ടുള്ള കുശുമ്പുകൊണ്ടാണ് ഞങ്ങൾ ഇങ്ങനെയൊക്കെ പറയുന്നതെന്നാണ് മിസ്റ്റർ വേണുഗോപാലിന്റെ കണ്ടുപിടിത്തം. ആത്മാർത്ഥതയോടും, സത്യസന്ധതയോടും കൂടിയാണോ, അതോ രാഷ്ട്രീയ വൈരാഗ്യത്തോടുകൂടി പറയുന്നതാണോ എന്ന് ഒന്ന് നിങ്ങൾ ചിന്തിച്ചുനോക്കൂ.ഏതായാലും രണ്ട് സ്വാശ്രയ കോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 50 ശതമാനം ആനുകൂല്യം, ഈ ആനുകൂല്യം കിട്ടുന്നതിനുവേണ്ടിയാണ് മുഖ്യമന്ത്രി ഇങ്ങനെ പ്രഖ്യാപിച്ചത്. ഞങ്ങളല്ലേ ഈ ധീരമായ നടപടി സ്വീകരിച്ചത് എന്നുപറഞ്ഞ് മുഖ്യമന്ത്രിയെ പുകഴ്ത്തിക്കൊണ്ട് അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതൻമാർ പ്രസംഗിച്ചത് കേട്ടു, എന്നാൽ സുഹൃത്തുക്കളേ, ഇപ്പോൾ ഈ നിയമത്തിൽ 50 ശതമാനം വരുന്നതിന്റെ പശ്ചാത്തലം എങ്ങനെയാണ്? ഇങ്ങനെ 50 ശതമാനം merit seat-ൽ ഗവൺമെന്റ് fees നൽകിയാൽ മതി എന്നു പ്രഖ്യാപിച്ച നിങ്ങൾ, എൻജിനീയറിംഗ് കോളേജിൽ നിങ്ങൾ നിശ്ചയിച്ച് മാനേജുമെന്റിനെ അറിയിച്ച ഫീസ് എത്രയാണ്? 36,000 രൂപ, 4,000 രൂപ ഗവൺമെന്റ് കോളേജിൽ ഫീസ് ഉള്ളപ്പോൾ അതിന്റെ 12 ഇരട്ടി സ്വാശ്രയ കോളേജുകളിലെ കുട്ടികളോട് വാങ്ങാൻ ഗവൺമെന്റ് തന്നെ നിർദ്ദേശിച്ചു. അതുപോലെ തന്നെ 8,000 രൂപ മെഡിക്കൽ കോളേജിൽ പ്രതിവർഷം ഫീസ് ഉള്ളപ്പോൾ എട്ടും, പത്തും മടങ്ങ് ഫീസ് വാങ്ങിക്കൊള്ളാൻ നിങ്ങൾ പറഞ്ഞു. പുഷ്പഗിരിയോ? ഈ ചാൻസ് വന്നപ്പോൾ അതിന്റെയും പത്തിരട്ടി വാങ്ങി. നിൽക്കട്ടെ അതിലൂടെ നിങ്ങളുടെ ആദർശശുദ്ധി, ആദർശധീരനായ മുഖ്യമന്ത്രിയുടെ സിൻസിയറിറ്റി കേരളം കണ്ടതാണ്. നമ്മുടെ വിദ്യാർത്ഥികളെ വിദ്യാർത്ഥി സമരത്തിലേയ്ക്ക് തള്ളിവിട്ടത് നിങ്ങളുടെ ഈ ചേരിമാറ്റവും കാലുമാറ്റവും ആണ്. അതിനെതിരായി സമരം നടത്തി, അതിനെ പോലീസിനെ ഉപയോഗിച്ച് തച്ചുതകർക്കാൻ നോക്കി. പക്ഷേ ജനങ്ങൾ ആ സമരത്തിന് പിൻതുണ നൽകി. അവസാനം നിങ്ങൾക്ക് ആ സമരത്തിൽ ഒത്തുതീർപ്പ് ഉണ്ടാക്കേണ്ടിവന്നു. പഴയ പ്രഖ്യാപനം നടപ്പിൽ ആക്കാമെന്ന് പറഞ്ഞു. പഴയ പ്രഖ്യാപനം നിങ്ങൾ നടപ്പിലാക്കിയത് എങ്ങനെയാണ്? പഴയ പ്രഖ്യാപനം

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ നടപ്പിലാക്കിയതും മാനേജുമെന്റിന് സഹായമായി വാങ്ങിയ കാശ്, അത് അങ്ങനെ തന്നെയാകട്ടെ ഇപ്പോൾ ഈ ബില്ലിന്റെ ചർച്ചയുടെ അവസരത്തിൽ ഞങ്ങൾ വാങ്ങിയത് തിരിച്ചുകൊടുക്കാൻ പറഞ്ഞിട്ട് ഓർഡർ ഇട്ടിരിക്കുന്നു എന്നുപറഞ്ഞു. നല്ലത്. 2002, 2003, 2004, ഈ ഘട്ടങ്ങളിൽ വാങ്ങിയ പണമാണ് തിരിച്ചു നൽകേണ്ടത്. 2002 വർഷത്തേത് ഓർഡറിൽ ഇപ്പോഴും വിട്ടുപോയി, വിട്ടുപോയി. 2002-ഉം, 2003-ഉം കൂടി ചേർത്തുവേണ്ടേ ഓർഡർ ഇറക്കാൻ? അപ്പോൾ നിങ്ങളുടെ സ്ഥായിയായ കനിവ് ആരുടെ കാൽകീഴിലാണെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നില്ലേ? ഇതിനെപ്പറ്റിപ്പറയുകയോ വിമർശിക്കുകയോ ചെയ്താൽ ഞങ്ങളുടെ കാലത്ത് നല്ല കാര്യങ്ങൾ ചെയ്താൽ അപ്പുറത്തിരിക്കുന്നവർ സമ്മതിക്കുകയില്ല എന്നുപറഞ്ഞുകൊണ്ട് ഇത് ന്യായീകരിക്കാൻ ശ്രമിക്കുന്നത്, വളരെ ചെറിയ രൂപത്തിൽ പറഞ്ഞാൽ ഒരു നാണംകെട്ട സമീപനമാണ് ഞാൻ പറഞ്ഞുവരുന്നത് ഇതു സംബന്ധിച്ച് വ്യക്തമായ ചില മാനദണ്ഡങ്ങൾ വേണം എന്നുള്ളതാണ്. സ്വാശ്രയ college-കളിൽ 50 ശതമാനം മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് മതി എന്ന അടിസ്ഥാനത്തിൽ റിസർവേഷൻ അംഗീകരിച്ചുകൊണ്ട്, അതേപോലെ പൊതുമാനദണ്ഡത്തിൽ നിന്ന് അഡ്മിഷൻ അംഗീകരിച്ചുകൊണ്ട്, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ സമ്മതിച്ചത് നല്ലതുതന്നെ. അത് സമ്മർദ്ദങ്ങളുടേയും പ്രക്ഷോഭങ്ങളുടേയും പരിണതഫലമായിട്ട് അവർക്ക് അംഗീകരിക്കേണ്ടിവന്നതാണ്. ബാക്കി അൻപത് ശതമാനം സീറ്റിൽ admission നൽകുന്നതിന് ഒരു മാനദണ്ഡവും വേണ്ട എന്നുപറഞ്ഞാൽ അതൊരു കൊള്ള കൊടുക്കലാണ്. ചാരിറ്റബിൾ മനോഭാവത്തിൽനിന്ന് വിട്ടുകൊണ്ടുള്ള ലാഭക്കച്ചവടത്തിന്റേതായ മനോഭാവത്തിൽ നിന്നുകൊണ്ട് അവർ നീങ്ങുന്നതിന് നിങ്ങളും കൂട്ടുനില്ക്കുകയാണ്. അങ്ങനെ ചെയ്തുകൂടാ. ഫ്ളക്സിബിൾ എന്നുപറഞ്ഞിട്ട് അങ്ങോട്ട് തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ പറയുന്നത് ശരിയല്ല. എ.ഐ.സി.ടി.ഇ., ഇന്ത്യൻ മെഡിക്കൽ കൗൺസിൽ എന്നീ രണ്ടു സ്ഥാപനങ്ങളും വരാനിടയുള്ള ചെലവുകളെ സംബന്ധിച്ച് പരിശോധിച്ച് പഠിച്ച് വിവരങ്ങൾ നല്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജിൽ പ്രതിവർഷം ഇരുപത്തിരണ്ടായിരം രൂപ മാത്രമേ ചെലവു വരുകയുള്ളൂ. മെഡിക്കൽ കോളേജിൽ പ്രതിവർഷം എഴുപത്തി ഒന്നായിരം രൂപ ഫീസ് വാങ്ങണം. അങ്ങനെ ഇരുപത്തിരണ്ടായിരവും എഴുപത്തി ഒന്നായിരവും രൂപ ഫീസ് വാങ്ങിയാൽ പതിനഞ്ച് കൊല്ലംകൊണ്ട് ആ സ്ഥാപനം ശരിക്കും ലാഭകരമായ രീതിയിൽ നടത്തിക്കൊണ്ടുപോകുവാൻ കഴിയുമെന്ന് വ്യക്തമായി സാധൂകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് അവർ പുറത്തു കൊണ്ടുവന്നിരിക്കുകയാണ്. അവരുടെ പഠനം എങ്ങനെയാണെന്ന് അറിയാമോ? യു.ജി.സി. നിരക്കിലുള്ള ശമ്പളം നല്കിക്കൊണ്ട് ഒരു ടീം അദ്ധ്യാപകന്റെ കീഴിൽ 12 സ്റ്റുഡന്റ്സ്. പന്ത്രണ്ട് സ്റ്റുഡന്റ്സിന് മാത്രം admission നൽകി അവിടെത്തെ അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പളം നല്കിക്കൊണ്ട് ഇരുപത്തിരണ്ടായിരം രൂപ എഞ്ചിനീയറിംഗ് കോളേജിലും എഴുപത്തിഒന്നായിരം രൂപ മെഡിക്കൽ കോളേജിലും ഫീസ് വാങ്ങിയാൽ ലാഭകരമായി സ്ഥാപനം നടത്താൻ കഴിയുമെന്നാണ് അവർ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. ഇത് കുശുമ്പന്മാരായിട്ടുള്ള ഞങ്ങൾ കുറച്ച് ആളുകൾ അവിടെ കയറിയിരുന്ന് പറയുന്നത് അല്ലല്ലോ. ഇതെല്ലാം കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളാണ് പഠിച്ച് അഞ്ച് കൊല്ലംകൊണ്ട് മുടക്കിയ കാശ് മുഴുവൻ കിട്ടണമെന്നുള്ള ആർത്തിയോടുകൂടി കുട്ടികളിൽ നിന്ന് ഫീസ് പിരിക്കാൻ പാടില്ല ഒരു ചെറിയ ലാഭത്തിൽ സ്ഥാപനം നടന്നു പോകുക എന്നുള്ളതല്ലാതെ അത്യാർത്തിയോടുകൂടി പണമുണ്ടാക്കുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ പാടില്ല. ഈ അഞ്ചു കൊല്ലം കഴിഞ്ഞ് പിന്നെ എവിടെയോ പോകുവാനുള്ള ധൃതിയോടുകൂടി കണക്ക് കൂട്ടുകയാണ്. അങ്ങനെ കണക്ക് കൂട്ടരുത്. ശാസ്ത്രീയമായി കണക്ക് കൂട്ടിയാൽ പതിനഞ്ച് കൊല്ലംകൊണ്ട് ശരിയായ രീതിയിൽ ആ സ്ഥാപനം നിലനിർത്താൻ കഴിയുമെന്നുള്ളത് ഈ വസ്തുതകളിൽനിന്ന് വ്യക്തമാകും. ആ നിലയിൽ ഗവൺമെന്റ് ഒരു കമ്മിറ്റിയെ രൂപീകരിക്കണം. ഗവൺമെന്റ് രൂപവത്കരിക്കുന്ന കമ്മിറ്റിയുടെ ഒരു ഗൈഡ്ലൈൻ ഉണ്ടാകണം. അത് വ്യവസായ മേഖലയിലെ മിടുക്കരായിട്ടുള്ള ആളുകൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി ആയിരിക്കണം. അതിന് ഞാൻ നിർദ്ദേശിക്കുന്നത്, ടെക്നിക്കൽ ഡയറക്ടർ, മേഖലാ ഡയറക്ടർ, കേരളത്തിലെ ഏതെങ്കിലും ഒരു വൈസ് ചാൻസ്ലർ ഇങ്ങനെ മൂന്നു പേരടങ്ങുന്ന ഒരു കമ്മിറ്റി ആയിരിക്കണം എന്നാണ്. ഇതു സംബന്ധിച്ച സെലക്ഷനെക്കുറിച്ചും ഫീസിനെ സംബന്ധിച്ചും നിശ്ചയിക്കുവാനുള്ള അധികാരത്തോടുകൂടി കമ്മിറ്റിയെ നിയോഗിക്കണം. ഈ കമ്മിറ്റി വിദ്യാഭ്യാസം സംബന്ധിച്ചുള്ള കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കണം. കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കുന്ന അവർക്ക് ഈ മാനേജർമാരെ നല്ലപോലെ പറഞ്ഞ് ബോധ്യപ്പെടുത്താനും കബളിപ്പിക്കാനും കഴിയും. ആ നിലയിൽ ഒരു പൊതു മാനദണ്ഡം അനുസരിച്ചുവേണം സ്വകാര്യ മാനേജർമാർ കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ. അതുപോലെതന്നെ അവരോട് ഫീസ് പിരിക്കുന്നതും ആ നിലയിലായിരിക്കണം. 50 ശതമാനം സീറ്റിൽ സർവ്വതന്ത്ര സ്വതന്ത്രമായി ഫീസ് നിശ്ചയിക്കാനും അഡ്മിഷൻ നടത്താനും ബാക്കി 50 ശതമാനം മെറിറ്റടിസ്ഥാനത്തിൽ സർക്കാർ ഫീസിൽ കുട്ടികൾക്ക് പഠനം എന്നുള്ളതിന്റെ പേരിലും നിയമം കൊണ്ടുവരുന്നത് വളരെ യുക്തിഹീനവും ലാഭമോഹികളായിട്ടുള്ള സ്വകാര്യവ്യക്തികൾക്ക് കീഴടങ്ങുന്നതുമായ സമീപനമാണ്. അതുപോലെതന്നെ ഒരു കൊല്ലത്തേയ്ക്ക് കുട്ടികളെ അഡ്മിറ്റ് ചെയ്താൽ അതിന്റെ ഭവിഷ്യത്തിനെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട ഒരു പോർഷൻ, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. നിശ്ചയിക്കപ്പെട്ട ആ തീയതിയിൽ ആദ്യമേതന്നെ അഡ്മിഷൻ നടക്കണം. അല്ലാതെ അവസാന നിമിഷം കൊണ്ടുപോയി അഡ്മിഷൻ ഡേറ്റ് വയ്ക്കുകയും അന്നുതന്നെ admission നേടാനാകാതെ വരുകയും ചെയ്താൽ merit seat-ൽ admission നേടിയ കുട്ടിയുടെ chance ഇല്ലാതാകുകയാണ്. ആ സീറ്റിൽ മാനേജർമാർക്ക് ഇഷ്ടമുള്ള രീതിയിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാം എന്നുള്ള രീതി മാറ്റി ആ കൊല്ലത്തേത് കഴിഞ്ഞാൽ ആ seat ക്യാൻസൽ ചെയ്യണം എന്ന് രേഖപ്പെടുത്തണം. ഇല്ലെങ്കിൽ കുട്ടികൾക്ക് അവശ്യം വേണ്ട ഹാജർ കിട്ടുകയില്ല. നല്ലപോലെ പഠിക്കാൻ അവസരം ലഭിക്കാതെ വരും. ഇപ്പോൾ ചെന്നൈ യൂണിവേഴ്സിറ്റിയിലെ വാർത്തകൾ എന്താണ് കാണിക്കുന്നത്? ഏതാണ്ട് നാല്പത് ശതമാനത്തോളം കുട്ടികൾ തോറ്റ് തൊപ്പിയിടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളംവിട്ട് അങ്ങോട്ട് അങ്ങോട്ട് മാതാപിതാക്കന്മാർ കുട്ടികളുടെ കൈക്ക് പിടിച്ച് കൊണ്ട് പോകുകയാണ്. എന്നിട്ട് പോയിട്ടുള്ള സ്ഥലങ്ങളിൽ എന്തെല്ലാമാണ് സ്ഥിതി? നിലവാരം കുറഞ്ഞ അദ്ധ്യാപകരെക്കൊണ്ട് പഠിപ്പിക്കൽ, കാശിന്റെ അടിസ്ഥാനത്തിൽ പഠിപ്പിക്കൽ ഇതെല്ലാം വന്നാൽ ഇതിൽക്കൂടി എഞ്ചിനീയർ ആകുന്നയാളിന്റെ കയ്യിൽ, നമ്മുടെ സർക്കാരിന്റെ കെട്ടിടം പണിയാനോ സർക്കാരിന്റെ ഒരു പാലം പണിയാനോ ഏല്പിച്ചാലുള്ള സ്ഥിതി എന്താണെന്ന് ഞാൻ പ്രത്യേകം പറയണമോ? അതുപോലെതന്നെ ഇത്തരം കോളേജുകളിൽ നിന്ന് ബിരുദമെടുത്തു വരുന്ന ഡോക്ടർമാരുടെ കയ്യിൽ നമ്മുടെ പൊതുജനത്തെ ഏല്പിച്ചാൽ അവരുടെ സ്ഥിതി എന്താകുമെന്ന് ഞാൻ പ്രത്യേകം പറയേണ്ടതുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ലണ്ടനിലോ പാരീസിലോ ചികിത്സയ്ക്ക് പോകേണ്ടി വരും.

പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കേരളത്തിൽ ചികിത്സിച്ചു കൊണ്ടിരിക്കുന്ന ഡോക്ടർമാർ ഉപദേശിച്ചാൽ അവർ പറയുന്ന സ്ഥലത്തുപോയി ചികിത്സ നടത്തും. ഞാൻ ഇവിടെ തിരിച്ചുവന്നതുകൊണ്ട് വലിയ അസുഖം തോന്നിക്കാണും. സങ്കടം കാണും; അല്ലേ? ഇയ്യാൾ അതോടുകൂടി കാഞ്ഞില്ല അല്ലേ എന്നു തോന്നിക്കാണും. എന്റെ അടുത്തിരിക്കുന്ന സുഹൃത്തുക്കൾ എന്റെ ഈ ചികിത്സയെ സംബന്ധിച്ച് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അവിടെ ഇരിക്കുന്ന മാന്യന്മാരുടെ നേതാക്കന്മാരായിട്ടുള്ളവർ എത്ര പ്രാവശ്യം, എത്ര പേർ വിദേശത്ത് ചികിത്സയ്ക്ക് പോയിട്ടുണ്ട് എന്നുള്ള കാര്യം ഓർത്താണോ ഇതു പറയുന്നത്? അവരെല്ലാം ലജനാവിൽനിന്ന് ലക്ഷങ്ങൾ എണ്ണി വാങ്ങിയിട്ടുണ്ട്. വി. എസ്. അച്ചുതാനന്ദൻ ലണ്ടനിൽ ചികിത്സയ്ക്ക് പോയതിന്റെ പേരിൽ ഒരു പൈസ വാങ്ങിയിട്ടില്ല. എന്റെ പാർട്ടിയും എന്റെ മക്കളുമാണ് അതിനുള്ള ചെലവ് വഹിച്ചത്. അതുകൊണ്ട് ഇനിയും ആവർത്തനം നടത്തിയേ അടങ്ങൂ എങ്കിൽ നടത്തിക്കൊള്ളൂ, നടത്തിക്കൊള്ളൂ. ഞാൻ പറഞ്ഞുവന്നത്, ഈ നിലയിൽ ആവശ്യമായ ഭേദഗതിയോടുകൂടി ഈ ബിൽ യോജിച്ചുതന്നെ പാസ്സാക്കാവുന്ന വിധത്തിലുള്ള ഭേദഗതി ക്രിയാത്മകമായി ചിന്തിച്ച് നമ്മുടെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും നാടിനും പ്രയോജന പ്രദമായിട്ടുള്ള മാറ്റം നിങ്ങൾ വരുത്തുമെന്ന് ആശിക്കുന്നു. എങ്കിൽ മാത്രമേ ഇവിടെ മാത്രമല്ല, നാമെല്ലാം ഉറ്റു നോക്കുന്ന കേന്ദ്രമുണ്ടല്ലോ, അവരുടെകൂടി സഹായത്തോടുകൂടി ഇത് ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുവാൻ കഴിയൂ. നമുക്ക് ഉപകാരപ്രദമായിട്ടുള്ള നിലയിൽ കാര്യങ്ങൾ പോകുവാൻ സഹായകരമായിട്ടുള്ള നിലയിൽ എത്താൻ വേണ്ടിയുള്ള ഭേദഗതി വരുത്തുമെന്ന് ഞാൻ ആശിക്കുന്നു. ആ രീതിയിൽ ഭേദഗതി ചെയ്തുകൊണ്ട് ഇത് പാസ്സാക്കാൻ ശ്രദ്ധിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു, ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: പ്രതിപക്ഷനേതാവ് സംസാരിച്ചു നിർത്തിയത് കേന്ദ്രത്തിൽ ഞങ്ങൾ കൂടിയുണ്ടല്ലോ എന്ന ഭീഷണിയോടുകൂടിയാണ്.

.....(ബഹളം).....

6.00 p.m.] ഏതായാലും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമല്ല എന്ന് ഇടയ്ക്ക് പറയുകയും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇടതുപക്ഷ കക്ഷികളും സ്ഥിരമായി പറയുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമല്ല, ഞങ്ങൾ പുറത്തുനിന്ന് പിൻതുണയ്ക്കുന്നവരാണെന്നാണ്. ഇടയ്ക്കിടയ്ക്ക് കേന്ദ്രത്തിൽ പ്രതിപക്ഷമാവുകയും ഭരണകക്ഷിയാവുകയും ചെയ്യുന്ന ഈ സ്വഭാവം പ്രതിപക്ഷത്തിന് നല്ലതല്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെങ്കിൽ പാർലമെന്റ് പാസ്സാക്കിയേ പറ്റൂ. പാർലമെന്റിൽ ഞങ്ങൾ ഇടതുപക്ഷത്തിന് 61 എം.പി.-മാർ ഉണ്ടെന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത്.

ശ്രീ. കെ. ബാബു: അങ്ങനെയല്ല പറഞ്ഞത്. അതിനകത്ത് ഒരു ഭീഷണിയുണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. എനിക്ക് ബഹുമാനപ്പെട്ട കോടിയേരിയോട്.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മിനിഞ്ഞാന്ന് ഞാൻ സംസാരിച്ചപ്പോൾ പൊതുഭരണത്തെ സംബന്ധിച്ച് കുറേയധികം കാര്യങ്ങൾ പറഞ്ഞതിനുശേഷം ശ്രീ. തങ്കച്ചനെയായിരുന്നോ മാറ്റേണ്ടിയിരുന്നത്, മാറേണ്ട ആളുകൾ വേറെയില്ലേ എന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി എന്തായിരുന്നു? അവിടെ സി.എം.പി.-യിലും മറ്റ് പരിപാടികളിലും വച്ച് പ്രതിപക്ഷത്തിന്റെ ഹൃദ്യമായ പിൻതുണ ഞങ്ങൾ സ്വീകരിക്കുന്നു. എന്നാൽ ഞങ്ങളുടെ ഈ മാറ്റത്തെപ്പറ്റി ഒന്നും പറഞ്ഞേയ്ക്കരുത്. പറയാൻ നിങ്ങൾക്ക് അവകാശമില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അതുപോലെ അദ്ദേഹത്തിന്റെ ശിഷ്യനായ ശ്രീ. ബാബുവും ഈ നിലയിൽ ചിന്തിച്ച് നശിക്കരുത്. ഞങ്ങൾ വസ്തുത പറഞ്ഞതാണ്. നിങ്ങളുടെ വ്യാഖ്യാനം അനുസരിച്ച് പുറത്തുനിന്ന് പിൻതുണ നൽകുകയും അകത്തുനിന്ന് പിൻതുണയൊന്നുമില്ലാതിരിക്കുകയുമാണോ വേണ്ടത്? ഞങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളതനുസരിച്ച് പുറത്തുനിന്ന് നൽകുന്ന പിൻതുണ ഈ ഗവൺമെന്റിന് നിലനിൽക്കുന്നതിന് ആവശ്യമായ പിൻതുണയാണെന്ന് സാമാന്യബുദ്ധിയുള്ള വർക്കെല്ലാം മനസ്സിലാകും. നിങ്ങൾ ഇവിടെ അവഹേളിച്ചുവെന്ന് പറഞ്ഞ് ഞങ്ങൾ ആ പിൻതുണ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ഏതായാലും എനിക്ക് പ്രതിപക്ഷനേതാവിനോട് ബഹുമാനം തന്നെയാണ്. കാരണം മാർക്സിസ്റ്റ് പാർട്ടിയിലെ മറ്റ് നേതാക്കൻമാരിൽ നിന്നും വ്യത്യസ്തമായി ഒരു ഉറച്ച നിലപാട് അങ്ങേയ്ക്കുണ്ട് എന്നതുകൊണ്ട് ബഹുമാനമാണ്. പക്ഷേ ഒരു കാര്യം നിങ്ങൾ ഇടയ്ക്ക് കേന്ദ്ര ഗവൺമെന്റിനെ പിൻതാങ്ങുന്നവരാണെന്ന് പറയുകയും ഇടയ്ക്ക് എതിർക്കുകയും ചെയ്യുന്ന നിലപാട് ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. കോൺഗ്രസ് പാർട്ടിക്കകത്ത് എന്ത് നിലപാട് വേണമെന്നുള്ളതിനെക്കുറിച്ച് ഞങ്ങൾക്ക് വ്യക്തമായ ധാരണയുണ്ടല്ലോ? അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ ഉപദേശം വേണ്ട. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇവിടെ.....

ശ്രീ. കെ. സി. വേണുഗോപാൽ: മാർക്സിസ്റ്റ് പാർട്ടിയെപ്പോലുള്ള ഒരു പാർട്ടിയിൽ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനെപ്പോലുള്ള നേതാക്കൻമാർക്ക് യഥാസമയം അർഹിക്കുന്ന സ്ഥാനം കൊടുക്കാൻ ആ പാർട്ടി തയ്യാറാകുന്നില്ല. കൊടുക്കണമെന്ന് നമ്മൾ പറഞ്ഞാലും ആ പാർട്ടി അംഗീകരിക്കുമോ?

ശ്രീ. കെ. ബാബു: ഏതായാലും ഞാൻ ആ വിഷയം വിടുകയാണ്. മാർക്സിസ്റ്റ് പാർട്ടി സഖാവ് വി. എസ്. അച്ചുതാനന്ദനോട് മാരാരിക്കുളം തെരഞ്ഞെടുപ്പിൽ എന്ത് നിലപാട് സ്വീകരിച്ചുവെന്നുള്ളത് ഞങ്ങൾക്കെല്ലാവർക്കുമറിയാം. ആ കഥകളൊക്കെ നമുക്കറിയാമല്ലോ? സ്വാശ്രയ കോളേജുകൾ തുടങ്ങുകയെന്നുള്ളത് എൽ.ഡി.എഫ്.-ന്റെയും നയമായിരുന്നു. കാരണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൊതുമേഖലയിൽ ആ സ്ഥാപനങ്ങൾ തുടങ്ങാൻ സാധിക്കാത്തതുകൊണ്ട് തന്നെയാണ് നിങ്ങൾ സ്വാശ്രയ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചത്. ബംഗാളിലെ സ്വാശ്രയ കോളേജുകളെപ്പറ്റി പഠിക്കാൻ സഖാവ് എം. എ. ബേബി കൺവീനറായി ഒരു കമ്മിറ്റിയെ ബംഗാളിലേയ്ക്ക് അയച്ചതും ആ ഉദ്ദേശത്തോടുകൂടിയാണ്. ഡോക്ടർ കെ. സി. ജോസഫും ആ കമ്മിറ്റിയിൽ ഉണ്ടായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ഗവൺമെന്റ് സെക്ടറിൽ കൂടുതൽ സ്ഥാപനങ്ങൾ തുടങ്ങാൻ സാധിക്കില്ലെന്ന വസ്തുത കഴിഞ്ഞ പ്രാവശ്യം നിങ്ങളും അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ ശ്രീ. എം. എ. ബേബിയുടെ നേതൃത്വത്തിൽ സബ് കമ്മിറ്റിയെ വച്ചതും ബംഗാളിൽ പോയതും തിരിച്ചുവന്ന് കാഞ്ഞിരപ്പള്ളി കോളേജുൾപ്പെടെയുള്ള കോളേജുകൾക്ക് എൻ.ഒ.സി. കൊടുക്കാൻ തീരുമാനിച്ചതും. അപ്പോൾ ഒരുകാര്യം നമ്മൾ അംഗീകരിക്കുന്നു. എന്ത്? ഗവൺമെന്റ് സെക്ടറിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ, പണം മുടക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിക്കില്ല. സാധിക്കുമായിരുന്നെങ്കിൽ നിങ്ങൾ തുടങ്ങുമായിരുന്നല്ലോ? സബ് കമ്മിറ്റിയെ വച്ച് ബംഗാളിൽ അയച്ച് എൻ.ഒ.സി. കൊടുക്കില്ലായിരുന്നു. ആ വസ്തുത ഞങ്ങൾ അംഗീകരിക്കുന്നു. രണ്ടാമത്തെ വിഷയം, ഈ 50 ശതമാനത്തിന്റെ കാര്യത്തിൽ തർക്കമില്ല എന്നുള്ളതാണ്. നിങ്ങൾക്കും ഞങ്ങൾക്കും തർക്കമില്ല. 50 ശതമാനത്തിന്റെ കാര്യത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞ എല്ലാ ഘട്ടത്തിലും 50 ശതമാനം ഗവൺമെന്റ് ക്വാട്ട അതായത് 2 സ്വാശ്രയ കോളേജുകൾ = ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള തത്വം അംഗീകരിച്ചിരുന്നു.

അത് ഈ ഗവൺമെന്റ് നടപ്പാക്കിയപ്പോൾ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതു പോലെ കേരളത്തിന് അതിനനുകൂലമായ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങളുണ്ടായി. നിങ്ങളുടെ പ്രക്ഷോഭം ഞങ്ങളുടെ വിദ്യാർത്ഥി സംഘടനകളുടെ പ്രക്ഷോഭം.....ഏതായാലും 50 ശതമാനം മെറിറ്റ് എന്നുള്ള നിലയ്ക്ക് നമ്മളെല്ലാവരും സമ്മതിച്ചു. 50 ശതമാനം മെറിറ്റ് എങ്ങനെ നടത്തികൊണ്ടു പോകുമെന്നുള്ളതാണ് പ്രശ്നം. ശ്രീ. കോടിയേരി സൂചിപ്പിച്ചതുപോലെ ഞങ്ങളെല്ലാം സ്വകാര്യ മാനേജ്മെന്റിന്റെ ആളുകളും നിങ്ങളെല്ലാം സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും പ്രതിനിധികളുമാണ് എന്ന് പറയുന്നതിൽ അർത്ഥമില്ല. അക്കാര്യത്തിൽ ഇന്നത്തെ സാഹചര്യത്തിൽ എങ്ങനെ കേരളത്തിലെ വിദ്യാർത്ഥികളെ രക്ഷിക്കാമെന്നുള്ളത് തന്നെയാണ് പ്രശ്നം. ഫീസിന്റെ കാര്യത്തിൽ ഒരു അപ്പർ ലിമിറ്റ് വയ്ക്കണമെന്നുള്ളതാണ് എന്റെ നിലപാട്. അപ്പർ ലിമിറ്റ് വയ്ക്കണമെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പാണ്. കാരണം ഏത് ഫീസും ചുമത്താമെന്ന നിലപാടിനോട് എനിക്ക് യോജിപ്പില്ല. ഒരു അപ്പർ ലിമിറ്റ് കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കേണ്ടത് ഇന്ന് തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടുമെല്ലാം തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും ആന്ധ്രയിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമകൾ walk-in-interview വച്ച് കുട്ടികളെ ക്യാപിറ്റേഷൻ ഫീ ഇല്ലാതെ റിക്രൂട്ട് ചെയ്യുകയാണ്. എന്തുകൊണ്ട് ആ സാഹചര്യമുണ്ടായി? ആ സാഹചര്യമുണ്ടായത്, ഞാൻ അടിവരയിട്ട് പറയട്ടെ, തീർച്ചയായിട്ടും സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ തുടങ്ങാനുള്ള സംസ്ഥാനത്തിന്റെ തീരുമാനമാണ്. അല്ലെങ്കിൽ തീർച്ചയായിട്ടും തമിഴ്നാട്ടിലും കർണ്ണാടകയിലും ഫീസ് കുറയ്ക്കില്ല. പാലക്കാടിന്റെ തൊട്ടടുത്തുള്ള കോയമ്പത്തൂരിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾ മലയാളികളാണ്. 50 ശതമാനത്തിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവരുടെ ഫീസിനെക്കുറിച്ചും അവരുടെ അഡ്മിഷനെ സംബന്ധിച്ചുമാണ് നിങ്ങളുടെ ഉത്കണ്ഠ. 50 ശതമാനത്തിന്റെ കാര്യത്തിൽ നിങ്ങൾക്ക് ഉത്കണ്ഠയില്ല. പക്ഷേ 50 ശതമാനം മെറിറ്റിൽ അഡ്മിഷൻ നടക്കണമെങ്കിൽ തീർച്ചയായിട്ടും മാനേജ്മെന്റുകളെ സംബന്ധിച്ചിടത്തോളം ഒരു സോഴ്സ് വേണ്ടിവരും. അതിന് മാനേജ്മെന്റുകൾക്ക് കുറച്ച് ഫ്ളെക്സിബിലിറ്റി കൊടുത്തേ തീരൂ. അല്ലെങ്കിൽ 50 ശതമാനം നടക്കാൻ പോകുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവരോട് ഞാൻ ഒരു കാര്യം പറയാം മാനേജ്മെന്റ് ക്വാട്ട സീറ്റ് വാങ്ങി നമ്മുടെ സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കുന്ന കുട്ടികൾ ഇവിടെ 50 ശതമാനം മാനേജ്മെന്റ് ക്വാട്ട ഉണ്ടെങ്കിൽ ഇവിടെ പഠിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അങ്ങയുടെ സമയം കഴിഞ്ഞു. 10 മിനിട്ടാണ് അങ്ങയുടെ സമയം പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: 50 ശതമാനം മെറിറ്റ് കഴിഞ്ഞുള്ള 50 ശതമാനം മാനേജുമെന്റ് കാറ്റഗറിയിൽ അഡ്മിഷൻ വാങ്ങുന്നവർ കേരളത്തിൽ സൗകര്യമില്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ പോകും. അവരെ സംബന്ധിച്ചിടത്തോളം പൈസ ഒരു പ്രശ്നമല്ല. 50 ശതമാനം മെറിറ്റ് കഴിഞ്ഞു വരുന്ന ബാക്കിയുള്ള 50 ശതമാനത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സാമ്പത്തിക പ്രശ്നത്തിന്റെ പേരിൽ പഠിക്കാതിരിക്കുന്നില്ല. ആ 50 ശതമാനം പേർ കേരളത്തിന് പുറത്ത് പോയി പഠിക്കുന്നുണ്ട്. പക്ഷേ മെറിറ്റിൽ വരുന്ന 50 ശതമാനത്തിന് തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകയിലേയ്ക്കും ആന്ധ്രയിലേയ്ക്കും പോകാൻ കഴിയില്ല. മാനേജ്മെന്റ് കാറ്റഗറിയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇവിടെ പ്രവേശനം ലഭ്യമാക്കാൻ സാധിച്ചില്ലെങ്കിൽ അവർ അന്യസംസ്ഥാനങ്ങളിലേക്ക് പോകും. പക്ഷേ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന ഈ 50 ശതമാനത്തിന്റെ കെയർ ഓഫിൽ കേരളത്തിൽ മെറിറ്റിൽ വരുന്ന 50 ശതമാനത്തിന് പഠിക്കാൻ അവസരം ഇല്ലാതാകും. ഇതിന് ഒരു സാമൂഹിക നിയന്ത്രണം ആവശ്യമാണ്. അതുകൊണ്ട് ഒരു അപ്പർ ലിമിറ്റ് വയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എന്റെ നിർദ്ദേശം. അതോടൊപ്പം തന്നെ കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരാനുള്ള ആഗ്രഹം കൊണ്ട് ഒരുപാട് സ്ഥാപനങ്ങൾക്ക് എൻ.ഒ.സി. കൊടുത്തു. ഇന്നിപ്പോൾ ചില സ്ഥാപനങ്ങളെ മാത്രം കണ്ടുകൊണ്ട് കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളെല്ലാം ലാഭകേരമായി നടക്കുന്നു എന്ന ഒരു തെറ്റിദ്ധാരണ ഉണ്ടായിരുന്നു. പല കോളേജുകളും നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണ്. ഇന്നത്തെ കാലഘട്ടത്തിന്റെ ഒരു പ്രത്യേകത, Fittest will survive എന്നാണ്. ആ കോമ്പറ്റീഷനെ നേരിടാൻ പല സ്ഥാപനങ്ങൾക്കും സാധിക്കുന്നില്ല. അതുകൊണ്ട് ഇപ്പോഴുള്ള സ്ഥാപനങ്ങൾ ഒന്ന് സ്റ്റബിലൈസ് ചെയ്യുന്നതുവരെ എൻ.ഒ.സി. കൊടുക്കുന്നതിനെക്കുറിച്ച് ഒരു പുനരാലോചന വേണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ച് തുടങ്ങിയപ്പോൾത്തന്നെ മാനേജുമെന്റിന്റെ ഒരു വിഭാഗം സമരം ആരംഭിച്ചു. കോളേജുകൾ അടച്ചുപൂട്ടാൻ പോകുന്നു. ഈ സഭയിൽ അതേക്കുറിച്ച് ഒരു പരാമർശം ഉണ്ടായിട്ടുണ്ട്. ഈ അടച്ചിടൽ സമരത്തിന്റെ പിന്നിലെ രാഷ്ട്രീയ ലക്ഷ്യം എന്താണ്? അവസാനം നമ്മൾ ഈ ബിൽ പാസ്സാക്കി കഴിഞ്ഞ് നിയമസഭാ സമ്മേളനം പിരിഞ്ഞ് കഴിയുമ്പോൾ ഈ സ്വാശ്രയ കോളേജിലെ ഒരു വിഭാഗം ജീവനക്കാർക്ക്, 50 ശതമാനം കുട്ടികൾക്ക് പഠിക്കാൻ അവസരം കൊടുക്കുന്ന ഈ മഹത്തായ സ്ഥാപനങ്ങളിലെ ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം കൊടുക്കാനുള്ള ബാധ്യത സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാനുള്ള സമ്മർദ്ദതന്ത്രമായി ഈ സമരം ഭവിക്കുമോ?

ശ്രീ. കെ. ബാബു: സർ, അത് വരാൻ പോകുന്ന കാര്യമാണ്; അത് കാത്തിരുന്നു കാണേണ്ട കാര്യമാണ്. യൂറോപ്പിൽ ഒരു ലക്ഷത്തോളം ബി.എസ്സ്സി. നഴ്സുമാരുടെ ഒഴിവുണ്ട്. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരൊറ്റ ബി.എസ്സ്സി. നഴ്സിംഗ് കോളേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ ഈ ഗവൺമെന്റ് സ്വീകരിച്ച നയത്തിന്റെ ഫലമായി 30-ഓളം സ്വാശ്രയ ബി.എസ്സ്സി. നഴ്സിംഗ് സ്ഥാപനങ്ങൾ വന്നു. കേരളത്തിലിപ്പോൾ ഏറ്റവും

കൂടുതലുള്ളത് മാൻപവറാണ്. ആ മാൻപവർ ലോകത്താകമാനമുള്ള സാഹചര്യങ്ങളിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നുള്ളതിനെക്കുറിച്ചുള്ള ആലോചനയുടെ ഭാഗം കൂടിയാണ് ഈ നയംമാറ്റം. തീർച്ചയായിട്ടും പ്രതിപക്ഷത്തുനിന്ന് ചൂണ്ടിക്കാണിച്ച പ്രായോഗികമായ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് ഈ ബിൽ കുറ്റമറ്റതാക്കിത്തീർക്കണം.

ശ്രീ. എം. കുമാരൻ: സർ, ഇതിനുമുമ്പ് ഇവിടെ സംസാരിച്ച അംഗങ്ങളൊക്കെ പ്രതിപാദിച്ചതുപോലെ സമൂഹത്തിൽ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന വർഗ്ഗത്തെ ഉദ്ധരിക്കാനോ അവരെ വിദ്യാഭ്യാസപരമായി വളർത്തിയെടുക്കാനോ ഉള്ള ഒരു ബില്ലായി ഇത് മാറില്ല. കേരളത്തിൽ വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളിൽ 50 ശതമാനം ഗവൺമെന്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ടെങ്കിൽ 50 ശതമാനം കുട്ടികളെ ഈ ഗവൺമെന്റിന് ബാധ്യതയില്ലാത്ത അവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. കേരളത്തിൽ വിദ്യാഭ്യാസം നേടുന്ന നമ്മുടെ വിദ്യാർത്ഥികളിൽ 50 ശതമാനം വിദ്യാർത്ഥികളുടെ ഭാവിയെക്കുറിച്ച് ഗവൺമെന്റിന് ഉത്തരവാദിത്തമോ ബാധ്യതയോ ഇല്ലാത്ത അവസ്ഥയിലേയ്ക്ക് എത്തിക്കുകയാണ്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഏത് നിലയിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഈ ബില്ലിൽ ഒരു അവ്യക്തത നിലനിൽക്കുകയാണ്. എനിക്ക് ഈ സമയത്ത് സൂചിപ്പിക്കാനുള്ളത് ഈ വർഗ്ഗത്തെ ഉദ്ധരിക്കാൻവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗമറ്റ് പിന്നോക്ക സമുദായങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് 50 ശതമാനം മാനേജുമെന്റ് സീറ്റിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുവാൻ ഉതകുന്ന തരത്തിൽ ഇതിൽ ഒരു പ്രത്യേക ഭാഗം ഉണ്ടാക്കണമെന്നാണ്. അതു പ്രത്യേകിച്ച് എടുത്തു പറയാൻ കാരണമുണ്ട്. നമ്മൾ ഇന്നുവരെ വിദ്യാഭ്യാസ വളർച്ച നേടിയത് ആനുകൂല്യങ്ങൾ കിട്ടിയതുകൊണ്ടു മാത്രമാണ്. വിദ്യാഭ്യാസ പണ്ഡിതന്മാർ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ എല്ലാം കൊണ്ടുതന്നെയാണ് ഈ സാമൂഹ്യരംഗത്തും രാഷ്ട്രീയ രംഗത്തുമൊക്കെ സംസ്ഥാനം ഇത്രകണ്ട് വികസിച്ചത്. അതിനൊക്കെ കടിഞ്ഞാൺ ഇടുന്ന സമീപനവുമായിട്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും യു.ഡി.എഫ്. ഗവൺമെന്റും പോകുന്നത്. ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുള്ളത് വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യം നിഷേധിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന് ഉദാഹരണം പറയാനുണ്ട്. ബാലേട്ടൻ ഇന്നലെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ച സമയത്തും അതിനുള്ള മറുപടിയും അത് വ്യക്തമാക്കുന്നുണ്ട്. ഞാൻ ആ സംഭവം ഇവിടെ സൂചിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഒരു കുട്ടി തിരുവനന്തപുരത്ത് കേരള ഏവിയേഷൻ ട്രെയിനിംഗ് സെന്ററിൽ പൈലറ്റ് കോഴ്സിന് പഠിക്കുന്നുണ്ട്. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉൾപ്പെടെ ഈ കോഴ്സിന് ചേർന്ന് പഠിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ധനസഹായം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കൈപ്പറ്റി. എന്നാൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്നും ആ വിദ്യാഭ്യാസാനുകൂല്യം കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിക്കും അതേക്കുറിച്ച് രേഖാമൂലം എഴുതിക്കൊടുത്തിട്ടുണ്ട്. അതിന് മറുപടി കിട്ടാത്ത അവസ്ഥയാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഈ നിയമസഭയിൽ ജൂൺ 29-ാം തീയതി ഉത്തരം കിട്ടുന്നതിനു വണ്ടി നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യം ഞാൻ ചോദിച്ചു. ആ ചോദ്യത്തിന് മറുപടി കിട്ടിയിട്ടില്ല. അതിൽ പറഞ്ഞിരിക്കുന്നത് മാറ്റിവയ്ക്കപ്പെട്ട ചോദ്യമായി സൂചിപ്പിക്കുന്നുയെന്നാണ്. ഇത് പട്ടികജാതിക്കാരുടെ വിദ്യാഭ്യാസപരമായ വളർച്ചയ്ക്ക് വേണ്ടിയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഈ നിയമസഭയിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ എം.എൽ.എ.-മാരുണ്ട്. അവരൊക്കെ ഈ വർഗ്ഗത്തെ ഉദ്ധരിക്കാൻവേണ്ടി ഈ നിയമസഭയിൽ എത്തിയ എം.എൽ.എ.-മാരാണെന്ന് വ്യക്തമായിട്ടും അവരെയൊക്കെ ഇൻസൾട്ട് ചെയ്യുന്ന രീതിയിലുള്ള ഉത്തരമാണ് എനിക്ക് ഇന്ന് കിട്ടിയിരിക്കുന്നത്. ഉത്തരം കിട്ടാതിരുന്ന സന്ദർഭത്തിലാണ് ഇന്ന് രാവിലെ ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് രേഖാമൂലം എഴുതിക്കൊടുത്തത്. അത് വായിച്ചിട്ട് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. എത്രയും പെട്ടന്ന് ഉത്തരം തരാമെന്ന്. ഞാൻ സീറ്റിലെത്തി അരമണിക്കൂർ കഴിയുമ്പോൾ ആ മാറ്റി വയ്ക്കപ്പെട്ട ചോദ്യത്തിന്റെ ഉത്തരം മേശപ്പുറത്ത് എത്തിയിരിക്കുകയാണ്. ഈ സമൂഹത്തോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതയാണിത്. പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട എം.എൽ.എ.-മാരോട് ഇത്തരത്തിലുള്ള സമീപനം കാണിക്കുന്നുണ്ടെങ്കിൽ ഈ വിദ്യാഭ്യാസ പരിഷ്ക്കാരം അടിത്തട്ടിൽ കിടക്കുന്ന വർഗ്ഗത്തിന്റെ മക്കളോട് എത് വിധത്തിൽ കാണിക്കുമെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇതേ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഫണ്ടിന് അവകാശപ്പെട്ട എം. രാഘവൻ എന്ന ഒരു കുട്ടി കഴിഞ്ഞ ദിവസം ബന്ധപ്പെട്ട സെക്ഷന്റെ അഡീഷണൽ സെക്രട്ടറിയുടെ ഓഫീസിൽ അന്വേഷിക്കാൻ പോയി. അപ്പോൾ ഈ കുട്ടിയോട് അഡീഷണൽ സെക്രട്ടറിയുടെ ഓഫീസിൽ നിന്ന് പറയുന്നു നീ നിയമസഭയിൽ ചോദ്യം ചോദിക്കുമല്ലേ? ആ ചോദ്യത്തിൽ എന്തോ ദുരൂഹത ഉണ്ടെന്നല്ലേ മനസ്സിലാക്കേണ്ടത്? ഈ വർഗ്ഗത്തെ ഉദ്ധരിക്കണം. രാഘവൻ എന്നു പറയപ്പെടുന്ന കുട്ടിയുടെ അച്ഛനും അമ്മയും ഇന്നും പട്ടികവർഗ്ഗത്തിൽപെടുന്നവരും കാട്ടിനകത്ത് വസിക്കുന്നവരുമാണ്. ആ കുട്ടിയെ സംരക്ഷിക്കാൻ ബാധ്യതയുണ്ട്. ആ കുട്ടി തിരുവനന്തപുരത്താണ് പഠിക്കുന്നത്. ആറാം തരംതൊട്ട് സംസ്ഥാന ഗവൺമെന്റിന്റെ പാരിതോഷികങ്ങൾ വാങ്ങിയാണ് പഠിക്കുന്നത്. ബി.എസ്സ്സി. കെമിസ്ട്രി കഴിഞ്ഞ് എം.എസ്സ്സി.-ക്ക് ചേർന്ന സമയത്താണ് പൈലറ്റ് ട്രെയിനിംഗ് കോഴ്സിന് അഡ്മിഷൻ കിട്ടിയത്. അങ്ങനെ കേന്ദ്ര ഗവൺമെൻറ് അനുവദിച്ച ഫണ്ട് ഈ കുട്ടിക്ക് കൊടുക്കാത്തതുകൊണ്ട് ട്രെയിനിംഗ് നിർത്തിവച്ചിരിക്കുകയാണ്. ഇന്ന് രാവിലെപോലും ടെലിഫോൺ ബൂത്തിലും ഹോട്ടലുകളിലും പണി എടുത്തു കൊണ്ടാണ് ആ കുട്ടി പഠിക്കാൻ പോയത്. ഈ അവസ്ഥപോലും കാണാൻ കഴിയാത്ത വകുപ്പുമന്ത്രിയേയും വിദ്യാഭ്യാസ സമ്പ്രദായത്തേയും നിഷേധിക്കാനേ പറ്റൂ. ബഹുമാനപ്പെട്ട പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രി ഈ വർഗ്ഗത്തിനു വേണ്ടിയാണ് മന്ത്രിസഭയിൽ ഇരിക്കുന്നത്. മറ്റ് കാര്യങ്ങൾ പറയാനുണ്ടോ? ഈ അടിമവർഗ്ഗത്തിന്റേയും പട്ടിണി കിടക്കുന്നവന്റെയും പട്ടികജാതി/പട്ടിക വർഗ്ഗങ്ങളുടെയും വിഷമങ്ങളും ബുദ്ധിമുട്ടുകളും ബഹുമാനപ്പെട്ട പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രി അറിയുന്നില്ലെങ്കിൽ, വിഷമത്തോടുകൂടിയാണ് ഞാൻ പറയുന്നത്. നമുക്കൊക്കെ ഈ സമൂഹത്തെ ഉദ്ധരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഈ പരിപാടിയൊക്കെ അവസാനിപ്പിച്ച് ഈ സമൂഹ നന്മയ്ക്കുവേണ്ടി

പ്രവർത്തിക്കുന്ന പരിപാടിയൊക്കെ നിറുത്തി വീട്ടിൽ അടങ്ങി ഇരിക്കുന്നതാണ് ഏറ്റവും നല്ലത്. ഇതിനുവേണ്ടി എന്ത് ത്യാഗം ചെയ്യേണ്ടിവന്നാലും ആതുക വാങ്ങി കൊടുക്കാതെ ഞാൻ ഇതിൽനിന്ന് പിൻമാറില്ലയെന്ന് ഉറപ്പിച്ചു പറയുകയാണ്. അതുപോലെതന്നെ മറ്റൊരു ഖേദകരമായ സത്യം പറയട്ടെ. ഇന്ന് ഞാൻ, ചോദിച്ച, പ്രസ്തുത വിദ്യാർത്ഥികളുടെ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്നത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് ആൻസർ 'ഓഫീസർ' എന്നാണ് എഴുതിത്തന്നിരിക്കുന്നത്. ഇതിന് എന്താണ് മറുപടി പറയേണ്ടത്? ആ ചോദ്യത്തിന് ഉത്തരം പറഞ്ഞിരിക്കുന്നത് 'ഓഫീസർ' എന്നാണ്. ഇതൊക്കെ പറയാൻ പ്രേരിപ്പിച്ചത്, ഈ പരിഷ്ക്കരണത്തിന് സമീപ ഭാവിയിൽ എന്ത് സംഭവിക്കും എന്ന് ആശങ്കയുണ്ട്. ഈ ആശങ്ക അവസാനിപ്പിക്കാൻ എടുക്കേണ്ട സമീപനമാണ് നമ്മൾ ആലോചിക്കേണ്ടത്. ആസന്ന ഭാവിയിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടും. അടച്ചു പൂട്ടാനുള്ള നീക്കങ്ങളാണ് കേരള ഗവൺമെന്റിന്റെ വിദ്യാഭ്യാസ പരിഷ്ക്കരണം. കോടികൾ മുതൽമുടക്കിയ ഗവൺമെന്റിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ സംസ്ഥാനത്തുണ്ടല്ലോ. അതൊക്കെ സമീപഭാവിയിൽ അടച്ചുപൂട്ടാനുള്ള നീക്കം നടക്കുന്നുണ്ട് എന്നു പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. സി. വേണുഗോപാൽ: സർ, വളരെ നിർണ്ണായകമായ ഒരു വിഷയത്തെ അധികരിച്ചാണ് ഇന്നലെയും ഇന്നുമായി ഇവടെ ചർച്ച നടന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടാണ് നമുക്ക് ഈ നിയമം ഉണ്ടാക്കേണ്ടിവന്നിരിക്കുന്നത്. വിവിധ കേടതികളുടെ ഇടയ്ക്കിടയ്ക്കുള്ള ഇടപെടലുകളാണ് ഇത്തരം ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേയ്ക്ക് നമ്മളെ വീണ്ടും എത്തിച്ചിരിക്കുന്നത്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാപേരുടെയും ആശങ്ക ഒരു കാര്യത്തിൽ മാത്രമാണ്. 50 ശതമാനം സീറ്റിന്റെ കാര്യത്തിൽ എല്ലാപേരും സംതൃപ്തരാണ്. 50 ശതമാനം സീറ്റ് മാനേജുമെന്റിന് ഇഷ്ടപ്രകാരം തീരുമാനിക്കാനുള്ള അവകാശം കൊടുക്കണം. അതിന് ശക്തമായ നിയന്ത്രണം വേണമോയെന്നുള്ള ചോദ്യമാണ് ഇവിടെ ഉയർന്നുവരുന്നത്. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, വർഷങ്ങളായുള്ള നമ്മുടെ മുദ്രാവാക്യം, സാർവ്വത്രികമായ വിദ്യാഭ്യാസം കേരളത്തിൽ വേണമെന്നുള്ളതാണ്. എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും ഇവിടെ പ്ലസ് ടുവിന് അഡ്മിഷൻ കൊടുക്കാൻ കഴിയുന്നില്ല. പ്ലസ് ടു കഴിഞ്ഞാൽ ഡിഗ്രിക്ക് അഡ്മിഷൻ കൊടുക്കാൻ കഴിയുന്നില്ല. എത്ര കുട്ടികളാണ് ഉപരിപഠനം നടത്താതെ കേരളത്തിൽനിന്ന് കൊഴിഞ്ഞുപോകുന്നത്. സാമ്പത്തിക സൗകര്യങ്ങളും മറ്റുമെല്ലാം അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിപ്പോകുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. കർണ്ണാടകയിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും പൈസയും കുട്ടികളുടെ ശേഷിയുമൊക്കെ ഒഴുകിപ്പോകുന്നതിനെ തടയുന്നതിന് കേരള ജനതയുടെ മുന്നിൽ ഒരു വലിയ വഴിയാണ് തുറന്നുകാണിച്ചു കൊടുത്തിരിക്കുന്നത്. ആ വഴി തുറന്നു കാണിക്കുമ്പോൾ അതിന് ചില അപാകതകളും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകും. അത് സ്വാഭാവികമാണ്. ചില സംശയങ്ങളും ആശങ്കകളുമൊക്കെ ഉണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ലാഭക്കൊതി മാത്രമുള്ള ചില ഏജൻസികളുമുണ്ട്. നമുക്കത് സമ്മതിക്കാതിരിക്കാൻ കഴിയില്ല. അവരുടെ താളത്തിനൊത്ത് തുള്ളാൻ കഴിയില്ല. എല്ലാപേരും അത്തരക്കാരല്ല. വിദ്യാഭ്യാസ രംഗത്ത് സേവനസന്നദ്ധതയോടുകൂടി പ്രവർത്തിക്കുന്ന എത്രയോ മാതൃകാ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അത്തരം സ്ഥാപനങ്ങൾക്ക് അവസരം തുറന്നു കൊടുത്താൽ, ആ യാഥാർത്ഥ്യം ഉൾക്കൊള്ളാതെ മാറി നിൽക്കരുത്. ഈ സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ്, ദന്തൽ രംഗത്തേയ്ക്ക് കൂടുതൽ പേർ കടന്നുവന്നാൽ എത്ര ആളുകൾക്കാണ് ജോലി കിട്ടാൻ പോകുന്നത്? എത്രയോ എസ്റ്റാബ്ലിഷ്മെന്റാണ് കേരളത്തിലേയ്ക്ക് വരാൻ പോകുന്നത്? തമിഴ്നാട്ടിലും കർണ്ണാടകയിലും പ്രവർത്തിച്ചുകൊണ്ടിരുന്ന എസ്റ്റാബ്ലിഷ്മെന്റാണ് കേരളത്തിലേയ്ക്ക് വരാൻ പോകുന്നത്. നമ്മുടെ സമ്പദ്ഘടനയെ മൊത്തമായി ശക്തിപ്പെടുത്തുകയല്ലേ? അതുപോലെതന്നെ അഡ്മിഷൻ കിട്ടാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 50 ശതമാനം സംവരണം കിട്ടും. ഒന്നും കിട്ടാതിരിക്കുന്ന ലോകത്തേയ്ക്ക് കുറേയേറെ സീറ്റുകൾ കൊടുക്കുമ്പോൾ അതിനെ നടത്തിക്കൊണ്ടുപോകാൻ ചില ക്രമീകരണങ്ങൾ വേണമെന്ന് പറയുന്നത്, സമ്പന്നരെ സഹായിക്കാൻവേണ്ടിയാണ്. വിദ്യാഭ്യാസ മേഖലയിൽ മുതലാളിത്ത വൽക്കരണത്തിനുവേണ്ടിയാണ് എന്നുള്ള ആക്ഷേപം നിങ്ങൾ ഉന്നയിക്കുന്നത്, അതൊരു ദുസ്സൂചനയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, സമ്പന്നരായ ആളുകൾ നിങ്ങളാണ്, ഞങ്ങളെല്ലാം പാവപ്പെട്ട ആളുകൾ എന്നു പറയുകയുണ്ടായി. അങ്ങനെയൊന്നും കേരളത്തിലില്ല. വിദ്യാഭ്യാസരംഗത്ത് ഒരുപാട് പരിവർത്തനങ്ങൾ നടന്ന നാടാണ് കേരളം. വിദ്യാഭ്യാസ മേഖലയിൽ കെ.എസ്.യു.-വിന്റെ കാലംമുതൽ തുടങ്ങിയ പോരാട്ടവും ഫൈറ്റും, വിദ്യാഭ്യാസ രംഗത്ത് ക്യാപ്പിറ്റലൈസേഷനെതിരെയുള്ള പോരാട്ടവുമൊക്കെ നടത്തി ഞങ്ങളൊക്കെ അതിലൂടെ വളർന്ന ആളുകളാണ്. ഒരു സുപ്രഭാതത്തിൽ കയറി സ്വകാര്യ മാനേജുമെന്റിനേയും സ്വകാര്യ കുത്തകകളേയും പ്രോൽസാഹിപ്പിക്കുകയല്ല എന്ന യാഥാർത്ഥ്യം കാണാതെ, കേരളം ഇന്ന് ഓടിക്കൊണ്ടിരിക്കുന്ന വഴിയിൽ സ്പർശിക്കാതെ നമുക്ക് ചില ഉട്ടോപ്യൻ സിദ്ധാന്തവുമായി നിൽക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട ബാബു പറഞ്ഞതുപോലെ, ഇടതുപക്ഷമുന്നണി പരീക്ഷിച്ചു നോക്കിയ കാര്യങ്ങളാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. അവർ യൂണിവേഴ്സിറ്റി കളിലൂടെ സ്വാശ്രയ സ്ഥാപനങ്ങളെ പരീക്ഷിച്ചു നോക്കി. കേരളത്തിന്റെ ബ്രോഡ് എലാബറേഷനാണ് ഇപ്പോൾ യു.ഡി.എഫ്. നടത്തിയിരിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം കിട്ടുമെന്ന് പ്രതീക്ഷയില്ലാത്ത ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കാണ് കഴിഞ്ഞകൊല്ലവും ഈ കൊല്ലവും അഡ്മിഷൻ കിട്ടിയിരിക്കുന്നത്. നമ്മൾ കണ്ടതല്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണന് കാര്യം അറിയാം. എത്ര കുട്ടികളാണ് ആത്മഹത്യ ചെയ്തത്? അത് വെറും സാമ്പത്തിക പ്രശ്നം മാത്രമല്ല, അതൊരു സാമൂഹ്യ ദുരന്തമായിരുന്നു. കർണ്ണാടകയിൽ ടി.സി.എച്ച്.-നും ടി.ടി.സി.-ക്കും ബി.എഡ്.-നും അതുപോലെ എഞ്ചിനീയറിംഗിനും മറ്റും പഠിക്കാൻ പോയ നിരവധി വിദ്യാർത്ഥികളെ പീഡിപ്പിക്കപ്പെട്ടതിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ഡെഡ് ബോഡിയാണ് കേരളം ഏറ്റുവാങ്ങിയത്. അന്നൊക്കെ ജനാധിപത്യ കേരളത്തിലെ രക്ഷകർത്താക്കളുടെ മനസ്സാക്ഷി നമ്മോട് ചോദിച്ചിട്ടുണ്ട്; ഇവർക്കൊരു വഴി തുറന്നുകൊടുക്കാൻ കേരളത്തിനു കഴിയില്ലേ എന്ന്. ആ ഉത്തരവാദിത്വമാണ് ഐക്യജനാധിപത്യമുന്നണി ഈ തുറന്നു കൊടുക്കലിലൂടെ നൽകിയിരിക്കുന്നത്. അതിലെ തെറ്റുകൾ നിങ്ങൾ തിരുത്തണം; പോരായ്മകൾ പരിഹരിക്കണം. സിസ്റ്റം മൊത്തത്തിൽ കുഴപ്പമാണ്, സമ്പന്നരെ സഹായിക്കാനാണ് എന്ന് പറയുന്നത് ദുഷ്ടലാക്കോടെയാണ് എന്നുതന്നെയാണ് എന്റെ വിശ്വാസം. അതുകൊണ്ട് നമുക്ക് ബംഗാൾ മാറിയതുപോലെയെങ്കിലും മാറണം. കമ്മ്യൂണിസ്റ്റുകാരുടെ പഴയ മുദ്രാവാക്യം, "ചൈനപോലെ, റഷ്യപോലെ ഇന്ത്യയൊന്നു മാറ്റുവാൻ പോരുവിൻ സഖാക്കളെ, രക്തമുള്ള കൂട്ടരേ" എന്ന് നിങ്ങൾ വിളിച്ച മുദ്രാവാക്യം ഞാൻ മാറ്റിപ്പറയുകയാണ്. ബംഗാൾ പോലെയെങ്കിലും തുറന്നുകൊടുക്കാൻ, വിദ്യാഭ്യാസ മേഖലയിലും വ്യവസായ മേഖലയിലും തുറന്നുകൊടുക്കാൻ ഈ അവസരം വിനിയോഗിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സൂചനയെ ഞാൻ നിസ്സാരമായി കാണുന്നില്ല. എന്തും വാങ്ങാമെന്നുള്ള അവസ്ഥ മാനേജർമാർക്ക് കൊടുക്കാൻ പാടില്ല. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു; ഇന്നലേയും ഇന്നുമായി മലയാള മനോരമ ദിനപ്പത്രത്തിൽ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ. ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഡി.ഇ.ഒ.-മാർക്കും എത്ര പോസ്റ്റ് വേണമെങ്കിലും ക്രിയേറ്റ് ചെയ്യാം. ഒരു മന്ത്രിക്ക് പോസ്റ്റ് ക്രിയേറ്റ് ചെയ്യാൻ അവകാശമില്ല. കേരളത്തിൽ നമ്മൾ ശമ്പളം കൊടുക്കുന്ന സ്വകാര്യ മേഖല, പ്ലസ് ടു കോഴ്സ് നടത്തുന്ന പല സ്കൂളുകളിലും, കോർപ്പറേറ്റ് മാനേജുമെന്റ് നടത്തുന്നു എന്നാണ് എന്റെ വിശ്വാസം. ഇൻഡിവിഡുവൽ മാനേജുമെന്റ് ഒരു സീറ്റുപോലും കൊടുക്കാതെയാണ് കോഴ വാങ്ങിക്കൂട്ടിയിരിക്കുന്നത്. അത് നിയന്ത്രിക്കാൻ സംവിധാനമില്ല. വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കാനുള്ള പ്രവണത വളർന്നുവരുന്നതിനെ നിസ്സാരവൽക്കരിച്ചിട്ട് കാര്യമില്ല. അത് നിയന്ത്രിക്കാൻ സംവിധാനം ഉണ്ടാകണം. ആ നിയന്ത്രണം സ്ഥാപനം നടത്താനുള്ള കാശ് എടുത്ത് ചെലവഴിക്കാൻ വരുന്നവന്റെ നടുവൊടിക്കുന്ന രീതിയിലായിരിക്കരുത്, ഇത് നടപ്പിലാക്കാൻവേണ്ടി വരുന്നവനെ പ്രോൽസാഹിപ്പിക്കുന്നതായിരിക്കണം. അതിലൂടെ പാവപ്പെട്ട വിഭാഗക്കാർക്കും, കേരളത്തിലെ ജനാധിപത്യ മനസ്സാക്ഷിക്കും അനുകൂലമാകുന്ന വിദ്യാഭ്യാസ അന്തരീക്ഷം ഉണ്ടാക്കാൻ കഴിയണം. നിങ്ങൾ അതിനപ്പുറം അക്രമാസക്തമായ സമരത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ട്, ശ്രീ. നാലകത്ത് സൂപ്പിയുടെ കാർ തടഞ്ഞ്, വിദ്യാഭ്യാസമന്ത്രിയെ തടഞ്ഞ്, കേരളത്തിലാകമാനം അക്രമാസക്തരായതുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകാൻ പോകുന്നില്ല. ഉണ്ടാകാൻ പോകുന്നത് വിദ്യാഭ്യാസരംഗം കലുഷിതമാകുന്നത് മാത്രമാണ്. പണ്ട് ഞാൻ കെ.എസ്.യു.-വിന്റെ പ്രസിഡന്റായിരുന്ന ആളാണ്. വിദ്യാഭ്യാസ പ്രശ്നങ്ങൾ ഉന്നയിക്കാൻ എത്ര പ്രാവശ്യം ഗവൺമെന്റ് ചർച്ച നടത്താൻ തയ്യാറായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൾ പാർട്ടി മീറ്റിംഗ് വിളിച്ചുകൂട്ടി. ബഹുമാനപ്പെട്ട മത്തായി ചാക്കോ പുതിയ മെമ്പറാണല്ലോ? ഞാൻ അപ്പുറത്തിരുന്ന് ഒരുപാട് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അപ്പോൾ ചർച്ചയ്ക്ക് വിടില്ലായിരുന്നു. ഞങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാറില്ലായിരുന്നു. എത്രമാത്രം ബ്രോഡായിട്ടാണ് ഇപ്പോൾ ഭരണപക്ഷം നിങ്ങളുടെ നിർദ്ദേശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നത്. ഇവിടെ ഇപ്പോൾ സമവായത്തിന്റെ കാലഘട്ടമാണ്. കേന്ദ്രത്തിൽ സമവായം ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എന്തായാലും ഉറപ്പ് നൽകിയിട്ടുണ്ട്. നിങ്ങളുടെ ഭരണം താഴെപ്പോകാതിരിക്കാൻ എന്തായാലും ഞങ്ങൾ നോക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉറപ്പ് നൽകിയിട്ടുണ്ട്. ഇതിനെ ഇന്ത്യാ രാജ്യത്തെ ഒരു ശുഭോദർക്കമായ കാര്യമായി ഞാൻ കാണുകയാണ്. നിങ്ങൾ ഇപ്പോൾ ജയിച്ചു. ഇനി അസംബ്ലി ഇലക്ഷനും പോരാട്ടവും. കേരളത്തിന്റെ പൊതുവായ വികസനത്തിനുവേണ്ടി വിദ്യാഭ്യാസ മേഖലയിലേയ്ക്ക് മുന്നേറ്റമുണ്ടാക്കിയെടുക്കാൻ ശ്രമിക്കുമ്പോൾ യഥാർത്ഥ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ, അത് മനസ്സിലാക്കാനുള്ള മനസ്സാക്ഷി കാണിക്കുന്നില്ല. പുതിയ വിദ്യാർത്ഥി തലമുറ, ഇങ്കിലാബിന്റെ പിന്നിൽമാത്രം പോകുന്നവരാണെന്ന് തെറ്റിദ്ധരിക്കരുത്. കേരളത്തിലെ ചെറുപ്പക്കാർ ഇങ്കിലാബിന്റെ പിന്നിൽമാത്രം ഒതുങ്ങിനിൽക്കുന്നവരല്ല. അവർക്ക് അവസരം നിഷേധിക്കുമ്പോൾ അവർ അസ്വസ്ഥരാകും; കലാപകാരിയാകും. കേരളസമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മനസ്സിലാക്കാനും അവർക്ക് അവസരം കൊടുക്കാനും ആരും തയ്യാറാകുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ പാവപ്പെട്ടവന് ഇവിടെ മെഡിക്കൽ സീറ്റില്ല, എഞ്ചിനീയറിംഗ് സീറ്റില്ല. അത് മാറണം. 50 ശതമാനം മെറിറ്റെന്ന ആശയം വരുന്നതോടുകൂടി അത് മാറും. എയ്ഡഡ് സ്കൂളുകളിൽ സർക്കാർ ശമ്പളം കൊടുത്തല്ലേ അദ്ധ്യാപകരെ നിയമിക്കുന്നത്? അവിടെ 50 ശതമാനം സീറ്റ് മാനേജുമെന്റ് കോട്ട ആണോ? അവിടെ കേരള ഗവൺമെന്റാണ് ശമ്പളം കൊടുക്കുന്നത്. ഇവിടെ നമ്മൾ ഒരു ശമ്പളവും കൊടുക്കുന്നില്ല. നമുക്കൊരു ബാദ്ധ്യതയുമില്ല. 50 ശതമാനം പൂർണ്ണായും മെരിറ്റിലാക്കുന്നു എന്നു വന്നാൽ നമ്മൾ അതിന്റെ മേന്മയെ, നന്മയെ കുറച്ചു കാണുന്നത് ഒരു കാരണവശാലും ശരിയല്ല. ഇതിനൊരു സമവായം ഉണ്ടാകണം. ചെക്കിംഗ് ബാലൻസുണ്ടാകണം. എത്രത്തോളം ഫീസാകാമെന്നു തീരുമാനിച്ചാൽ പിന്നെ ആ മാനേജുമെന്റിലേയ്ക്ക് പോകാൻ ആരും തയ്യാറാകില്ല. ഇവിടെ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽപ്പോലും ഇഷ്ടംപോലെ വാങ്ങിച്ചവരുണ്ട്. ഞാൻ പേര് പറയാൻ ഉദ്ദേശിക്കുന്നില്ല. 23 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ വാങ്ങിയവരുണ്ട്. അവർക്കൊരു നിയന്ത്രണമുണ്ടാകണം. ഒരു സുതാര്യമായ നിയന്ത്രണം. അതോടുകൂടി അവർക്ക് ഫ്ളെക്സിബിളായി പ്രവർത്തിക്കാനും അതോടൊപ്പം ഒരു പരിധി നിശ്ചയിച്ചുകൊണ്ട് ഈ നിയമം കുറ്റമറ്റതാക്കാനും കഴിയും. അതേപോലെ നേരത്തെ പറഞ്ഞത്, സ്വാശ്രയ രംഗത്തെ സ്ഥാപനങ്ങളിൽ ഇപ്പോൾ എൽ.കെ.ജി. അഡ്മിഷനുപോലും ടെസ്റ്റ് നടത്തുന്നു എന്നാണ്. മൂന്ന് വയസുള്ള ഒരു കുട്ടിയെ എൽ.കെ.ജി.-യിൽ ചേർക്കണമെങ്കിൽ ടെസ്റ്റ് എഴുതണം. നിയന്ത്രണമില്ല. കൂണുപോലെ വന്നുകൊണ്ടിരിക്കുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സമഗ്രമായ ഒരു നിയമം നമ്മുടെ നാട്ടിൽ ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് കാലഘട്ടത്തിന്റെ ആവശ്യമാണ് ഈ നിയമമെന്ന് സൂചിപ്പിച്ചുകൊണ്ട് ഇത് നടപ്പിലാക്കണം, ഇത് അംഗീകരിക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ഈ ബില്ലിന്റെ അവതരണ വേളയിൽ ബിൽ കൊണ്ടുവരാനുള്ള സാഹചര്യങ്ങളെക്കുറിച്ചും കേരളത്തിലെ ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയെക്കുറിച്ചും ഞാൻ വിശദമായി സംസാരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ള പ്രതിപക്ഷങ്ങളുടേയും ഭരണ പക്ഷങ്ങളുടേയും വികാരവും അഭിപ്രായവും ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. ഈ അഭിപ്രായങ്ങളൊക്കെ ഒരു സമവാക്യത്തിന്റെ ധ്വനി പ്രകടിപ്പിക്കുന്നുണ്ട്. സമവായം വേണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. നമ്മുടെ സംസ്ഥാനത്തെ പ്രൊഫഷണൽ, അൺ എയ്ഡഡ് പ്രൊഫഷണൽ മേഖലയിൽ നമ്മൾ മൂന്നു കൊല്ലത്തെ അനുഭവത്തിലൂടെ മനസ്സിലാക്കിയത് സംസ്ഥാനത്തിനകത്ത് സാമ്പത്തിക നിക്ഷേപമുണ്ടായി, സംസ്ഥാനത്തിനകത്ത് വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരമുണ്ടായി; ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് വർദ്ധിച്ചു. അതുപോലെ കൂടുതൽ തൊഴിലവസരങ്ങളുണ്ടായി എന്നൊക്കെയാണ്. ഈവക കാര്യങ്ങളൊക്കെ നമ്മൾ അനുഭവിച്ചതാണ്. മെഡിക്കൽ കോളേജുമായും എൻജിനീയറിംഗ് കോളേജുമായും ബന്ധപ്പെട്ട, വിഷയവും ആദ്യം ഹൈക്കോടതിയിൽ വന്നു. സുപ്രീം കോടതിയിൽ നിരവധി പെറ്റീഷൻസ് ഉണ്ടായിരുന്നു. അതുമൂലം അവസാനം ഇസ്ലാമിക് ഫൗണ്ടേഷൻ എന്നു പറയുന്ന കർണ്ണാടക സ്റ്റേറ്റിനെ സംബന്ധിച്ച വിധിയിലാണ് എത്തിയിരിക്കുന്നത്. ഈ വിധി മൂലം നമ്മൾ ഇന്ന് അനുവർത്തിച്ചുവന്ന നയത്തിൽ നിന്ന് വ്യതിയാനമുണ്ടോ എന്നാണ് സംശയം. നമ്മളൊക്കെ ആഗ്രഹിച്ചതുപോലെ പാവപ്പെട്ടവരും അല്ലാത്തവരുമായ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ലഭിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. ആ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ അവസരം ഉണ്ടാക്കാൻ നമുക്ക് എന്താണ് ചെയ്യാൻ പറ്റുക എന്ന് ചോദിച്ചപ്പോൾ പലരും പല ഉപാധികളും പറഞ്ഞു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതുപോലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയതോടുകൂടി നമ്മുടെ സംസ്ഥാനത്ത് ഒരു മാറ്റം വന്നു. ആ മാറ്റം എന്നു പറയുന്നത് 50 ശതമാനം മെറിറ്റ് കോട്ടയും 50 ശതമാനം മാനേജ്മെന്റ് കോട്ടയുമാണ്. മാനേജ്മെന്റ് കോട്ടയെ സംബന്ധിച്ച് കഴിഞ്ഞ കൊല്ലം തർക്കം വന്നു. കഴിഞ്ഞ കൊല്ലത്തേയ്ക്ക് മാത്രമായി ഒരു ഫോർമുല അംഗീകരിച്ചു. ഇപ്പോൾ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് ഇത്തരമൊരു സമവായമുണ്ടാക്കി, ഒത്തു തീർപ്പുണ്ടാക്കി. ഈ നിയമം പാസ്സാക്കുക എന്നതാണ്. ഇത് ഭരണ ഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന പ്രമേയം ഞാൻ അവതരിപ്പിച്ചിരുന്നു. സുപ്രീം കോടതി വിധി മറികടക്കാനാണ് ഈ ബിൽ എന്ന് ആക്ഷേപിക്കുന്നവർ മനസ്സിലാക്കണം. താഴെ പറയുന്ന ലക്ഷ്യപ്രാപ്തിക്ക് സുപ്രീം കോടതി വിധി മറികടക്കേണ്ടത് ആവശ്യമാണ്. എന്നാൽ 50 ശതമാനം മാനേജ്മെന്റ് കോട്ട, ബാക്കി 50 ശതമാനം സർക്കാർ കോട്ട. സുപ്രീം കോടതി വിധിപ്രകാരം പ്രാദേശികമായ ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാർ ഓരോ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലും ഒരു നിശ്ചിത ശതമാനം മാനേജ്മെന്റ് കോട്ടയായും ബാക്കിയുള്ളത് ഗവൺമെന്റ് കോട്ടയായും നിജപ്പെടുത്തണമെന്നതാണ്. അത് മറി കടക്കണ്ടേ? നമ്മൾ തീരുമാനിച്ചത് 50 ശതമാനം മെറിറ്റ് കോട്ടയാണ്. സുപ്രീം കോടതി വിധി ഇങ്ങനെ നിലനിൽക്കുമ്പോൾ പ്രാദേശികമായ പരിഗണന കൊടുത്തു എന്ന് നമുക്ക് വിവക്ഷിക്കാൻ സാധിക്കും. അതുകൊണ്ട് 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ ആവർത്തിച്ച് പറയുന്നു. അതുപോലെ 50 ശതമാനം സർക്കാർ കോട്ടയിൽ സർക്കാർ ഫീസും ബാക്കിയുള്ള മാനേജ്മെന്റ് കോട്ടയിൽ വ്യത്യസ്ത ഫീസും തീരുമാനിക്കപ്പെടുമ്പോൾ ക്രോസ്സ് സബ്സിഡി ഒരു കാരണവശാലും സമ്മതിക്കില്ല എന്ന് പറഞ്ഞു. ക്രോസ്സ് സബ്സിഡി ഉണ്ടാകാൻ പാടില്ല എന്ന സുപ്രീം കോടതിയുടെ നിരവധി ജഡ്ജ്മെന്റുകളുണ്ട്. ആ വിധി മറി കടക്കണ്ടേ? അതിനും ഇത് 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണം. അതുപോലെ സുപ്രീം കോടതി വിധി പ്രകാരം വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്യുമ്പോൾ അവരിൽ നിന്ന് ഒരു ന്യായമായ ഫീസ് ഈടാക്കാനുള്ള അവകാശം വിദ്യാഭ്യാസ സ്ഥാപനം നടത്തുന്ന ഓരോ പൗരന്റേയും ന്യൂനപക്ഷ സമുദായത്തിന്റേയും മൗലികാവകാശമാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ 50 ശതമാനം സീറ്റുകൾ സർക്കാർ കോട്ടയിൽ നൽകണമെന്നും ഈ കോട്ടയിൽ വരുന്ന വിദ്യാർത്ഥികളിൽ നിന്ന് സർക്കാർ നിജപ്പെടുത്തിയ ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നത് പ്രസ്തുത മൗലികാവകാശ ലംഘനമാണ്. അത് ഭരണഘടനയുടെ 9-ാം പട്ടികയിൽ ചേർത്താൽ മാത്രമേ ഇത് മറികടക്കാൻ സാധിക്കുകയുള്ളൂ. ഈ കാരണങ്ങൾ കൊണ്ടും ഭരണഘടനയുടെ 9-ാം പട്ടികയിൽ ചേർക്കണം. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒരുപാട് വിശദീകരിച്ച് പറയുന്നില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു ചർച്ച ഇവിടെ നടന്നു കഴിഞ്ഞു. പത്രത്തിൽ വരികയാണ്. ഇന്നലത്തെ മനോരമ പത്രത്തിൽ ഒരു സർവ്വേ ഉണ്ട്. ആ സർവ്വേ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ ഡിപ്പാർട്ടുമെന്റിൽ ഏതു വകുപ്പിനെക്കുറിച്ചും ഏത് വിഷയത്തെക്കുറിച്ചും സത്യസന്ധമായി റിപ്പോർട്ട് ചെയ്യണം. ആ സർവ്വേ ഒരു പാട് കാര്യങ്ങൾ പറഞ്ഞു. ആ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായി അന്വേഷിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചാൽ വിജിലൻസ് അന്വേഷണം നടത്താനാണ് ഞാൻ തീരുമാനിച്ചിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് അഴിമതി കൂടിയതാണെന്ന് പറയുന്നത് നിർത്തണം. നിർത്താൻ ഉത്തരവാദപ്പെട്ട ആളെന്ന നിലയിൽ ഞാൻ ബാധ്യസ്ഥനാണ്. അതുകൂടി ഈ സമയത്ത് ഓർമ്മിപ്പിക്കുകയാണ്. ഇന്ന് രണ്ടു കാര്യത്തിലാണ് പ്രധാനമായും തർക്കമുള്ളത്. കൺസോർഷ്യം മാനേജ്മെന്റ് സീറ്റിൽ 50 ശതമാനം എന്നു പറഞ്ഞു. അത് സമ്മതിച്ചു. മാനേജ്മെന്റ് സീറ്റിൽ എങ്ങനെ പ്രവേശനം നടത്തും? അതിനൊരു കമ്മിറ്റി വേണോ അതോ മാനേജ്മെന്റിന്റെ ഇഷ്ടം പോലെ നടത്താമോ അതാണ് പ്രശ്നം. അതേപ്പറ്റി ഞാൻ വ്യക്തമായി സൂചിപ്പിച്ചു. സ്വാശ്രയ മെഡിക്കൽ കോളേജും എൻജിനീയറിംഗ് കോളേജുമായാൽ അവർക്ക് ഫ്ളെക്സിബിലിറ്റി വേണം.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഫ്ളെക്സിബിലിറ്റി കൊടുത്താൽ അവർ ദുരുപയോഗം ചെയ്യുമെന്നാണ്. ആ ഒരു സംശയം നമുക്ക് അക്കാര്യത്തിലുണ്ട്. ഏതായാലും ഇക്കാര്യത്തിൽ സബ്ജക്ട് കമ്മിറ്റി ഇന്നും വേണ്ടി വന്നാൽ നാളെയും യോഗം ചേരാം. സബ്ജക്ട് കമ്മിറ്റിയിൽ വച്ച് വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കാം എന്നേ പറയുന്നുള്ളു. കൺസോർഷ്യം എൻട്രൻസ് പരീക്ഷ ഒഴിവാക്കണം. മൊത്തത്തിൽ പറഞ്ഞാൽ എല്ലാ മാനേജ്മെന്റ് സീറ്റുകളിലേയും കുട്ടികളുടെ പ്രവേശനം എൻട്രൻസ് പരീക്ഷയിൽ നിന്നാകാം എന്ന വാദം നമ്മൾ നേരത്തെ തീരുമാനിച്ചപ്രകാരം അംഗീകരിക്കാൻ പറ്റില്ല. ഏതായാലും അതും നമുക്ക് ചർച്ച ചെയ്യാം. അനിയന്ത്രിതമായ ഫീസിനെ കുറിച്ചും ഇപ്പോൾ തർക്കമുണ്ട്. ഫീസ് ഘടനയെ സംബന്ധിച്ച് വ്യക്തമായി നിയമത്തിലുണ്ട്. സർക്കാർ കോട്ടയിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് സർക്കാർ കോളേജിലെ ഫീസ് തന്നെ ആയിരിക്കും. മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം നേടുന്ന കുട്ടികളുടെ ഫീസ് സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ ഒഴിവാക്കാനാവാത്ത ചെലവുകളുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് ഫിക്സ് ചെയ്യും. അവിടെയാണ് പ്രശ്നം. നമുക്കത് സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ ആലോചിക്കാം. മാനേജ്മെന്റ് എന്നു പറഞ്ഞാൽ അവർ 50 ശതമാനം സീറ്റ് നമുക്ക് തരികയാണ്.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഇന്നലെ പ്രഖ്യാപിച്ച മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ്—അത് നിയമത്തിലുണ്ട്. ഇന്നലെ ഉത്തരവിറക്കി. ആ ഉത്തരവ് 2002-2003 വർഷം ചേർന്ന കുട്ടികൾക്ക് ബാധകമാക്കിയിട്ടില്ല. ആ കുട്ടികൾക്കു കൂടി ബാധകമാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. നാലകത്ത് സൂപ്പി: ഞാൻ പറഞ്ഞത് കഴിഞ്ഞ കൊല്ലം കൊടുത്ത ഫീസാണ്. ആരെങ്കിലും ഫീസ് വാങ്ങിയിട്ടുണ്ടെങ്കിൽ തിരിച്ചുകൊടുക്കാനാണ് പറഞ്ഞത്. കഴിഞ്ഞ കൊല്ലം മാനേജ്മെന്റുകൾ വാങ്ങിയ ഫീസ് ഇക്കൊല്ലം തിരിച്ചുകൊടുക്കണമെന്നാണ് പറഞ്ഞത്. പ്രോഫിറ്റീയറിംഗ് മാറിയില്ല എന്നു പറഞ്ഞു. ലാഭേച്ഛ കൂടാതെ ഫീസ് നിർണ്ണയിക്കണം. ഈവക കാര്യങ്ങളെ സംബന്ധിച്ച് വിശദമായി സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. കമ്മിറ്റിയിൽ യോചിച്ച അഭിപ്രായമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ പാസ്സാക്കിയാൽ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ സർവ്വാത്മനാ പിന്തുണയുണ്ടാകണം എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

Shri Mathai Chacko: No.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendment moved by Shri Mathai Chacko is, by leave, withdrawn.

Shri K. C. Joseph Do you press your amendment?

Shri K. C. Joseph: No.

Mr. Speaker: The amendment moved by Shri K. C. Joseph is, by leave, withdrawn.

2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ സോഷ്യൽ സർവ്വീസസിനെ സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ മാസം ഒന്നാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.43-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly